# പ്രതിഭാവം

രണ്ടാം ഓണപ്പതിപ്പ് 2026

## മൃഗം - മനുഷ്യൻ - മെയ്യെഴുത്ത്:
### തൃശ്ശൂർ പുലിക്കളിയുടെ ചരിത്രപരിണാമം

സതീഷ് കളത്തിൽ



**പുസ്തകം**

ക്യാമറ പേനയായ കാലം
(ചലച്ചിത്രനിരൂപണം)
പി. കെ. ഗണേശൻ

**പുസ്തക വിചാരം**

ഒറ്റയുടെ ഓരങ്ങൾ: അലീഷ അഷ്റഫ്
'ഒറ്റ' കവിതാ സമാഹാരം:
നിഥിൻകുമാർ ജെ

**തമിഴ് കവിത**

സേവൽ (ചേവല്): സൗമ്യ
വിവർത്തനം: പൂവൻകോഴി
കൊന്നമൂട് വിജു

എം. ഗോകുൽദാസ്
ജയശ്രീ പള്ളിക്കൽ
അഷ്റഫ് കാളത്തോട്
നിമ്യ ആശിസ്
വൈശാഖ് തൃപ്രയാർ
അഭിതാ സുഭാഷ്
നസീറ അബ്ദുൽ മജീദ്

സുശോഭൻ സോനു റോയ് / സതീഷ് കളത്തിൽ

**സ്പെഷ്യൽ സ്റ്റോറി**

## സുശോഭൻ സോനു റോയ്: ബംഗാളി സിനിമയുടെ പുതിയ മുഖം


Saptaki
Timeless Jewellery
FOR YOUR EVERYDAY TRADITIONS
SHOP NOW →
saptaki.com

# ഉള്ളടക്കം




04 സുശോഭൻ സോനു റോയ്: ബംഗാളി സിനിമയുടെ നാളത്തെ മുഖം
- സതീഷ് കളത്തിൽ

**കവിത**

08 പോരുന്നോ കൂടെ, പൂക്കളം കണ്ടു നടക്കാൻ
- സതീഷ് കളത്തിൽ

10 നദിക്കരയിലെ വൃക്ഷം
- എം. ഗോകുൽദാസ്

12 ഡീസന്റ് മുക്ക്
- ജയശ്രീ പള്ളിക്കൽ

14 ഉള്ളിലെ ഭൂകമ്പം
- നിമ്യ ആശിസ്

**തമിഴ് കവിത**

16 സേവൽ
- സൗമ്യ

**വിവർത്തന കവിത**

17 പൂവൻകോഴി
- കൊന്നമൂട് വിജു

**ചെറുകഥ**

18 നിഴൽയുദ്ധം
- അഷ്‌റഫ് കാളത്തോട്

20 ഒരു നട്ടുച്ചനേരത്ത് ആ ബുക്ക് സ്റ്റാളിൽ നടന്നത്
- സതീഷ് കളത്തിൽ

42 ഒരു ഹാജർ മറിമായം (ബാലസാഹിത്യം)
- നസീറ അബ്ദുൽ മജീദ്

**പുസ്തകം**

26 ക്യാമറ പേനയായ കാലം: (ചലച്ചിത്രനിരൂപണം)
ഗ്രന്ഥകർത്താവ്: പി. കെ. ഗണേശൻ

**പുസ്തകം വിചാരം**

28 ഒറ്റയുടെ ഓരങ്ങൾ
- അലീഷ അഷ്‌റഫ്
'ഒറ്റ' കവിതാ സമാഹാരം: നിഥിൻകുമാർ ജെ

**പ്രവാസി ഓണമനസ്**

30 വേറിട്ടൊരോണം
- വൈശാഖ് തൃപ്രയാർ

**അച്ഛനോർമ്മ**

32 അച്ഛൻ വിടപറഞ്ഞു പോയ ദിവസം
- അഭിതാ സുഭാഷ്

**കാർട്ടൂൺ**

43 മാവേലിക്ക് സ്നേഹപൂർവ്വം കാറ്ററിംഗ് തിരുവോണസദ്യ
- കുഞ്ഞമ്മാവൻ

മൃഗം - മനുഷ്യൻ - മെയ്യെഴുത്ത്: തൃശ്ശൂർ പുലിക്കളിയുടെ ചരിത്രപരിണാമം
സതീഷ് കളത്തിൽ
34





എഡിറ്റർ: സതീഷ് കളത്തിൽ
അസോ. എഡിറ്റർ: വിസ്മയ കെ. ജി.
സബ് എഡിറ്റർ: നിവേദ ശിവകുമാർ
എക്സിക്യൂട്ടിവ് എഡിറ്റർ: അഖിൽ കൃഷ്ണ
ചീഫ് അഡ്മിനിസ്ട്രേറ്റർ: നവിൻ കൃഷ്ണ
editor@prathibhavam.com, prathibhavam2025@gamil.com
Web: prathibhavam.com
ഡിസൈൻ: ക്രിസ് സൊല്യൂഷൻസ്
ഇല്ലുസ്ട്രേഷൻ(ഐഐ) : സൂര്യ
A non- paid circulation of Kriz solutions

# ഓൺലൈൻ അഭിമുഖം സുശോഭൻ സോനു റോയ്



## സതീഷ് കളത്തിൽ



ഇരുട്ടിനും വെളിച്ചത്തിനും ഇടയിലൂടെ ഒരു കൊച്ചുകുട്ടി പതിയെ തന്റെ യാത്ര തുടങ്ങിയതാണ്. ധാരാളം കളിക്കൂട്ടുകാരെയും സ്വന്തം കളിച്ചിരികളെയും സങ്കടത്തോടെ പിന്നിലാക്കി, അസമിലെ ഗുവാഹത്തിയിൽ നിന്ന് കൊൽക്കത്തയിലേക്കും അവിടെനിന്ന് ബംഗാളിന്റെ ഗ്രാമപാതകളും നഗരവീഥികളും പിന്നിട്ട് ആ യാത്ര ഇന്നും തുടരുകയാണ്. ഏകാന്ത ബാല്യത്തിന്റെ നിസ്സഹായതയിൽനിന്ന് ആത്മവിശ്വാസം നിറഞ്ഞ യുവഅഭിനേതാവിന്റെ ഗരിമയിലേക്കുള്ള ഒരു യാത്ര. ആ യാത്രയുടെ പേരാണ് 'സുശോഭൻ സോനു റോയ്'.

ഓണം 2026

# ബംഗാളി സിനിമയുടെ നാളത്തെ മുഖം...



ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്കുള്ള യാത്രയാണ് സുശോഭൻ സോനു റോയിയുടെ ജീവിതം. ബാല്യത്തിൽ നേരിട്ട കനത്ത പ്രതിസന്ധികളോട് പൊരുതി, അമ്മയുടെ നിശ്ചയദാർഢ്യത്തിന്റെ പിൻബലത്തിൽ നൃത്തത്തിലൂടെയും മോഡലിംഗിലൂടെയും ബംഗാളി ടെലിവിഷൻ ലോകത്ത് സ്വന്തമായി ഇടംകണ്ടെത്തിയ കലാകാരൻ. 'ആനന്ദമോയി മാ', 'മോഹോർ', 'തിത്‌ലി' തുടങ്ങിയ ജനപ്രിയ പരമ്പരകളിലൂടെ ശ്രദ്ധേയനായ സുശോഭൻ, സൗമ്യജിത് ആദക് സംവിധാനം ചെയ്യുന്ന 'ടേക്ക് കേർ ഭലോബാസ' എന്ന ചിത്രത്തിലെ 'ജോയ്' എന്ന കേന്ദ്രകഥാപാത്രത്തിലൂടെ ഇപ്പോൾ വെള്ളിത്തിരയിലേക്കും ചുവടുവെക്കുകയാണ്. തന്റെ ജീവിതത്തെക്കുറിച്ചും അഭിനയമോഹങ്ങളെക്കുറിച്ചും സുശോഭൻ സംസാരിക്കുന്നു.

**പ്രതിസന്ധികൾ നിറഞ്ഞ ബാല്യത്തിൽനിന്ന് ഇന്നത്തെ അഭിനേതാവിലേക്കുള്ള യാത്രയെ എങ്ങനെ നോക്കിക്കാണുന്നു?**

അസമിലെ ഗുവാഹത്തിയിലും കൊൽക്കത്തയിലുമായിട്ടായിരുന്നു എന്റെ ബാല്യം. മൂന്നര വയസ്സുള്ളപ്പോഴാണ് ഒരു വാഹനാപകടത്തിന്റെ രൂപത്തിൽ അച്ഛൻ സനത് കുമാർ ഞങ്ങളെ വിട്ടുപോകുന്നത്. കേന്ദ്ര സർക്കാരിന്റെ ആണവോർജ്ജ വകുപ്പിന് (DAE) കീഴിലുള്ള VECCയിലെ ഉദ്യോഗസ്ഥനായിരുന്നു അച്ഛൻ. അച്ഛന്റെ വേർപാട് ജീവിതത്തിൽ വലിയൊരു ഇരുട്ടാണ് സമ്മാനിച്ചത്. പിന്നീട് അമ്മ അനിതയുടെ നിശ്ചയദാർഢ്യമാണ് എന്നെ മുന്നോട്ട് നയിച്ചത്. ഒരു തുണിക്കടയിൽ ജോലി ചെയ്താണ് അമ്മ എന്നെ വളർത്തിയത്. അമ്മയുടെ എല്ലാ പ്രതീക്ഷയും എന്നിലാണ്. ഞാൻ മാത്രമാണ് അമ്മയ്ക്കുള്ളത്. അതേസമയം, എന്റെ കരിയറും ഭാവിയും ജീവിതവും തുടങ്ങി എന്റെ എല്ലാ ഇഷ്ടാനിഷ്ടങ്ങളും തിരഞ്ഞെടുക്കാനുള്ള പൂർണ്ണസ്വാതന്ത്ര്യവും ചെറുപ്പം മുതലേ അമ്മ എനിക്കു തന്നിരുന്നു. അമ്മയുടെ ആ ഒരു പ്രോത്സാഹനമാണ് ഒരുപാട് വെല്ലുവിളികൾ നിറഞ്ഞ ഈ മേഖലതന്നെ തിരഞ്ഞെടുക്കാൻ എനിക്ക് ധൈര്യം തന്നത്.

**കൊമേഴ്സ് ബിരുദധാരിയായ താങ്കൾ എങ്ങനെയാണ് കലയുടെ ലോകത്തേക്ക് എത്തിയത്?**

ദം ദം മോട്ടിജീൽ കോളേജിൽ നിന്ന് ബിരുദം നേടി പുറത്തിറങ്ങുമ്പോൾ, മറ്റു ബിരുദധാരികളെപോലെ ആദ്യം എന്തെങ്കിലും ഒരു ജോലി എന്നതായിരുന്നു എന്റെയും ലക്ഷ്യം. അമ്മയുടെ കഷ്ടപ്പാടുകൾക്ക് ഒരു അവസാനം ഉണ്ടാകണമല്ലോ... പക്ഷെ, അപ്പോഴും അമ്മയാണ് എന്നെ കലാ ലോകത്തേക്ക് എത്താൻ പ്രോത്സാഹിപ്പിച്ചത്. അതിനു പ്രധാന കാരണം, വെസ്റ്റേൺ പോപ്പ് ഡാൻസിനോടുള്ള എന്റെ അടുപ്പമായിരുന്നു. സ്കൂൾ കാലം തൊട്ടേ അതിൽ ഒരുപാട് കഴിവ് തെളിയിച്ചിട്ടുണ്ട്. പിന്നീട്, ഇന്ത്യൻ ക്ലാസിക്കൽ ഡാൻസും പഠിച്ചു. അങ്ങനെ, വെസ്റ്റേണും ഇന്ത്യനും ഒരുപോലെ എനിക്ക് വഴങ്ങി. അതിനിടെ, നിരവധി വേദികളിലും ഡാൻസ് ട്രൂപ്പുകളിലും പ്രവർത്തിച്ചുപോന്നു. ഞാനൊരു അറിയപ്പെടുന്ന ഡാൻസറാകും എന്നായിരുന്നു അമ്മയുടെ പ്രതീക്ഷ. ഇതിനിടയിലാണ്, എനിക്ക് അഭിനയത്തോടും താൽപ്പര്യമുണ്ടാകുന്നത്. പിന്നീട്, അതിനുള്ള ശ്രമങ്ങളായി.

**അഭിനയത്തിലേക്കുള്ള ചുവടു മാറ്റം എങ്ങനെയായിരുന്നു?**

നൃത്തത്തിൽ നിന്നും ആദ്യത്തെ ചുവടു മാറ്റം നടന്നത് മോഡലിംഗിലേക്കാണ്. മോഡലിംഗിൽ ഡാബർ, ടൈറ്റൻ ഐ+, ആമസോൺ തുടങ്ങി നിരവധി മുൻനിര ബ്രാൻഡുകൾക്കൊപ്പം പ്രവർത്തിക്കാൻ കഴിഞ്ഞു. 'എത്‌നിക് എലിഗൻസ് 2025' മത്സരത്തിൽ ഒന്നാം റണ്ണർ-അപ്പ് ആകാനും സാധിച്ചു. അതേസമയം, അഭിനയരംഗത്ത് എത്തിപ്പെടുക എന്നത് അത്ര എളുപ്പമായിരുന്നില്ല. കാര്യമായ സാമ്പത്തികശേഷിയോ കലാപരമായ കുടുംബപശ്ചാത്തലമോ ഇല്ലാത്ത ഒരാൾക്ക് നേരിടേണ്ടി വരുന്ന എല്ലാ പ്രയാസങ്ങളും അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. പക്ഷെ, ഞാൻ പിന്തിരിഞ്ഞില്ല. നിരന്തരമായ ഒരുപാട് നിരസിക്കപ്പെടലുകൾക്ക് ശേഷം, സംവിധായകൻ പിയൂഷ് സാഹയുടെ അഭിനയക്കളരിയിൽ രണ്ട് വർഷത്തോളം പരിശീലനം നേടാൻ സാധിച്ചു. അതാണ് അഭിനയ ജീവിതത്തിലെ വഴിത്തിരിവായത്.

**മിനിസ്ക്രീനിലെ തുടക്കം എങ്ങനെയായിരുന്നു?**

2019ൽ 'ആനന്ദമോയി മാ' എന്ന പരമ്പരയിലെ ഒരു വൈഷ്ണവ ഭക്തന്റെ വേഷത്തിലൂടെയാണ് തുടക്കം. അതൊരു ചെറിയ വേഷമായിരുന്നു. പക്ഷെ, അത് ശ്രദ്ധിക്കപ്പെട്ടു. അതിനെ തുടർന്ന് മിനിസ്ക്രീനിൽ ധാരാളം അവസരങ്ങൾ ലഭിച്ചു. പിന്നീട്, സ്റ്റാർ ജൽഷയിലെ 'കോറ പാഖി', 'മോഹോർ', 'തിത്‌ലി', 'ജമുന ഢാകി', 'ഖേലാഘോർ' തുടങ്ങിയ പരമ്പരകളിൽ വ്യത്യസ്ത കഥാപാത്രങ്ങൾ ചെയ്യാൻ കഴിഞ്ഞു. ഈ വേഷങ്ങളാണ് ബംഗാളി പ്രേക്ഷകർക്കിടയിൽ എനിക്ക് ഒരു മേൽവിലാസം ഉണ്ടാക്കിത്തന്നത്.

**ഇപ്പോൾ, മിനി സ്ക്രീനിൽ നിന്നും ബിഗ് സ്ക്രീനിലേക്ക് എത്തിയിരിക്കുകയാണല്ലോ? റിലീസിംഗിന് ഒരുങ്ങുന്ന 'ടേക്ക് കേർ ഭലോബാസ' എന്ന ചിത്രത്തിലെ വേഷം പ്രതീക്ഷ നല്കുന്നതാണോ?**

തീർച്ചയായും. ചിത്രത്തിന്റെ പ്രിവ്യൂ കഴിഞ്ഞപ്പോൾ ബിഗ് സ്ക്രീനിലും എനിക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമെന്ന് തോന്നി. തന്നെയുമല്ല, ചിത്രത്തെ കുറിച്ച് എഴുതിയ മീഡിയകൾ പ്രധാനമായും എടുത്തു പറഞ്ഞ കഥാപാത്രം ഞാൻ ചെയ്തതായിരുന്നു. നാല് കൂട്ടുകാരുടെ ബന്ധത്തിന്റെയും പ്രണയത്തിന്റെയും അതിജീവനത്തിന്റെയും കഥ പറയുന്ന ചിത്രമാണിത്. അതിൽ, ആ നാല് സുഹൃത്തുക്കളുടെ വൈകാരിക സംഘർഷങ്ങൾക്ക് പരിഹാരം കാണുന്ന 'ജോയ്' എന്ന കഥാപാത്രത്തെയാണ് ഞാൻ അവതരിപ്പിച്ചത്. സ്വന്തം ജീവിതത്തിൽ നേരിടേണ്ടി വന്ന വൈകാരികതലങ്ങൾ ഉള്ളിൽ കിടക്കുന്നതുകൊണ്ടാകാം, ആ കഥാപാത്രത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ എനിക്ക് എളുപ്പമായിരുന്നു. സൗമ്യജിത് ആദക് ആണ് ചിത്രം സംവിധാനം ചെയ്തിരിക്കുന്നത്.

ഇതൊരു ബിഗ് ബഡ്ജറ്റ് ചിത്രമല്ല. പക്ഷെ, ഇതിൽ പ്രവർത്തിച്ചവരെല്ലാം ഈ മേഖലയിൽ വളരെ പരിചയസമ്പന്നരാണ്. ബംഗാളി സിനിമയിലും ടെലിവിഷൻ രംഗത്തും ഇപ്പോൾ തിളങ്ങി നിൽക്കുന്ന സോളങ്കി റോയ്, സൗമ്യ മുക്കർജി, രാഹുൽ മജുംദാർ, ശ്രീമ ഭട്ടാചാര്യ എന്നിവരാണ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. ഇവർക്കൊപ്പം എന്റെ ആദ്യത്തെ സിനിമ ചെയ്യാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്.

**ഏറ്റവും ഇഷ്ടപ്പെട്ട പഴയ ബംഗാളി സിനിമ ഏതാണ്?**

പഴയ ബംഗാളി സിനിമകളിൽ എനിക്ക് ഏറെ പ്രിയപ്പെട്ടവയായി ഒന്നിലേറെ ചിത്രങ്ങളുണ്ട്. അതുകൊണ്ടുതന്നെ അതിലൊന്നിനെ മാത്രമായി 'എന്റെ ഫേവറിറ്റ്' എന്ന് എടുത്തുപറയുക അല്പം ബുദ്ധിമുട്ടാണ്. ബംഗാളി സിനിമകൾ കണ്ടുകൊണ്ടാണ് ഞാൻ വളർന്നത്. ആ സിനിമകളും അതിലെ അഭിനേതാക്കളുടെ പ്രകടനങ്ങളും ഇന്നും മനസ്സിനോട് ചേർന്നുനിൽക്കുന്നു. ഓരോ സിനിമയ്ക്കും അതിന്റേതായ തനിമയുണ്ട്; ബംഗാളി സിനിമയുടെ സമ്പന്നമായ ആ പാരമ്പര്യത്തെയും പെരുമയെയും അവ നമ്മളെ ഓർമ്മിപ്പിച്ചുകൊണ്ടേയിരിക്കും.

**ഏറ്റവും ഇഷ്ടപ്പെട്ട ബംഗാളി നടൻ ആരാണ്?**

ബംഗാളി സിനിമയിൽ എനിക്ക് എന്നും പ്രിയപ്പെട്ട രണ്ട് താരങ്ങളാണ് മിഥുൻ ചക്രവർത്തിയും പ്രസൻജിത് ചാറ്റർജിയും. ചെറുപ്പം മുതലേ ഇവരുടെ സിനിമകൾ കണ്ടാണ് ഞാൻ വളർന്നത്. അതുകൊണ്ടുതന്നെ ഇവരുടെ വേഷങ്ങളോട് എനിക്കൊരു പ്രത്യേക ആത്മബന്ധമുണ്ട്. വെല്ലുവിളികൾ നിറഞ്ഞ ഏത് കഥാപാത്രത്തെയും തങ്ങളുടേതായ ശൈലിയിൽ മാറ്റിയെടുക്കാനുള്ള ഇവരുടെ അഭിനയപാടവവും സ്ക്രീൻ സാന്നിധ്യവും എന്നെ എന്നും അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ഒരു അഭിനേതാവെന്ന നിലയിൽ ഇവരുടെ സിനിമാജീവിതം എനിക്ക് വലിയൊരു പ്രചോദനമാണ്.



മിഥുൻ ചക്രവർത്തി - പ്രസൻജിത് ചാറ്റർജി

**കേരളത്തിലെ തിയേറ്ററുകളിൽ ബംഗാളി സിനിമകൾ സാധാരണയായി എത്താറില്ലെങ്കിലും, ഇവിടെ നടക്കുന്ന രാജ്യാന്തര ഫിലിം ഫെസ്റ്റിവലുകളിൽ (IFFK പോലുള്ളവ) ബംഗാളി സിനിമകൾക്ക് വൻ സ്വീകാര്യത ലഭിക്കാറുണ്ട്. താങ്കളുടെ കാഴ്ചപ്പാടിൽ, ബംഗാളി സിനിമകളോട് മലയാളി പ്രേക്ഷകർക്കുള്ള ഈ താല്പര്യത്തിന്റെ രഹസ്യം എന്തായിരിക്കും?**

ഭാഷ ഏതായാലും നല്ല സിനിമകളെ നെഞ്ചേറ്റുന്നവരാണ് മലയാളി പ്രേക്ഷകർ. ബംഗാളി സിനിമയ്ക്ക് എന്നും ശക്തമായ കഥപറച്ചിലിന്റെ പാരമ്പര്യമുണ്ട്. ഇന്ത്യൻ സിനിമയിൽത്തന്നെ അതിന്റേതായ ഒരു അടയാളം എന്നും ഞങ്ങൾക്കുണ്ട്. കേരളത്തിൽ ബംഗാളി സിനിമകൾ വാണിജ്യാടിസ്ഥാനത്തിൽ റിലീസ് ചെയ്യുന്നില്ലെങ്കിൽപ്പോലും, ഫിലിം ഫെസ്റ്റിവലുകളിൽ അവ ആവേശത്തോടെ സ്വീകരിക്കപ്പെടുന്നു എന്നത് മലയാളികളുടെ സിനിമാഭിരുചിയെയാണ് കാണിക്കുന്നത്. ബംഗാളി സിനിമകൾ കൂടുതൽ തിയേറ്ററുകളിലൂടെയോ മറ്റു പ്ലാറ്റ്ഫോമുകളിലൂടെയോ മലയാളികൾക്ക് മുന്നിലേക്ക് എത്തിയാൽ ഈ സ്വീകാര്യതയും താല്പര്യവും ഇനിയും ഒരുപാട് വർധിക്കും എന്ന് എനിക്ക് തോന്നുന്നു.

**മലയാള സിനിമകൾ കാണാറുണ്ടോ? ഭാഷ ഒരു തടസ്സമായി തോന്നിയിട്ടുണ്ടോ?**

തീർച്ചയായും, ഞാൻ മലയാള സിനിമകളുടെ വലിയ ആരാധകനാണ്. ബംഗ്ലാ പോലെ, മലയാള സിനിമകളുടെ സ്വാഭാവികമായ കഥപറച്ചിലും യാഥാർത്ഥ്യത്തോടു ചേർന്നുനിൽക്കുന്ന കഥാപാത്രങ്ങളും എന്നെ എന്നും ആകർഷിച്ചിട്ടുണ്ട്. പ്രകൃതിദത്തമായ അഭിനയശൈലിയാണ് മലയാളത്തിലേത്. അത് ആസ്വദിക്കാൻ ഭാഷ ഒരു തടസ്സമല്ല. ഈ അടുത്ത കാലത്ത് ഞാൻ കണ്ട 'ആവേശം', 'മാർക്കോ', അതുപോലെ 'ലോക' തുടങ്ങിയ സിനിമകളൊക്കെ എനിക്ക് ഒരുപാട് ഇഷ്ടമായി. ഇനിയും ഒരുപാട് മലയാള സിനിമകൾ കണ്ടുതീർക്കാനുണ്ട് എന്നൊരു ഫീൽ നിൽക്കുന്നു.



**അമ്മ അനിതയ്ക്കൊപ്പം സുശോഭൻ**

**കേരളത്തിന്റെ ദേശീയോത്സവമായ ഓണത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്?**

കൊൽക്കത്തയിലും പശ്ചിമ ബംഗാളിന്റെ മറ്റു ഭാഗങ്ങളിലുമുള്ള മലയാളി സംഘടനകൾ വർഷങ്ങളായി ഓണാഘോഷങ്ങൾ സംഘടിപ്പിക്കാറുണ്ട്. നിർഭാഗ്യവശാൽ ഇതുവരെ നേരിട്ടൊരു ആഘോഷത്തിൽ പങ്കാളിയാകാൻ എനിക്ക് സാധിച്ചിട്ടില്ല. മുൻപ് പത്രങ്ങളിലും ടിവിയിലും ഇതിനെക്കുറിച്ചുള്ള വാർത്തകൾ കാണാറുണ്ടായിരുന്നെങ്കിലും അത്ര ശ്രദ്ധിച്ചിരുന്നില്ല. എന്നാൽ ഇന്ന് സോഷ്യൽ മീഡിയ സജീവമായതോടെ ഓണത്തിന്റെ ചിത്രങ്ങളും വീഡിയോകളും നിരന്തരം കാണാറുണ്ട്. അതുകൊണ്ടുതന്നെ ഇപ്പോൾ ഞാനും ഒരു വലിയ ഓണം ഫാനാണ്. നിങ്ങളെപ്പോലെ ഞാനും ഇന്ന് ഓണത്തെ ഒരുപാട് ഇഷ്ടപ്പെടുന്നു. ലോകത്തിന്റെ പല കോണുകളിൽ ചിതറിക്കിടക്കുന്ന ഒരു വലിയ കുടുംബത്തിലെ അംഗങ്ങളെല്ലാം ഒരു പ്രത്യേക ദിവസം ഒത്തുചേർന്ന് ആഘോഷിക്കുന്നതിന്റെ ഒരു സന്തോഷമുണ്ട് ഓണത്തിന്; അതുകൊണ്ടു തന്നെ, മറ്റു പല ഉത്തരേന്ത്യൻ ആഘോഷങ്ങളിൽ നിന്നും ഓണം വേറിട്ടുനില്ക്കുന്നതായി തോന്നിയിട്ടുണ്ട്. മുൻപ് കേട്ടറിഞ്ഞതിനേക്കാൾ ഇന്ന് സോഷ്യൽ മീഡിയയിലൂടെ അതിന്റെ ആഘോഷം തൊട്ടറിയാൻ എനിക്ക് സാധിക്കുന്നു.

**ഉത്തരേന്ത്യൻ ആഘോഷങ്ങളിൽ നിന്നും കേരളത്തിലെ ആഘോഷങ്ങൾക്കുള്ള, പ്രത്യേകിച്ചും ഓണത്തിനുള്ള പ്രധാന വ്യത്യാസമായി തോന്നിയത് എന്താണ്?**

ആഘോഷിക്കുന്ന രീതിയിലും പാരമ്പര്യത്തിലുമാണ് പ്രധാന വ്യത്യാസം. ഉത്തരേന്ത്യയിൽ പല ഉത്സവങ്ങളും വർണ്ണങ്ങൾ, ദീപങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, വലിയ ജനക്കൂട്ടങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടാണ് നിൽക്കുന്നത്. എന്നാൽ ഓണം അതിൽനിന്നെല്ലാം വേറിട്ടുനിൽക്കുന്നു; കേരളത്തിന്റെ സമ്പന്നമായ സംസ്കാരവുമായാണ് അത് ചേർന്നുനിൽക്കുന്നത്. പൂക്കളം, ഓണസദ്യ, പരമ്പരാഗത വസ്ത്രധാരണം, കുടുംബങ്ങൾ ഒന്നിച്ചുകൂടുന്ന നിമിഷങ്ങൾ... ഇതൊക്കെയാണ് ഓണത്തെ ഇത്രയും മനോഹരമാക്കുന്നത്.

ഇതിൽ എനിക്ക് ഏറ്റവും പ്രിയപ്പെട്ടതായി തോന്നിയത് 'പൂക്കളം' ഇടുന്നതാണ്. മടുപ്പില്ലാതെ കണ്ടുനിൽക്കാൻ തോന്നുന്ന ഒന്ന്! വത്യസ്തങ്ങളായ പൂക്കൾ കൊണ്ട് അതിരാവിലെ ഒരുക്കുന്ന ഈ 'ഫ്ളവർ രംഗോലി' ലോകത്ത് വേറൊരു ഉത്സവത്തിലും ഉണ്ടെന്ന് തോന്നുന്നില്ല. തങ്ങളുടെ പ്രിയപ്പെട്ട പഴയൊരു രാജാവിനെ സ്വീകരിക്കാനും സന്തോഷിപ്പിക്കാനും വേണ്ടി ദിവസങ്ങളോളം ഇത്തരത്തിൽ പൂക്കളമൊരുക്കുന്നു എന്നത് മലയാളികൾക്ക് ഓണത്തോടുള്ള വൈകാരികമായ അടുപ്പമാണ് വ്യക്തമാക്കുന്നത്.



**സുശോഭന്റെ അമ്മ അനിതയും അച്ഛൻ സനത് കുമാറും (ആൽബം)**

പുതിയ വസ്ത്രങ്ങൾ അണിഞ്ഞ്, എല്ലാവരും ഒന്നിച്ച് ചേർന്നിരുന്ന് സദ്യ കഴിക്കുന്നതിനെക്കുറിച്ചൊക്കെ കേൾക്കുമ്പോൾ ഒരിക്കലെങ്കിലും എനിക്കും ഓണം നേരിട്ട് ആഘോഷിക്കണമെന്ന് തോന്നാറുണ്ട്. ചിലപ്പോൾ അടുത്തൊരു ഓണക്കാലത്ത് അത് സംഭവിച്ചേക്കാം... അത് കേരളത്തിൽ വെച്ചായാൽ എനിക്ക് കൂടുതൽ സന്തോഷം.

[redacted]

**ഓൺലൈൻ വായനയ്ക്ക്:**

കവിത **സതീഷ് കളത്തിൽ**

# പോരുന്നോ കൂടെ, പൂക്കളം കണ്ട് നടക്കാൻ?



പോരുന്നോ കൂടെ,
പൂക്കളം കണ്ട് നടക്കാൻ...

ഒന്നാം ദിനം അത്തം നാൾ,
ആദിത്യന്റെ പൊൻതിരുന്നാൾ;
മഞ്ഞമുത്തുകൾ പൊഴിഞ്ഞു കിടക്കും;
ഒരു നിരയിട്ട പൂക്കളം കാണാം;
സമ്പൽ സമൃദ്ധിയുടെ പൂക്കളം കാണാം.

ചിത്തിരപ്പൂക്കും രണ്ടാം നാൾ,
ചിത്തിരത്തുമ്പികൾ പാറി നടക്കും;
വെൺതളിർ പ്രവാളങ്ങൾ ഈണമിട്ട,
രണ്ട് നിരയിട്ട പൂക്കളം കാണാം.

മൂന്നാം നാൾ,
ചോതിപ്പെണ്ണിന്റെ ചോന്ന ചേലൊത്ത
ഗോമേദകപ്പൂക്കൾ മിന്നും
മൂന്ന് നിരയൊത്ത പൂക്കളം കാണാം.

നാലാം നാളിൽ
പുഷ്പരാഗങ്ങൾ നാലായ് വിരിപ്പിട്ട
വിശാഖപ്പൂക്കളം കാണാം.
അഞ്ചാം നാളിൽ
ഇന്ദ്രനീലപ്പൂക്കൾ അഞ്ചായ് വിരിപ്പിട്ട
അനിഴപ്പൂക്കളം കാണാം.
ആറാം നാളിൽ
മരതകപ്പൂക്കൾ മയങ്ങിക്കിടക്കും
തൃക്കേട്ടപ്പൂക്കളം കാണാം.
ഏഴാം നാളിൽ
വൈഡൂര്യപ്പൂക്കൾ ഇന്ദ്രജാലം കാട്ടും
മൂലപ്പൂക്കളം കാണാം.
എട്ടാം നാളിൽ
കാക്കപ്പൂപ്പാടം നിറഞ്ഞ
പൂരാടപ്പൂക്കളം കാണാം.
ഒമ്പതാം നാളിൽ
മാണിക്യപ്പൂക്കൾ പൂത്തുലഞ്ഞ
ഉത്രാടപ്പൂക്കളം കാണാം.



ഒടുവിലൊടുവിൽ പത്താം നാൾ,
പത്തുനിരയിട്ട പൂക്കളം കാണാം;
മാരിവിൽ മുത്തുകൾ കോർത്ത
തിരുവോണപ്പൂക്കളം കാണാം.

പോരുന്നോ കൂടെ,
ഓണപ്പൂക്കളം കണ്ട് നടക്കാൻ;
തുമ്പപ്പൂക്കളുടെ തൂവെള്ള ചിരി കേൾക്കാൻ!



ഓൺലൈൻ
വായനയ്ക്ക്:

കവിത എം. ഗോകുൽദാസ്



# നദിക്കരയിലെ വൃക്ഷം



നദിക്കരയിലെ ഒരു വൃക്ഷം ചോദിച്ചു,
ഭൂമിയിലെ പ്രണയത്തിന് എത്ര വയസ്സാണ്?
ഒടുവിലത്തെ ഇലയും കൊഴിഞ്ഞുപോയപ്പോൾ
നക്ഷത്രങ്ങൾ ഭൂമിയിലേക്ക് ഇറങ്ങിവന്നു.
നക്ഷത്രങ്ങൾ നദിയോട് പറഞ്ഞു,
പ്രണയവും ചുംബനവും വാടിയ റോസാപ്പൂക്കളല്ല,
പ്രണയത്തിനും ചുംബനത്തിനും വയസ്സാവുകയില്ല.
ആഴമുള്ള ഒഴുക്കിൽ നദി മന്ത്രിച്ചു,
സ്നേഹത്തിന്റെ വേരുകൾ പിളർന്നു പോയെങ്കിലും
പ്രണയം മരിക്കുന്നില്ല.
തോൽപ്പിക്കപ്പെട്ട പ്രണയവും
ആത്മഹത്യ ചെയ്ത വാക്കുകളും
ഒരിക്കൽ കൊടുങ്കാറ്റായി തിരിച്ചുവരും.
അവളുടെ കണ്ണിൽ ഒരു നക്ഷത്രം വിരിഞ്ഞതോടെ,
ഓർമകളുടെ മൃദുലമായ ദളങ്ങളിൽ
ചിത്രശലഭങ്ങൾ വിരുന്നുവന്നു.
രാത്രിയുടെ കണ്ണീരുപോലെ പെയ്ത
വൈകുന്നേരത്തെ മഴയിൽ
ആത്മാവിന്റെ കതകുകൾ ആരോ വലിച്ചടച്ചു.
അനന്തരം, ഏകനായ വൃക്ഷവും
ആഴമറിയാത്ത നദിയും ബാക്കിയായി.
പ്രണയവും ചിത്രശലഭങ്ങളും
ഏകാകിയായ കാറ്റിനോടൊപ്പം പറന്നുപോയി...

ഓൺലൈൻ
വായനയ്ക്ക്:


Surya

കവിത ജയശ്രീ പള്ളിക്കൽ



# സുഹൃത്ത്

വിദേശത്തു നിന്ന്
അയച്ചു തന്ന
ചിത്രത്തിൽ
ചെറുപട്ടണം!
സൊയമ്പൻ സ്ഥലം!
ജന്മങ്ങളിലെ
വിടെയോ
കണ്ട ഒരോർമ്മ!

ഒത്ത നടുവിൽ
പർപ്പിൾ പൂക്കളുള്ള ഒരു മരം
നെഞ്ചു നിവർത്തി നിൽക്കുന്നു.
അത് പക്ഷേ
ഓർമയിൽ
തെളിയുന്നില്ല.
അപരിചിതം,
പരിസരങ്ങൾ.
കൂറ്റൻ
നിർമിതികൾ
ആകാശത്തെ
ലക്ഷ്യം വയ്ക്കുന്നു.

ഇരുവശവും
പുഷ്പ സമൃദ്ധം,
വിടർന്ന റോഡ്.
ഉയർത്തിക്കെട്ടിയ
വീതിയുള്ള
നടപ്പാത.
വല്ലാത്ത ഒരടുക്കും ചിട്ടയും;
കണ്ടു പഠിക്കണം!

എന്തോ ഒരു
ഗൃഹാതുരത...
ഇതെവിടെയായിരിക്കും സ്ഥലം?!

ചുറ്റുപാടുമുള്ള
തെങ്ങുകൾ,
ചിത്രത്തിൽ പെട്ട
കെ എസ് ആർ ടി സി ബസ്...
ഇതൊന്നുമില്ലെങ്കിൽ
മറ്റേതോ നാടെന്ന്
സംശയിക്കാമായിരുന്നു.
എവിടെയായാലും
ഒന്നുപോകണം,
ഒരിക്കലെങ്കിലും...

പക്ഷേ,
എങ്ങനെ
കണ്ടെത്തും?
അല്ലാ...
പാഞ്ഞു പോകുന്ന
ആ സ്കൂട്ടറിന്റെ
പിന്നിൽ പൈലിച്ചേട്ടനല്ലേ..!
അയൽക്കാരനാണ്!
ആ വഴി പോയിട്ടുണ്ടെങ്കിൽ
സ്ഥലം അയാൾക്ക് അറിയാതിരിക്കില്ല.
എങ്കിലും എങ്ങനെ ചോദിക്കും?
അയാളോട്
അങ്ങനെ മിണ്ടാറില്ലല്ലോ...

ചിത്രം
തോട്ടം പണിക്കാരൻ
ആന്റപ്പന്
അയച്ചു കൊടുത്തു,
വിവരമാരായാൻ.
അവർ ബന്ധുക്കളാണ്.
'സാറേ ഇത് നമ്മടെ
മുക്കല്ല്യോ...?
വീട്ടീന്ന് ഒന്നര ഫർലോങ്ങ്
പടിഞ്ഞാറൊള്ള
ഡീസന്റ് മുക്ക്...?

ഓൺലൈൻ
വായനയ്ക്ക്:


ഡീസന്റ് മുക്ക്
TATA
KL 15 4476
KLA 5832
Surya

കവിത | നിമ്യ ആശിസ്

# ഉള്ളിലെ ഭൂകമ്പം



പുറത്ത്:
അവൻ ഒരു സാധാരണ മനുഷ്യൻ;
ചിരിയുടെ ഷർട്ട് ധരിച്ച്
തിരക്കിലൂടെ നടന്നുപോകുന്ന ഒരാൾ.

അകത്ത്:
ആരും കാണാത്തൊരു നഗരം;
ഓരോ തെരുവിലും
പൊളിഞ്ഞുകിടക്കുന്നത്
അവന്റെ മാത്രം ഓർമ്മകൾ.
പറയാതെ വിഴുങ്ങിയ വാക്കുകൾ
നാവിൻ കീഴിലെ കല്ലുകൾ പോലെ,
മൗനത്തിന്റെ ഓരോ നിമിഷത്തിലും
അവ അകത്തേക്ക് വളരുന്നു.

മനസ്സ്:
വരാത്ത ട്രെയിനുകൾ കാത്തിരിക്കുന്ന
പഴയൊരു റെയിൽവേ സ്റ്റേഷൻ;
പ്ലാറ്റ്ഫോമിൽ ഉറങ്ങുന്നത്
കാത്തിരിപ്പുകൾ മാത്രം.
കണ്ണാടിയിൽ
മുഖമല്ല തെളിയുന്നത്;
മാറ്റിവെച്ച ജീവിതത്തിന്റെ
ചോദ്യങ്ങളാണ്.

ഭയം:
കാൽക്കീഴിലെ മണ്ണ്
നിശ്ശബ്ദമായി നീക്കുന്ന
അദൃശ്യമായ കൈ.
പശ്ചാത്താപം:
തിരിച്ചുപോകാനാകാത്ത വഴിയിലെ
പഴയൊരു നാഴികക്കല്ല്;
കടന്നുപോകുമ്പോഴൊക്കെ
ഒരു ചോദ്യം മാത്രം അവശേഷിപ്പിക്കുന്നത്.

അവസാനം:
ജയവും തോൽവിയും ഇല്ല;
തകർന്ന ചുമരിലെ
ചെറിയ വിള്ളലിലൂടെ കടന്നുവരുന്ന
വെളിച്ചം മാത്രം ആശ്വാസം!

**ഓൺലൈൻ വായനയ്ക്ക്:**

கவிதை | சௌமியா



# சேவல்



எங்க வீட்டு கோழிக்கூட்டில்
முட்டைப் போடும் பெட்டைக்கோழிக்கு
சேவல்கோழி
ஏழுமுறை இடம் பார்க்கும்.
முட்டையிட சரியான இடம்பார்த்து
அதில் அமர்ந்து பொட்டை கோழிக்குக் காட்டும்.
அதன் பிறகு பொட்டைக்கோழி வந்து
முட்டையிடும் கூட்டிற்கு வெளியே
நிற்கும் சேவல்கோழி கொக்கரகோவென
சத்தம் போடும்.
அந்த வீட்டின் ஓரத்தில் குழந்தைப் பெற்ற
பொண்ணொருத்தி பால்குடி மாறா
குழந்தையோடு ஏமாற்றிவிட்டு போன
கணவனை வாயில வந்த வார்த்தையெல்லாம்
சொல்லிச் சொல்லி
திட்டிக்கொண்டிருந்தாள்...

ഓൺലൈൻ
വായനയ്ക്ക്:

വിവർത്തനം **കൊന്നമൂട് വിജു**



# പൂവൻകോഴി




ഞങ്ങളുടെ വീട്ടിലെ
കോഴിക്കൂട്ടിൽ
മുട്ടയിടുന്ന പിടക്കോഴിക്കായി
പൂവൻകോഴി
ഏഴു തവണ സ്ഥലം നോക്കും.

മുട്ടയിടാൻ യോജിച്ച സ്ഥലം കണ്ടെത്തി
പിടക്കോഴിക്ക്
അതിൽ ഇരുന്ന് കാണിച്ചുകൊടുക്കും.

അതുകഴിഞ്ഞ് പിടക്കോഴി വന്ന്
മുട്ടയിടുന്ന കൂടിന് പുറത്ത്
കാവൽ നിൽക്കുന്ന പൂവൻകോഴി
'കൊക്കരക്കോ' എന്ന് കൂവും.

ആ സമയം
ഞങ്ങളുടെ വീടിന്നടുത്ത്
ഇരുട്ടുമുറിയിൽ
പെറ്റെണീറ്റ ഒരമ്മ
തന്നെ പറ്റിച്ചുപോയ ഭർത്താവിനെ
വായിൽ തോന്നുന്നതൊക്കെ
വിളിച്ച് പറഞ്ഞ്
പ്രാകികൊണ്ടിരിക്കും.

ഓൺലൈൻ
വായനയ്ക്ക്:

നഗരത്തിന്റെ കലുഷിതമായ തിരക്കുകളിൽ നിന്നകന്ന്, ചതുപ്പുനിലങ്ങളുടെയും നിബിഡമായ കണ്ടൽക്കാടുകളുടെയും അതിർത്തിയിലാണ് ആ പഴയ രണ്ടുനില ബംഗ്ലാവ്. നഗരത്തിൽ നിന്നും അവിടേക്ക് വീശി യടിക്കുന്ന സായാഹ്നക്കാറ്റിന് കടലുപ്പിന്റെയും ചീഞ്ഞളിഞ്ഞ മീനുകളുടെയും ദുഷിച്ച മണമാണ്. സൂര്യൻ കടലിലേക്ക് ചോരയൊഴുക്കി താഴുമ്പോൾ, ആകാശത്തിന് ഭീകരമായ ചുവപ്പുനിറം പടരും.

'സാധു' എന്ന പേര് കേട്ടാൽ പകൽവെളിച്ചത്തിൽപോലും ആ നഗരത്തിന്റെ നെഞ്ചുവിറയ്ക്കുമായിരുന്നു. ക്രിമിനൽ അധോലോകത്തിന്റെ ചക്രവർത്തി. വെടിയുണ്ടകൾ പായുന്ന വഴിയിൽ ദയയെന്ന വാക്ക് കേട്ടിട്ടുപോലുമില്ലാത്ത മനുഷ്യൻ. ചോര കണ്ടാൽ അവൻ കണ്ണടയ്ക്കില്ല. പക്ഷേ, സന്ധ്യ മയങ്ങുന്നതോടെ ഭീമാകാരനായ അവൻ വേറൊരാളായി മാറും.

സാധുവിന് സ്വന്തം മുറി ഒരു തടവറയായിരുന്നു. സന്ധ്യയായാൽ സ്വന്തം മുറിയിലേക്ക് വലിഞ്ഞുകയറി, വാതിലുകളെല്ലാം കട്ടികൂടിയ പൂട്ടുകളിട്ട് പൂട്ടും. മുറിയിൽ പ്രകാശം ഇരച്ചുകയറി നിൽക്കണം; ഭിത്തികളിൽ ഒരു നിഴൽ പോലുമില്ലാത്ത വണ്ണം ആയിരക്കണക്കിന് വാട്സിന്റെ ബൾബുകൾ കത്തണം. മെയിൻ ലൈൻ പവർ തകരാറിലായാൽ സെക്കൻഡുകൾക്കുള്ളിൽ തെളിയുന്ന ബാക്കപ്പ് ജനറേറ്ററുകൾ പുറത്ത് സജ്ജമായിരുന്നു.

അതിനേക്കാൾ പ്രധാനം, രാത്രി മുഴുവൻ അവനു ചുറ്റും നാല് വിശ്വസ്തരായ അനുചരന്മാർ ഉറക്കമൊഴിച്ച് സംസാരിച്ചുകൊണ്ടിരിക്കണം. തമാശയോ കള്ളക്കഥകളോ ഉച്ചത്തിൽ വിളിച്ചു പറഞ്ഞുകൊണ്ടിരിക്കണം. ആരെങ്കിലും ഒന്ന് കണ്ണടയ്ക്കുകയോ, ആ മുറിയിൽ ഒരു നിമിഷത്തെ നിശബ്ദത പടരുകയോ ചെയ്താൽ സാധുവിന്റെ നിയന്ത്രണം തെറ്റും. കാരണം, രാത്രിയുടെ നിശബ്ദതയിൽ അവന് ഉറങ്ങാൻ കഴിയില്ലായിരുന്നു. നിശബ്ദതയും ഇരുട്ടുമായിരുന്നു അവനുള്ളിലെ യഥാർത്ഥ ഭയം.

പഴയമ്പലത്തെ പഴകിയ ഓട്ടുപുരയിൽ കഴിഞ്ഞിരുന്ന സുക്കൂറാന്റെ ലോകം ഇതിന് നേരെ വിപരീതമായിരുന്നു. വഴിയിൽ രണ്ടുപേർ ശബ്ദമുയർത്തി സംസാരിച്ചാൽ നെഞ്ചുവിറയ്ക്കുന്ന, വഴക്കുകൾ കണ്ടാൽ വഴിമാറി നടക്കുന്ന, ഒരുറുമ്പിനെപ്പോലും നോവിക്കാത്ത പാവം മനുഷ്യൻ. പക്ഷേ സുക്കൂറാന് ഇരുട്ടിനെ ഭയമില്ലായിരുന്നു. നിശബ്ദമായ, വെളിച്ചമില്ലാത്ത തന്റെ ചെറിയ കറുത്ത മുറിയിൽ കണ്ണുകളടച്ച് കിടക്കുമ്പോഴാണ് അവന് യഥാർത്ഥ ആത്മശാന്തി ലഭിച്ചിരുന്നത്. അവൻറെ ഭാര്യ ഫാത്തിമ മാത്രമായിരുന്നു അവന്റെ ഏക ലോകം.

ഒരു കർക്കിടക രാത്രിയിൽ കഥ പൂർണ്ണമായി മാറിമറിഞ്ഞു. ആകാശത്തെ കീറിമുറിക്കുന്ന മിന്നൽപ്പിണരുകളും കൊടുങ്കാറ്റുമുള്ള രാത്രിയിൽ, സിറ്റി പൊലീസ് ഓഫീസർ വിക്രം സാധുവിന്റെ താവളം വളഞ്ഞു. വിക്രം തികഞ്ഞ തന്ത്രശാലിയായിരുന്നു; സാധുവിന്റെ ബലഹീനത അവൻ മനസ്സിലാക്കിയിരുന്നു. ഓപ്പറേഷൻ തുടങ്ങിയ ഉടൻ വിക്രം ചെയ്തത്, താവളത്തിലെ എല്ലാ പവർ സപ്ലൈയും ബാക്കപ്പ് സിസ്റ്റങ്ങളും തന്റെ വരുതിയിലാക്കുകയാണ്. സാധുവിന്റെ താവളത്തിലേക്ക് കട്ടപ്പിടിച്ച ഇരുട്ട് ഇരച്ചുകയറി. ചുറ്റും അനുചരന്മാരുടെ നിലവിളികൾ. ഒപ്പം, ചീറിപ്പാഞ്ഞു വരുന്ന വെടിയുണ്ടകൾ. കണ്ട്രോൾ നഷ്ടപ്പെട്ട സാധു ഭയം കൊണ്ട് വിറച്ചു. ചോരയൊലിക്കുന്ന ശരീരവുമായി അവൻ ഇരുട്ടിലേക്ക് ചാടി.

ഓട്ടത്തിനൊടുവിൽ അവൻ ചെന്നുപെട്ടത് സുക്കൂറാന്റെ പഴയ വീടിന്റെ വിജനമായ തട്ടിൻപുറത്താണ്. മരപ്പലകകളുടെയും പഴയ കടലാസുകളുടെയും ദുർഗന്ധമുള്ള ആ ഇരുട്ടിലേക്ക് അവൻ വീണു. കൂട്ടിന് ആരുമില്ലാത്ത, യാതൊരു ശബ്ദവുമില്ലാത്ത ആ കറുത്ത കോണിൽ ശ്വാസം കിട്ടാതെ പിടഞ്ഞു.

പെട്ടെന്ന് സാധുവിന്റെ തലച്ചോറ് അവനെ വഞ്ചിക്കാൻ തുടങ്ങി. കടുത്ത മാനസിക സമ്മർദ്ദവും ഭയവും കാരണം അവനെ സ്ലീപ് പരാലിസിസ് പിടികൂടി. മനസ്സ് പൂർണ്ണമായും ഉണർന്നിരിക്കുന്നു, എന്നാൽ, ശരീരം മരവിച്ച് തളർന്നുപോയിരിക്കുന്നു. നെഞ്ചിൽ ഒരായിരം കിലോ ഭാരമുള്ള പാറക്കല്ല് എടുത്തുവെച്ചതുപോലെ. ശ്വാസമെടുക്കാൻ അവൻ പിടഞ്ഞു.

അവനിൽ വിഭ്രാന്തി പടർത്തിയ ആ ഇരുട്ടിൽ, അവന്റെ കണ്ണുകൾ ജനലരികിൽ തൂങ്ങിയിരുന്ന പഴയൊരു കീറിയ തുണിയിൽ ചെന്നുടക്കി. ജനലഴികളുടെ നിഴലും ആ തുണിയുടെ മടക്കുകളും ചേർന്ന്, അവൻ പണ്ട് ക്രൂരമായി കൊല്ലപ്പെട്ട ഒരു ശത്രുവിന്റെ രൂപമായി മാറി. അത്, തന്റെ നെഞ്ചിൽ കയറിയിരുന്ന് ചോരയിറ്റാൻ വെമ്പുന്ന കണ്ണുകളോടെ തന്നെ തുറിച്ചുനോക്കുകയാണെന്ന് അവൻ തെറ്റിദ്ധരിച്ചു. നിലവിളിക്കാൻ അവൻ ആഞ്ഞുശ്രമിച്ചെങ്കിലും ശബ്ദം തൊണ്ടക്കുഴിയിൽ കുടുങ്ങിപ്പോയി.

തട്ടിൻപുറത്തുനിന്നുള്ള വിചിത്രമായ പിടച്ചിലും ശബ്ദവും കേട്ടാണ് താഴത്തെ നിലയിൽ ഉറങ്ങുകയായിരുന്ന സുക്കൂറാനും ഭാര്യയും ഉണർന്നത്. ഭയത്തോടെയാണെങ്കിലും കൈയ്യിലെ ഹാലൊജൻ ടോർച്ചുമെടുത്ത് സുക്കൂറാൻ തട്ടിൻപുറത്തെ വാതിൽ തുറന്ന് വെളിച്ചം അങ്ങോട്ട് അടിച്ചു.

ആ ശക്തമായ വെളിച്ചം സാധുവിന്റെ കണ്ണിൽ പതിച്ച നിമിഷം അവൻ സാധാരണ നിലയിലായി. അവന്റെ പേശികളുടെ തളർച്ച മാറി. എന്നാൽ ടോർച്ചിന്റെ വെളിച്ചത്തിൽ സാധുവിന്റെ അരയിലെ തോക്കിന്റെ തിളക്കം സുക്കൂറാന്റെ കണ്ണിൽ പതിഞ്ഞു. ഭയം സഹിക്കാനാവാതെ സുക്കൂറാൻ കൈയ്യിലിരുന്ന ടോർച്ച് സാധുവിന്റെ മുഖത്തേക്ക് ഏറിയുകയായിരുന്നു!

അഷ്റഫ് കാളത്തോട്



# നിഴൽയുദ്ധം

ടോർച്ച് സാധുവിന്റെ നെറ്റിയിൽ ശക്തമായി തട്ടി നിലത്തു വീണു കറങ്ങി. കറങ്ങുന്ന ടോർച്ചിന്റെ പ്രകാശത്തിലും അതിവേഗം മാറുന്ന നിഴലുകൾക്കിടയിലും വാതിൽപ്പടിയിൽ നിൽക്കുന്ന സുക്കൂറാന്റെ ഭാര്യയുടെ രൂപം അവൻ കണ്ടു. അവന്റെ മനസ്സ് വീണ്ടും വിഭ്രാന്തിയിലായി. സാധു നിലവിളിച്ചുകൊണ്ട് തോക്കൂരി ആ രൂപത്തിന് നേരെ കാഞ്ചിയമർത്തി. നിശബ്ദതയെ കീറിമുറിച്ച വെടിയൊച്ചയോടൊപ്പം സുക്കൂറാന്റെ ഭാര്യ ചോരവാർന്ന് തറയിലേക്ക് വീണു.

കൺമുന്നിൽ തന്റെ ജീവന്റെ ജീവനായ ഭാര്യ ചോരയിൽ കുളിച്ചു വീഴുന്നത് കണ്ട സുക്കൂറാൻ അലറിക്കരഞ്ഞുകൊണ്ട് തെരുവിലേക്ക് ഓടി. അതേസമയത്താണ്, സുക്കൂറാന്റെ വീട് പൊലീസ് വളഞ്ഞതും. ശക്തമായ സെർച്ച് ലൈറ്റുകൾ തട്ടിൻപുറത്തേക്ക് അടിച്ചുകയറി. വെളിച്ചം ഇരച്ചുകയറിയപ്പോൾ സാധുവിന്റെ കണ്ണിലെ പ്രേതരൂപങ്ങളെല്ലാം മാഞ്ഞുപോയി. തറയിൽ ചോരയിൽ കുളിച്ചു കിടക്കുന്ന സ്ത്രീയെയും പുറത്ത് തോക്കുചൂണ്ടി നിൽക്കുന്ന പൊലീസുകാരെയും കണ്ടതും അവൻ തോക്ക് താഴെയിട്ട് കൈകൾ ഉയർത്തി. സുക്കൂറാനെ കുറിച്ച് പിന്നീടൊരു വിവരവും ഇല്ലാതായി.

വർഷങ്ങൾക്കിപ്പുറം ഒരു രാത്രി, അതീവ സുരക്ഷയുള്ള സെൻട്രൽ ജയിലിലെ ഏറ്റവും ഇരുണ്ട കോണിലുള്ള സെല്ലിന്റെ വാതിൽ അസാധാരണമായ ശബ്ദത്തോടെ തുറക്കപ്പെട്ടു. ആ സമയം സെല്ലിൽ മുനിഞ്ഞു കത്തുന്ന മൊട്ട ബൾബ് പൂർണ്ണമായും അണഞ്ഞു.

കട്ട പിടിച്ച ഇരുട്ടിൽ തനിക്കു നേരെ നടന്നടുക്കുന്ന ഒരു കഠാരയുടെ, ചുട്ടുപഴുത്ത അഗ്നിയുടെ തീക്ഷ്ണമായ തിളക്കത്തോടൊപ്പം സെല്ലിൽ ചിന്നിച്ചിതറിയ സാധുവിന്റെ വിറങ്ങലിച്ച ശബ്ദം ജയിൽ ഭിത്തികളിൽ തട്ടി ശക്തമായി പ്രതിധ്വനിച്ചു. ഓടിക്കൂടിയ വാർഡന്മാർ പൂട്ടുതുറന്ന് അകത്ത് കടന്നപ്പോൾ കണ്ടത്, കുത്തിമലർത്തപ്പെട്ടു കിടക്കുന്ന സാധുവിന്റെ മൃതദേഹവും അതിൽ കുത്തിനിർത്തപ്പെട്ട കഠാരയുമാണ്.

പിറ്റേന്ന്, സാധുവിന്റെ അസാധാരണമായ കൊലപാതക വാർത്ത വൻപ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്യപ്പെട്ട എല്ലാ പത്രങ്ങളിലും സുക്കൂറാന്റെ ഭാര്യ ഫാത്തിമയുടെ ചരമവാർഷിക പരസ്യ കോളവും പ്രത്യക്ഷപ്പെട്ടത് അധികമാരുടെയും കണ്ണിൽ പെട്ടില്ല. അതോടൊപ്പം, ദുരൂഹമായി തുടരുന്ന സുക്കൂറാന്റെ തിരോധാന വിവരവും ഉണ്ടായിരുന്നു.

Surya

ഓൺലൈൻ
വായനയ്ക്ക്:

# ഒരു നട്ടുച്ച നേരത്ത് ആ ബുക്ക് സ്റ്റാളിൽ നടന്നത്



'ദി സെന്റൻസ് ഉണ്ടോ?''

കൗണ്ടറിന്റെ പിന്നിലെ ഷെൽഫുകളിൽ പുസ്തകങ്ങൾ അടുക്കിവെക്കുന്നതിനിടയിലാണ്, പിന്നിൽനിന്ന് ആ ശബ്ദം കേട്ടത്. എലീന തിരിഞ്ഞുനോക്കി. മുന്നിൽ, സാമാന്യത്തിലധികം ഉയരമുള്ള, നീളൻ ജുബയും പാന്റും ധരിച്ച ഒരു മധ്യവയസ്കൻ. കട്ടിമീശയും വെട്ടിയൊതുക്കിവെച്ച താടിയും, ഉയർന്ന മൂക്കും തീക്ഷ്ണമായ കണ്ണുകളും. സമൃദ്ധമായ തലമുടി. താടിമീശയിൽ നര ധാരാളമുണ്ടെങ്കിലും തലമുടിക്കിടയിലേക്ക് അത് അധികം പടർന്നിട്ടില്ല. നെറ്റിയിലേക്ക് ഊർന്നു കിടക്കുന്ന മുടിച്ചുരുളുകൾ ആ ആകാരഗാംഭീര്യത്തിന് ഏതോ ഒരു ബോളിവുഡ് നായകന്റെ ഛായ നൽകുന്നു. കണ്ടാൽ ശരിക്കും സമ്പന്നനായ ഒരു എഴുത്തുകാരന്റെ സകല ലക്ഷണവുമുണ്ട്.

നട്ടുച്ചനേരമാണ്. അയാളുടെ മുഖത്തും കഴുത്തിലും നേർത്ത വിയർപ്പുതുള്ളികൾ ശ്രദ്ധയിൽപെട്ട എലീന, തന്റെ കയ്യിലെ പുസ്തകങ്ങൾ മേശപ്പുറത്തുവെച്ച്, കൗണ്ടറിനുള്ളിൽ കറങ്ങിക്കൊണ്ടിരുന്ന പെഡസ്റ്റൽ ഫാൻ അയാൾക്ക് അഭിമുഖമായി തിരിച്ചുവെച്ചു. അയാൾക്കത് ഇഷ്ടപ്പെട്ടെന്ന് ആ മുഖം പറഞ്ഞു.

"എക്സ്ക്യൂസ് മീ... ആ ബുക്ക് ഉണ്ടോ ഇല്ലയോ?'' അയാൾ അക്ഷമനായി.

അപ്പോഴാണ് അവൾ ഓർത്തത്, താനത്രയും നേരം അയാളെത്തന്നെ വീക്ഷിച്ചു നിൽക്കുകയായിരുന്നെന്ന്! ചമ്മൽ മറച്ച്, ഒരു ചെറുചിരിയോടെ അവൾ ചോദിച്ചു: "സോറി സർ... ഏത് ബുക്കാണു ചോദിച്ചത്?''

"ദി സെന്റൻസ്. ലൂയിസ് എർഡ്റിച്ച് എഴുതിയ അമേരിക്കൻ നോവൽ.''

"വൺ മിനിറ്റ് സർ. സ്റ്റോക്കുണ്ടോ എന്നു നോക്കട്ടെ.''

അവൾ കമ്പ്യൂട്ടർ തുറന്ന്, തിരയാൻ തുടങ്ങി. പുസ്തകത്തിന്റെ പേര് കേട്ടപ്പോൾത്തന്നെ ഓർമ വന്നിരുന്നു, പുലിറ്റ്സർ പുരസ്കാരം കിട്ടിയ നോവലാണ്. പക്ഷേ, ഇവിടെ സ്റ്റോക്കില്ല. എങ്കിലും മൗസിൽ വിരലുകൾ അല്പനേരം കൂടി അവൾ ചലിപ്പിച്ചു. ഇങ്ങനെയുള്ള കസ്റ്റമറോടു പെട്ടെന്ന് 'ഇല്ല' എന്നു പറയുന്നതു ബുദ്ധിയല്ല.

"സീ ബ്രീസ്... കടൽക്കാറ്റ്... നല്ല പേര്. സിമ്പിൾ, ക്ലാസിക് ആൻഡ് സോ എലിഗന്റ്!''

കസ്റ്റമർ തന്റെ കടയുടെ പേരിനെ പുകഴ്ത്തിയതു കേട്ടെങ്കിലും എലീന പ്രതികരിച്ചില്ല. പലരും പറയാറുള്ള കാര്യമാണ്, ഇപ്പോൾ പുതുമയൊന്നും തോന്നാറില്ല. 'യു ആർ ആൾസോ സോ പ്രെറ്റി' എന്നോ മറ്റോ തന്നെയും ഒന്ന് പൊക്കിപ്പറയുമെന്നു പ്രതീക്ഷിച്ചു. എന്തോ, അതുണ്ടായില്ല. അല്ലെങ്കിലും, തന്നെ കാണുമ്പോൾ ഇപ്പോൾ ആർക്കാണ് അങ്ങനെ പറയാൻ തോന്നുക!

"എന്താണ് ഇങ്ങനെയൊരു പേര് സെലക്റ്റ് ചെയ്യാൻ കാരണം?'' വീണ്ടും സ്റ്റാളിനെക്കുറിച്ചാണ് ചോദ്യം. അവൾ മറുപടിയൊന്നും പറഞ്ഞില്ല. അല്ലെങ്കിലും, എന്തു മറുപടിയാണ് ഉള്ളത്? മറ്റൊരാൾ ഇട്ട കട... അയാളുടെ ഇഷ്ടത്തിനിട്ട പേര്...

## സൈക്കോളജിക്കൽ- മിസ്റ്ററി- ത്രില്ലർ ചെറുകഥ

**സതീഷ് കളത്തിൽ**




"ഈ ഭാഗത്ത് കടലൊന്നുമില്ല. അതുകൊണ്ടു ചോദിച്ചതാണ്. സോറി."

"കടൽക്കാറ്റ് ആർക്കാണ് ഇഷ്ടമല്ലാത്തത്, സർ?"

മുഖമുയർത്താതെയാണെങ്കിലും പുഞ്ചിരിച്ചാണ് മറുപടി കൊടുത്തത്. അയാൾ ക്ഷമാപണം ചെയ്തപ്പോൾ ചെറിയൊരു വിഷമം തോന്നി. മുൻപേതന്നെ എന്തെങ്കിലും മറുപടി കൊടുക്കേണ്ടതായിരുന്നു. ആ മര്യാദ താൻ കാണിച്ചില്ല. കസ്റ്റമേഴ്സിനെ പിണക്കാൻ പാടില്ലാത്തതാണ്. തന്റെ മറുപടി അയാൾക്ക് ഇഷ്ടപ്പെട്ടെന്ന് അയാളുടെ ചിരിയിൽനിന്ന് എലീനയ്ക്ക് മനസ്സിലായി. എങ്കിലും അയാൾ അതിനെക്കുറിച്ചു പിന്നീടൊന്നും പറഞ്ഞില്ല.

'ഡിസിയിലും മാതൃഭൂമിയിലും മറ്റു ചിലയിടത്തും അന്വേഷിച്ചു. സ്റ്റോക്കില്ല. ഓൺലൈനിൽ ഓർഡർ ചെയ്താൽ മൂന്നാലു ദിവസമെടുക്കും. എനിക്ക് ഇന്നോ നാളെയോ കിട്ടണം. ടൗണിൽ നോക്കാമെന്നു കരുതി പോവുകയായിരുന്നു. അപ്പോഴാണ് ഈ കട കണ്ടത്. ഉണ്ടെങ്കിൽ കയ്യോടെ വാങ്ങാമെന്നു കരുതി."

പറഞ്ഞത് ശരിയാകും. ആറേഴു കിലോമീറ്റർ അപ്പുറത്താണ് ടൗൺ. ഇതിലൂടെ പോകുമ്പോഴാകും സ്റ്റാൾ കണ്ടത്. എന്തായാലും, ഡിസിയിലും മാതൃഭൂമിയിലും മറ്റും അന്വേഷിച്ചെന്നു പറഞ്ഞത് ആശ്വാസമായി.

കമ്പ്യൂട്ടറിൽനിന്ന് തലയുയർത്തി അവൾ പറഞ്ഞു: "സോറി സർ... ഇവിടെയും സ്റ്റോക്കില്ല"

അയാളുടെ മുഖത്ത് നിരാശ പടർന്നത് അവൾ കണ്ടു. 'എന്തായാലും ഇവിടെ പ്രതീക്ഷിച്ചു കയറിയതല്ലേ..' അവൾ മൊബൈലെടുത്ത് തന്റെ ഒരു ഡിസ്ട്രിബ്യൂട്ടറെ വിളിച്ചു. ഏതാനും സെക്കൻഡുകൾക്കുശേഷം, കോൾ കട്ടു ചെയ്യാതെ കസ്റ്റമറോട് അവൾ ചോദിച്ചു: "നാളെ വൈകുന്നേരത്തോടെ മതിയോ?"

"മതി. പക്ഷേ, നാളെ തെറ്റിപ്പോകരുത്." അയാളിൽ ഒരു ഉന്മേഷം കണ്ടു.

"ഹാർഡ് കവർ പതിപ്പാണ് ഉള്ളത്, പേപ്പർബാക്ക് ലഭ്യമല്ല. പ്രൈസ് കൂടും. പിന്നെ, ഡെലിവറി ചാർജും കൂടും. ബൈ ഹാൻഡ് വരുത്തണം." ഒറ്റശ്വാസത്തിൽ അവൾ പറഞ്ഞു.

"എത്രയാണെന്നു പറഞ്ഞാൽ മതി. തുക കയ്യോടെ പേ ചെയ്യാം." അയാൾക്ക് പണമൊരു പ്രശ്നമല്ലെന്ന് എലീന ഉറപ്പിച്ചു.

അവൾ ഡിസ്ട്രിബ്യൂട്ടറോട്, "വിട്ടോ..' എന്നും പറഞ്ഞ് കോൾ കട്ടു ചെയ്തു.

'മൂന്നാലഞ്ചു വർഷങ്ങൾക്കു മുൻപ് ഇറങ്ങിയ ആ ബുക്ക് കിട്ടിയിട്ട് ഇയാൾക്കിപ്പോൾ എന്താണിത്ര അത്യാവശ്യം? വായിക്കാനാണെങ്കിൽ മൂന്നാലു ദിവസം കാത്തിരിക്കാമല്ലോ. അല്ലെങ്കിൽ വല്ല ലേഖനമോ മറ്റോ എഴുതാനാകും. ചില പബ്ലിഷേഴ്സ് അവരുടെ സ്ഥിരം എഴുത്തുകാരോട് അങ്ങനെയുള്ള കാര്യങ്ങൾ പെട്ടെന്നാകും ആവശ്യപ്പെടുക. എഗ്രിമെന്റ് റൈറ്റേഴ്സ് ആണെങ്കിൽ അവർക്കത് സമയത്തിനു ചെയ്തുകൊടുത്തേ പറ്റൂ. അതിനാണെങ്കിലും ഓൺലൈനിൽ കിൻഡിൽ പതിപ്പുണ്ടല്ലോ...'

'ക്യാഷ് എത്രയാണെന്നു പറഞ്ഞാൽ പേ ചെയ്യാമായിരുന്നു."

അവൾ കാടുകയറി ചിന്തിച്ചുകൂട്ടുന്നതിനിടയിൽ അയാൾ സ്റ്റാളിലെ ക്യൂ.ആർ. കോഡ് സ്കാൻ ചെയ്തിരുന്നു. പണമടച്ച്  പുസ്തകം ഉറപ്പാക്കാനുള്ള ഒരു തിടുക്കം അയാളിലുണ്ട്. അയാൾക്കു വേറെ വഴിയില്ലെന്ന് എലീനയ്ക്ക് മനസ്സിലായി. ഡെലിവറി ചാർജ് ഉൾപ്പെടെ അവൾ തുക പറഞ്ഞു.

"നാളെത്തന്നെ കിട്ടിയില്ലെങ്കിൽ എനിക്ക് പണം മടക്കിത്തരണം കേട്ടോ."

അവൾ പറഞ്ഞ തുക അയച്ചുകൊണ്ടാണ് അയാൾ പറഞ്ഞത്. ഗൗരവത്തിൽ അങ്ങനെ പറഞ്ഞതുകേട്ടപ്പോൾ ആ ഓർഡർ എടുക്കേണ്ടിയിരുന്നില്ലെന്നു തോന്നി. അതിനുള്ളിൽ പേടിഎം ശബ്ദം മുഴങ്ങിയിരുന്നു. അവളും അതേ ഗൗരവത്തിൽതന്നെ ചിരിച്ചുകൊണ്ടു പറഞ്ഞു: "ഇവിടത്തെ കടൽക്കാറ്റിന് ഉപ്പ് അല്പം കൂടുതലാണ് സർ. നാളെ വൈകുന്നേരം ധൈര്യമായി പോന്നോളൂ."

"സോറി, ഞാൻ മറ്റൊരു അർത്ഥത്തിൽ പറഞ്ഞതല്ല. നാളെത്തന്നെ കിട്ടേണ്ട ആവശ്യമുണ്ട്, അതുകൊണ്ടാണ്. നാളെക്കഴിഞ്ഞാൽ പിന്നെ എനിക്കീ ബുക്കിന്റെ ആവശ്യമില്ല."

"ഈ സ്റ്റോക്കിൽ 'പ്രേമലേഖനം' ഉണ്ടാകുമോ?" "ഉണ്ട് സർ... ബഷീറിന്റെ അല്ലേ?" "അല്ല." "പിന്നെ?" "ഇയാളുടെ." "ങേ!" അവളുടെ അമ്പരപ്പ് കണ്ടപ്പോൾ അയാൾ പൊട്ടിച്ചിരിച്ചു. "ബഷീറിന്റെയല്ലാതെ മലയാളത്തിൽ വേറെ 'പ്രേമലേഖനം' ഉണ്ടോ?'

അതുകേട്ടപ്പോൾ, അയാളുടെ ആവശ്യം എന്തോ ആകട്ടെ, അയാൾ പറഞ്ഞത് ന്യായമാണെന്ന് അവൾക്ക് തോന്നി. മേശവലിപ്പിൽനിന്ന് ഡയറിയെടുത്ത് അവൾ ഇന്നത്തെ തീയതിയിലെ പേജ് തുറന്നു. മേശപ്പുറത്തെ പെൻസ്റ്റാൻഡിൽനിന്ന് പേനയെടുത്ത് അയാളോടു പറഞ്ഞു: "കോൺടാക്ട് നമ്പറും പേരും പറഞ്ഞോളൂ. എത്തിയാലുടൻ വിളിക്കാം. മിക്കവാറും നാളെ ഈ നേരമാകുമ്പോഴേക്കും എത്തും."

അവളുടെ കയ്യിൽനിന്ന് ഡയറിയും പേനയും വാങ്ങി, വിവരങ്ങൾ അയാൾ സ്വയം എഴുതി, ഡയറി മടക്കിക്കൊടുത്തു. അയാൾ എഴുതിവെച്ച പേരും നമ്പറും അവൾ വായിച്ചു: "തോമസ് മാത്യു, 7012490551"

"യെസ്..' അയാളതു സ്ഥിരീകരിച്ചു.

വിലാസം എഴുതിയിട്ടില്ല. നേരിട്ടു വന്ന് വാങ്ങുന്നതുകൊണ്ട് അതിന്റെ ആവശ്യമില്ല. ഡയറി വലിപ്പിൽ വെച്ചടയ്ക്കുന്നതിനിടയിൽ അയാളെ നോക്കി ഹൃദ്യമായി ചിരിച്ചുകൊണ്ട് അവൾ പറഞ്ഞു: "നന്ദി സർ. അപ്പോൾ നാളെ വന്നോളൂ, താങ്കളുടെ ഫേവറേറ്റ് പുസ്തകം കൊണ്ടുപോകാം."

"താങ്ക്സ് എ ലോട്ട് മാഡം, ഫോർ യുവർ എക്സലന്റ് സർവീസ്." അയാൾ ഉപകാരസ്മരണ നടത്തി.

"യു ആർ മോസ്റ്റ് വെൽക്കം സർ... ദാറ്റ്സ് മൈ ഡ്യൂട്ടി ആൻഡ് ഇറ്റ്സ് മൈ ബിസിനസ് ടൂ..." അവൾ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു. അതിനുശേഷം, മേശമേൽ വെച്ചിരുന്ന ബുക്കുകൾ വീണ്ടും ഷെൽഫിൽ അടുക്കിവെക്കാൻ തുടങ്ങി. അയാൾ അവിടെനിന്നു നീങ്ങുന്നതും കണ്ടു.

കുറച്ചുനേരം കഴിഞ്ഞു. പെട്ടെന്നാണ്, വാതിൽ കടന്നുവരുന്ന ഭാഗത്തുനിന്ന് പുസ്തകങ്ങൾ താഴെവീഴുന്ന ശബ്ദം കേട്ടത്. അവൾ നോക്കിയപ്പോൾ അവിടുത്തെ ഒരു ഷെൽഫിന്റെ അടിയിൽ കുനിഞ്ഞിരുന്ന് അയാൾ പുസ്തകങ്ങൾ പെറുക്കുകയാണ്.

'ഇയാൾ ഇനിയും പോയില്ലേ?' അവൾ ചിന്തിച്ചു. പുസ്തകങ്ങൾ അടുക്കുന്ന തിരക്കിനിടയിൽ സ്റ്റാളിൽനിന്ന് ഇയാൾ പോയോയെന്ന് ശ്രദ്ധിച്ചില്ല.

അവൾ അയാൾക്കരികിലെത്തി. പഴയകാല മലയാളം പുസ്തകങ്ങളുടെ സെക്കൻഡ് ഹാന്റ് കളക്ഷനുകൾക്കായി മാറ്റിവെച്ചിരിക്കുന്നതാണ് ആ ഷെൽഫ്.

"സോറി... ഞാനിതിൽ ഒരു പുസ്തകം ഉണ്ടോ എന്നു നോക്കുകയായിരുന്നു."

താഴെനിന്ന് പെറുക്കിയെടുത്ത പുസ്തകങ്ങൾ യഥാസ്ഥാനത്തു വെക്കുന്നതിനിടെ അയാൾ പറഞ്ഞു. "ഇറ്റ്സ് ഓക്കെ... സാറിന് ഏത് പുസ്തകമാണ് ആവശ്യം? പേര് പറഞ്ഞാൽ എടുക്കാൻ ഞാൻ സഹായിക്കാം." നീരസം പുറത്തുകാട്ടാതെ അവൾ ചോദിച്ചു.

"ഈ സ്റ്റോക്കിൽ 'പ്രേമലേഖനം' ഉണ്ടാകുമോ?" "ഉണ്ട് സർ... ബഷീറിന്റെ അല്ലേ?" "അല്ല" "പിന്നെ?" "ഇയാളുടെ." "ങേ!"

അവളുടെ അമ്പരപ്പ് കണ്ടപ്പോൾ അയാൾ പൊട്ടിച്ചിരിച്ചു. "ബഷീറിന്റെയല്ലാതെ മലയാളത്തിൽ വേറെ 'പ്രേമലേഖനം' ഉണ്ടോ?'

അയാളുടെ ആ സ്വാതന്ത്ര്യം എലീനയ്ക്ക് ഇഷ്ടമായില്ല. ആദ്യം തോന്നിയ ജെന്റിൽമാൻ ഫീലിംഗ് പെട്ടെന്നു നഷ്ടമായതുപോലെ. അവൾക്ക് ഒരു അസ്വസ്ഥത അനുഭവപ്പെട്ടു. തീരെ തിരക്ക് കുറഞ്ഞ ആ കവലയിലെ ചെറിയൊരു ഷോപ്പിംഗ് കോംപ്ലക്സിലുള്ള ഒറ്റമുറി സ്റ്റാളാണിത്. തൊട്ടപ്പുറത്തും മുകളിലുമായി മറ്റു ഷോപ്പുകളുണ്ടെങ്കിലും എവിടെയും അധികം ആളനക്കമില്ല.

ഈ നേരത്തിനുള്ളിൽ ഇവിടെ വന്ന ഒരേയൊരു ആളാണ് ഇയാൾ. പക്ഷേ, തന്റെ ഉള്ളിലെ ആശങ്ക അവൾ പുറത്തുകാണിച്ചില്ല. അയാൾ ഇതുവരെ അതിരുകടന്നിട്ടില്ല എന്നവൾ ഓർത്തു. സ്വരത്തിൽ ഭാവഭേദം വരുത്താതെ അവൾ ചോദിച്ചു: "പ്രേമലേഖനം നോക്കിയെടുത്തു തരട്ടെ, സർ?"

"തീർച്ചയായും വേണം. പണ്ടൊരിക്കൽ കയ്യിൽ കിട്ടിയതാണ്, അന്നതു മുഴുവനാക്കാൻ കഴിഞ്ഞില്ല."

അയാളുടെ വാക്കുകളിൽ ഒരു ഉത്സാഹം കണ്ടെങ്കിലും അതിൽ മോഹഭംഗത്തിന്റെ ഒരു ലാഞ്ചനയും അവൾ കണ്ടു. അയാൾ ഒതുക്കിവെച്ച പുസ്തകങ്ങളുടെ കൂട്ടത്തിൽനിന്നുതന്നെ 'പ്രേമലേഖനം' എടുത്ത് അവൾ അയാൾക്കു കൊടുത്തു. ആ പുസ്തകം കൈമാറുമ്പോൾ തന്റെ കൈ ചെറുതായി വിറച്ചുവോ എന്ന് അവൾ സംശയിച്ചു.

അയാളതു തിരിച്ചും മറിച്ചും നോക്കി. പിന്നെ പുസ്തകം തുറന്ന് പേജുകൾ മറിക്കാൻ തുടങ്ങി. അയാൾ നേരം കളയുകയാണല്ലോ എന്ന് എലീന ചിന്തിച്ചതും പേജ് മറിക്കുന്നത് അയാൾ വേഗത്തിലാക്കി. ഇതിനിടയിൽ പല വട്ടം അയാൾ തുപ്പൽ തൊട്ടു മറിക്കുന്നതും കണ്ടു. അതു കണ്ടതും അവളിൽ ഈർഷ്യ നുരപൊന്തി. എങ്കിലും ഒന്നും പറഞ്ഞില്ല. ഒരിക്കൽ തനിക്കും ഈ ശീലമുണ്ടായിരുന്നു. അവളുടെ ഉള്ളിൽ തിങ്ങിവന്ന എന്തോ ഒന്നിനെ അവൾ പണിപ്പെട്ട് അടക്കി.

അപ്രതീക്ഷിതമായാണ് അയാളങ്ങനെ ചെയ്യാൻ തുടങ്ങിയത്! പുസ്തകത്തിന്റെ ഉൾപേജുകൾ ഓരോന്നിലും മണത്തു നോക്കുന്നു! ഉള്ളിലേക്ക് എടുക്കുന്ന ശ്വാസം പുറത്തേക്കു പോകുന്ന മുറയ്ക്ക് അയാളുടെ തല വേഗത്തിൽ ഉയരാനും താഴാനും തുടങ്ങി...

ഇവിടെ ജോലി ചെയ്യാൻ തുടങ്ങിയിട്ട് വർഷങ്ങൾ കുറച്ചായി, ഇങ്ങനെയൊരു കാഴ്ച ആദ്യമാണ്. എലീനയുടെ ഉള്ളിൽ സംഭ്രമം കൂടിവന്നു. എന്തോ ഒരു അസ്വാഭാവികതയുള്ളതുപോലെ.. 'ഇയാൾ ഇനിയും ഇവിടെ നിന്നാൽ അപകടമാണ്', അവളുടെ മനസ്സ് മന്ത്രിച്ചു.

"സർ... പാക്ക് ചെയ്തോട്ടെ?" സ്വരം കഴിയാവുന്നത്ര സാധാരണമാക്കി അവൾ ചോദിച്ചു.

അതുകേട്ടതും അയാൾ അവളെ ഉറ്റുനോക്കി. പിന്നെ പുസ്തകം മടക്കി ആർത്തിയോടെ അതിൽ ചുംബിച്ചു. എന്നിട്ടത് അവൾക്കുനേരെ നീട്ടി. അവൾ സ്തംഭിച്ചുപോയി! കൈനീട്ടി പുസ്തകം വാങ്ങാനും വാങ്ങാതിരിക്കാനും കഴിയാത്ത അവസ്ഥ.

അതു മനസ്സിലാക്കിയ അയാൾ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: "പേടിക്കേണ്ട. ഈ പുസ്തകം... ഇതിന്റെ മണം... എല്ലാം എനിക്കേറെ ഇഷ്ടപ്പെട്ടതാണ്. അന്ന് എനിക്കെന്റെ പ്രിയപ്പെട്ടവൾ സമ്മാനിച്ചതാണ് ഈ പുസ്തകം. അന്ന് ആസ്വദിച്ച് മുഴുപ്പിക്കാൻ കഴിയാത്ത ഇതിന്റെ മണം ഇന്നു വീണ്ടും മൂക്കിൻതുമ്പത്തു തട്ടിയപ്പോൾ പരിസരം മറന്നുപോയി. ക്ഷമിക്കണം."

'അയാൾ എന്തൊക്കെയാണു പറഞ്ഞിട്ടുപോയത്? ഒരിക്കൽ കൂടി താനീ പുസ്തകം വായിക്കണമെന്നോ? എന്തിന്? എത്രയോ വട്ടം താനിതു വായിച്ചിട്ടുണ്ട്! അല്ലെങ്കിൽത്തന്നെ, അയാൾക്കെങ്ങനെ മനസ്സിലായി താനീ ബുക്ക് മുൻപു വായിച്ചിട്ടുണ്ടെന്ന്? പുസ്തകക്കടയിലായതുകൊണ്ട് ഊഹിച്ചതാകുമോ?' അവൾക്കൊന്നും മനസ്സിലായില്ല.

അയാൾ പറഞ്ഞതുകേട്ടപ്പോൾ എലീനയുടെ ഉള്ളിലൊരു കിടുക്കം അനുഭവപ്പെട്ടു. എങ്കിലും അവൾക്കു തെല്ല് ആശ്വാസമായി. അന്നേരത്തെ അയാളുടെ മാനസികാവസ്ഥ തൊട്ടറിഞ്ഞപ്പോൾ അയാളോടു പെട്ടെന്നവൾക്ക്, വൈകാരികമായ ഒരു അടുപ്പവും തോന്നി. അയാളെച്ചൊല്ലി ഉടലെടുത്ത അജ്ഞാതമായ അസ്വസ്ഥത ഒഴിഞ്ഞുപോകുന്നതുപോലെ..

അയാൾ ഡോർ തുറന്ന് പുറത്തേക്ക് കടക്കാൻ തുടങ്ങുന്നത് എലീന കണ്ടു. അപ്പോഴാണ്, തന്റെ കയ്യിൽ അയാൾ തന്ന പുസ്തകമിരിക്കുന്നത് ഓർത്തത്.

"സർ... ഈ പുസ്തകം വാങ്ങാൻ മറന്നു."

'പ്രേമലേഖന'വും കയ്യിൽപിടിച്ചു നിൽക്കുന്ന അവളെ നോക്കി, ഗ്ലാസ് ഡോറിന്റെ ഹാൻഡിലിൽ കൈവെച്ചു നിന്നുകൊണ്ട് അയാൾ പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു: "മറന്നതല്ല. നാളെയേ ഞാനിതു കൊണ്ടുപോകൂ. കാരണം, നാളെയാണ് ഞാനിതു വായിക്കാൻ പോകുന്നത്."

അവൾക്കൊന്നും മനസ്സിലായില്ല. ആദ്യം പറഞ്ഞത് 'ദി സെന്റൻസ്' നാളെത്തന്നെ കിട്ടണമെന്നാണ്. ഇപ്പോൾ പറയുന്നു ഈ പുസ്തകം നാളെയാണു വായിക്കാൻ പോകുന്നതെന്ന്! അപ്പോൾ തന്റെ ഊഹം ശരിയായിരുന്നോ? ഇയാളുടെ തലയ്ക്ക് എന്തെങ്കിലും തകരാറുണ്ടോ? അവൾ വീണ്ടും ആശയക്കുഴപ്പത്തിലായി.

അയാൾ പുഞ്ചിരിച്ചുകൊണ്ടു തുടർന്നു: "തെറ്റിദ്ധരിക്കേണ്ട. എനിക്ക് തലയ്ക്ക് സ്ഥിരത കുറവൊന്നുമില്ല. പക്ഷേ..."

അയാൾ ഒന്നു നിർത്തി. ഏതാനും സെക്കൻഡുകൾ കൂടി അവളെ ഉറ്റുനോക്കി നിന്നു. ഉള്ളിലേക്കു തറച്ചുകയറുന്ന അയാളുടെ ആ നോട്ടം കണ്ടെങ്കിലും തുടർന്ന് അയാൾ പറയാൻ പോകുന്ന വാചകത്തിനായി അവൾ ചെവികൂർപ്പിച്ചു നിന്നു.

"ഇന്ന് രാത്രി നിങ്ങൾ ഈ ബുക്ക് ഒരിക്കൽ കൂടി വായിക്കണം. നാളെ ഇതേ ബുക്ക് എനിക്കു തിരിച്ചുതരണം."

ആ വാക്കുകൾ കേട്ട് അവൾ അമ്പരന്നു. അവളുടെ മുന്നിൽ ഡോർ തുറന്നടഞ്ഞു. കൺമുന്നിൽനിന്ന് അയാൾ മറഞ്ഞു. എന്നിട്ടും അവൾ അവിടെ തറഞ്ഞുനിന്നു. ഏറ്റവും ഒടുവിൽ അയാൾ പറഞ്ഞിട്ടുപോയ ആ വാക്കുകൾ അപ്പോഴും അവിടെ മുഴങ്ങുന്നുണ്ടായിരുന്നു.

'അയാൾ എന്തൊക്കെയാണു പറഞ്ഞിട്ടുപോയത്? ഒരിക്കൽ കൂടി താനീ പുസ്തകം വായിക്കണമെന്നോ? എന്തിന്? എത്രയോ വട്ടം താനിതു വായിച്ചിട്ടുണ്ട്! അല്ലെങ്കിൽത്തന്നെ, അയാൾക്കെങ്ങനെ മനസ്സിലായി താനീ ബുക്ക് മുൻപു വായിച്ചിട്ടുണ്ടെന്ന്? പുസ്തകക്കടയിലായതുകൊണ്ട് ഊഹിച്ചതാകുമോ?' അവൾക്കൊന്നും മനസ്സിലായില്ല.

അന്ന്, കോളേജ് ലൈബ്രറിയിൽ വെച്ച് ഒറ്റയിരുപ്പിന് തീർത്ത ഈ പുസ്തകമാണ് തനിക്ക് തോമസിനോടു തോന്നിയ ഇഷ്ടത്തെ ഒരു ജ്വരമാക്കി മാറ്റിയത്. അന്നത്തെ അവന്റെ രൂപം കണ്ണിൽനിന്നും പോയിട്ടില്ല. ഇരുനിറത്തിൽ, മെലിഞ്ഞ ശരീരമായിരുന്നു അവന്റേത്. നല്ല ഉയരവും കോലൻ മുടിയും കട്ടിമീശയും തിളക്കമുള്ള കണ്ണുകളും. കോളേജിലെ ബാസ്കറ്റ്ബോൾ ടീമിലെ സ്ഥിരം ക്യാപ്റ്റനായിരുന്നു അവൻ.

കോളേജിൽ അവനൊരു കൊച്ചു അമിതാഭ് ബച്ചനായിരുന്നു. അവന്റെ മറ്റ് ആരാധികമാരെപ്പോലെ ആയിരുന്നില്ല, അവന് താനും തന്റെ ഉറ്റചങ്ങാതിയും റൂംമേറ്റുമായിരുന്ന ഗ്രേസിയും. തന്നെക്കാൾ കൂടുതൽ അവൻ അടുത്തിടപഴകിയിരുന്നത് ഗ്രേസിയോടായിരുന്നു. ഗ്രേസിയും അവനും തമ്മിൽ ഇഷ്ടത്തിലാണെന്ന് ഗ്രേസി പറഞ്ഞിരുന്നു. പക്ഷേ, അക്കാര്യം ഒരിക്കലും അവൻ പുറത്തു കാണിച്ചിരുന്നില്ല.



അവളുടെ അച്ഛൻ വലിയ പ്രതാപിയായിരുന്നു; മൂന്നാലു സ്വർണ്ണക്കടകൾ അടക്കം, ധാരാളം സ്ഥാപനങ്ങൾ അവർക്കുണ്ട്. അവൻ ഒരു തെങ്ങുകയറ്റക്കാരന്റെ മകനും. അതുകൊണ്ടാകാം തന്നോടുപോലും പറയാതിരുന്നത്. താനും അവനോടു ചോദിച്ചില്ല

പക്ഷേ, ഉള്ളിന്റെയുള്ളിൽ അവനെ മോഹിക്കാതിരിക്കാനും കഴിഞ്ഞില്ല എന്നിട്ടും, അതേപ്പറ്റി ഒരു ചെറിയ സൂചനയെങ്കിലും കൊടുക്കാൻ താൻ ശ്രമിച്ചിട്ടില്ല. പകരം 'പ്രേമലേഖന'ത്തിന്റെ ഒരു കോപ്പി വാങ്ങി സൂക്ഷിച്ചു. പല രാത്രികളിലും വായിക്കാനെന്ന വ്യാജേന അതും കെട്ടിപ്പിടിച്ചുറങ്ങി. അതു കയ്യിലുള്ളപ്പോൾ അവനും തന്നോടൊപ്പം ഉണ്ടെന്നു വിശ്വസിച്ചു. ദൂരെനിന്ന് അവനെ സ്വന്തമാക്കി.




ആരുമറിയാതെ, ആരെയും വേദനിപ്പിക്കാതെ ചെയ്ത ആ ഒരു തെറ്റിന് വിധി തന്നെ ക്രൂരമായി ശിക്ഷിച്ചു. അതിനേക്കാൾ ക്രൂരമായി തോമസിനെയും... പിൽക്കാലത്ത്, ചിലപ്പോഴൊക്കെ ഗ്രേസിയെയും എന്നും തോന്നിയിട്ടുണ്ട്. അവളും പാവമായിരുന്നു.

അന്നൊരു ശനിയാഴ്ച, തോമസിന്റെ ബർത്ത് ഡേയുടെ അന്ന്, രാത്രിയിലാണ് അവൻ മരണപ്പെടുന്നത്. അതിനും ഏതാനും ദിവസങ്ങൾക്കു മുൻപ്, ഗ്രേസി തോമസുമായി തെറ്റിപ്പിരിഞ്ഞിരുന്നു. അവന്റെ ബാസ്കറ്റ്ബോൾ ടീമിലെ ഒരു പെൺകുട്ടിയുമായി അവന് ബന്ധമുണ്ടെന്ന് ഏതോ കൂട്ടുകാരി പറഞ്ഞെന്നാണ് ഗ്രേസി തന്നോട് പറഞ്ഞത്. അത് കളവായിരിക്കും എന്ന് അവളോട് പലവട്ടം പറഞ്ഞുനോക്കി; അവൾ കേട്ടില്ല. ഒടുവിൽ ഇവർക്കിടയിലെ പിണക്കം മാറ്റാൻ തോമസിനെ കാണാൻ ചെന്നതാണ് അന്ന്.

അന്നവന്റെ ബർത്ത് ഡേയാണെന്ന് അറിഞ്ഞുതന്നെയാണു ചെന്നത്. അന്നു കഴിഞ്ഞു മൂന്നാം പക്കമാണ് തിരുവോണം. ഒട്ടുമിക്ക കുട്ടികളും നാട്ടിൽ പോയിക്കഴിഞ്ഞിരുന്നു. ഗ്രേസിയേയും കൂട്ടിച്ചെന്ന്, തോമസിന്റെ ബർത്ത് ഡേയ്ക്ക് സർപ്രൈസായി ഒരു വിഷ് കൊടുത്തിട്ടു പോകാമെന്ന് കരുതി. അവളെ പറഞ്ഞു സമ്മതിപ്പിച്ചു വെച്ചതുമാണ്. പക്ഷെ, അന്ന് നേരം വെളുത്തതും ഗ്രേസി കാലുമാറി. ദേഷ്യപ്പെട്ടു പറഞ്ഞു നോക്കിയെങ്കിലും ഫലിച്ചില്ല. അവൾ വരുന്നില്ലെന്നു തീർത്തുപറഞ്ഞു. പിന്നെ നിർബന്ധിച്ചില്ല.

അന്നേരം തോന്നി, ഗ്രേസി തന്നയച്ചതാണെന്നും പറഞ്ഞ് ഒരു ഗിഫ്റ്റ് അവനു കൊടുക്കണമെന്ന്. ഗിഫ്റ്റ് പേപ്പറിൽ പൊതിഞ്ഞ തന്റെ പ്രിയപ്പെട്ട പുസ്തകവും സമ്മാനിച്ച്, കഴിയാവുന്നത്ര ഉപദേശിക്കുകയും ചെയ്തു. ഹോസ്റ്റലിന്റെ പടികടന്നു പോന്നിട്ടും, താൻ പോകുന്നതും നോക്കി തോമസ് നിന്നിരുന്നത് ഹോസ്റ്റൽ വളവിൽ വെച്ച് താൻ കണ്ടിരുന്നു. താൻ പറഞ്ഞ കുറ്റാരോപണങ്ങളെല്ലാം കേട്ടിട്ടും അവൻ ഒരക്ഷരം മറുത്തു പറയാതിരുന്നത് എന്തുകൊണ്ടാണെന്ന് ഓർക്കുകയും ചെയ്തു.

അപ്രതീക്ഷിതമായി സംഭവിച്ച തോമസിന്റെ ദുരൂഹമരണം തന്റെ ജീവിതത്തെയും പെട്ടെന്നാണു ബാധിച്ചത്. കട്ടിലിൽ, തോമസിന്റെ ബോഡിക്കരികെ കണ്ട 'പ്രേമലേഖനം' മാത്രമാണ് പോലീസിനു കിട്ടിയ ഒരേയൊരു തെളിവ് തോമസിന്റെ കൂട്ടുകാരാരോ പറഞ്ഞിരുന്നു, തോമസ് താനുമായി പ്രണയത്തിലാണെന്ന്. താനതു തിരുത്താനും ശ്രമിച്ചില്ല. അങ്ങനെ ചെയ്താൽ അന്വേഷണം ഒരുപക്ഷേ ഗ്രേസിയിലേക്കും നീളുമായിരുന്നു. പിന്നെ, തന്റെ അതിനിഗൂഢമായ ആ സ്വപ്നം അങ്ങനെയെങ്കിലും തന്നോടു ചേർന്നു കിടക്കട്ടെ എന്നും കരുതി.

തോമസിന് മറ്റു ചില പെൺകുട്ടികളുമായി വഴിവിട്ട ബന്ധമുണ്ടായിരുന്നുവെന്നും അതിനെച്ചൊല്ലി അന്ന് അവനുമായി താൻ വഴക്കുണ്ടാക്കിയെന്നും പോലീസിനോട് താൻ പറഞ്ഞു. പക്ഷേ, അതിന്റെ പേരിൽ മാത്രം തന്നെ പ്രതിയാക്കാൻ അവർക്കു സാധിച്ചില്ല. അവരെപ്പോലെ, തോമസിന്റെ മരണകാരണം തനിക്കും അജ്ഞാതമായിരുന്നു.

പിന്നീട്, മൂന്നാലഞ്ചു വർഷങ്ങൾക്കുശേഷമാണ് ഗ്രേസിയുടെ കത്ത് കിട്ടുന്നത്. ഹോസ്റ്റലിൽനിന്ന് താൻ പടിയിറക്കപ്പെട്ട അന്ന് തങ്ങളുടെ കണ്ണുകൾ തമ്മിൽ ഇടഞ്ഞതാണ്. അന്നവളുടെ തല കുനിഞ്ഞിരുന്നു. അതിനുശേഷം അവളുടെ നേരിട്ടുള്ള സാന്നിധ്യം ആ കത്തിലൂടെയാണ് അനുഭവിക്കുന്നത്. ഇടയ്ക്കെപ്പോഴോ അവൾ വിവാഹം കഴിച്ച കാര്യമറിഞ്ഞു.

അവളയച്ച കത്തിൽ രണ്ടേ രണ്ടു കാര്യങ്ങൾ മാത്രമാണ് എഴുതിയിരുന്നത്: അന്ന് തോമസിനെയല്ല, തന്നെ കൊല്ലാനാണ് അവൾ പദ്ധതിയിട്ടത്! തലേന്നാൾ വൈകുന്നേരം പുസ്തകത്തിന്റെ പേജുകളിൽ ചിലയിടത്ത് അവൾ സൈനൈഡ് പുരട്ടിവെച്ചിരുന്നു. താൻ ആ പുസ്തകം അവനു കൊടുക്കുമെന്ന് അവൾ കരുതിയില്ല. അവൾ ചെയ്ത ആ മഹാപാപത്തിന് തന്നോട് മാപ്പ് ചോദിക്കുന്നുവെന്നും എഴുതിയിരുന്നു.

ആ കത്ത് അടുക്കളയിലെ എരിയുന്ന അടുപ്പിലേക്കു ചുരുട്ടിക്കൂട്ടി എറിഞ്ഞത് ഇപ്പോഴും കൺമുൻപിലുണ്ട്. ആ കത്തുകിട്ടി ഒന്നോ രണ്ടോ ദിവസം കഴിഞ്ഞപ്പോഴായിരുന്നു അവളുടെ ആത്മഹത്യ. സൈനൈഡ് കഴിച്ചാണ് ആ കൃത്യവും അവൾ ചെയ്തത്. ആ വാർത്ത അറിഞ്ഞപ്പോൾ തന്നിൽ ഒരു നെടുവീർപ്പുണ്ടായി. അത്രമാത്രം...

കഴിഞ്ഞകാലത്തിന്റെ അഭിശപ്ത ഓർമ്മകളുടെ കുരുക്കിൽനിന്നു മോചിതയാകാൻ പിന്നെയും എത്രയോ ദിനരാത്രങ്ങൾ... മാസങ്ങൾ... വർഷങ്ങൾ... എത്ര വേനലും വർഷവും താനറിയാതെ തന്നെ കടന്നുപോയി! കുഴിച്ചുമൂടിയതെല്ലാം വർഷങ്ങൾക്കിപ്പുറം ഓർമ്മിപ്പിക്കാൻ എന്തിനാണ് അയാളിപ്പോൾ കടന്നുവന്നത്?

അയാളുടെ പ്രവൃത്തികളിലും വാക്കുകളിലും എന്തോ ഒരു ദുഃസൂചനയുണ്ടെന്ന ആശങ്ക ഉള്ളിൽനിന്നും ശക്തമായി തികട്ടിവന്നപ്പോഴാണ് എലീന മറ്റൊരു കാര്യം ഓർത്തത്:

'ഡോർ അടയാൻ നേരം അതിൽ തട്ടിച്ചിതറിയ നട്ടുച്ചസൂര്യന്റെ ചീളുകൾ, തന്നെ ഉറ്റുനോക്കിനിന്നിരുന്ന അയാളുടെ കണ്ണുകളിലും ചിതറിക്കിടന്നിരുന്നത്, താൻ കണ്ടിരുന്നു...'

ആ ഓർമ്മ അവളുടെ തലച്ചോറിലൂടെ ഒരു മിന്നൽപിണർപോലെ കടന്നുപോയ ആ നേരത്താണ് അവൾ മറ്റൊരു കാര്യവും ഓർത്തത്. അവൾ പെട്ടെന്ന് കൗണ്ടറിലെത്തി, മേശവലിപ്പിൽനിന്ന് ഡയറിയെടുത്ത്, ഇന്നത്തെ തീയതിയിലെ പേജ് തുറന്നു. അവൾക്കു തലചുറ്റുന്നതുപോലെ തോന്നി...

ആ പേജ് ശൂന്യമായി കിടക്കുന്നു!

മുന്നിലേക്കും പിന്നിലേക്കും പലയാവർത്തി മറിച്ച് അവൾ ഓരോ പേജും അരിച്ചുപെറുക്കി. ഒരിടത്തും അയാളുടെ നമ്പറോ പേരോ ഇല്ല! ഇരുട്ട് ഇരച്ചെത്തിയ എലീനയുടെ കണ്ണുകളിൽ ഇന്നത്തെ തീയതി പേജിലെ 'വെള്ളിയാഴ്ച' എന്ന പ്രിന്റുമാത്രം തെളിഞ്ഞു തെളിഞ്ഞു വന്നു!

ഓൺലൈൻ
വായനയ്ക്ക്:

## പുസ്തകം




ഒരു ചിത്രകാരന് ചിത്രം വരയ്ക്കാൻ പെൻസിലോ ബ്രഷോ വേണം. ഒരു ചലച്ചിത്രകാരന്റെയോ ഛായാഗ്രാഹകന്റെയോ സൃഷ്ടിക്ക് തൂലികയാകുന്നത് ക്യാമറയാണ്. പേനകൊണ്ട് സാഹിത്യം സൃഷ്ടിക്കാൻ കഴിയുന്നതുപോലെ ഒരു ക്യാമറകൊണ്ട് അതിനു സാധിക്കുമോ?

സാധിക്കും എന്നാണ് പി. കെ. ഗണേശന്റെ 'ക്യാമറ പേനയായ കാലം' നമ്മോടു പറയുന്നത്. പക്ഷേ, ഇവിടെ ക്യാമറ സാഹിത്യം സൃഷ്ടിക്കുന്നത് പേനയുടെ പരമ്പരാഗത ധർമ്മത്തിലൂടെയല്ല എന്നു മാത്രം. ക്യാമറയിലൂടെയുള്ള സാഹിത്യരചനയെന്നത്, അത് ഒപ്പിയെടുക്കുന്ന കാഴ്ചകളും അതിലെ ജീവിതങ്ങളുമാണ്. ലോകത്തിന്റെ വിവിധ കോണുകളിൽ, വിവിധ ഭാഷകളിൽ ക്യാമറകൾ ഒപ്പിയെടുത്ത- ചരിത്രത്തിൽ എഴുതിച്ചേർത്ത ഒട്ടനവധി ക്ലാസ്സിക് ചലച്ചിത്രക്കാഴ്ചകൾ 'ക്യാമറ പേനയായ കാല'ത്തിലൂടെ കടന്നുപോകുന്നു.

'സെക്സിനിടെ ഭരണഘടന വായിക്കാമോ, അങ്ങനെ വായിച്ചാൽ അതിന്റെ പവിത്രത നഷ്ടപ്പെടുമോ' എന്ന ചോദ്യത്തിൽ നിന്നുകൊണ്ട്, ക്രൊയേഷ്യൻ വംശീയത, സ്വവർഗ്ഗാനുരാഗികളോടുള്ള വിദ്വേഷം തുടങ്ങിയ സങ്കുചിത



കോഴിക്കോട് മുക്കം നീലേശ്വരം സ്വദേശിയായ പി കെ ഗണേശൻ ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദധാരിയാണ്. നിലവിൽ, പാഠഭേദം പത്രാധിപസമിതിയംഗമാണ്. പാരലൽ കോളേജ് അധ്യാപകനായും ഗൾഫ് വോയ്സ്, കലാവീക്ഷണം എന്നീ മാസികകളുടെ പത്രാധിപ സമിതി അംഗമായും പ്രവർത്തിച്ചിട്ടുണ്ട്.

ചിന്തകളെ രൂക്ഷമായി പരിഹസിക്കുകയും തുറന്നു കാട്ടുകയും ചെയ്യുന്ന ഒരു ബ്ലാക്ക് ഹ്യൂമർ ചിത്രമാണ് 2016-ൽ രജ്കോ ഗ്രിലിക് സംവിധാനം ചെയ്ത 'ദി കോൺസ്റ്റിറ്റ്യൂഷൻ'.

നിരൂപകർ അത്രകണ്ട് ശ്രദ്ധിയ്ക്കാതെ കടന്നുപോയ ഇത്തരം പല ലോക സിനിമകൾ ഉൾപ്പെടെ, 32 ചലച്ചിത്രങ്ങളെ മലയാളത്തിനു പരിചയപ്പെടുത്തുകയാണ്, 'ക്യാമറ പേനയായ കാലം' എന്ന ചലച്ചിത്ര പഠനലേഖന സമാഹാരത്തിലൂടെ പി. കെ. ഗണേശൻ. അതുകൊണ്ടുതന്നെ, ഈ കൃതിക്കായി തിരഞ്ഞെടുത്ത സിനിമകൾ തന്നെയാണ് ഇതിന്റെ ശക്തിയും പ്രസക്തിയും.

അതിജീവനത്തിന്റെയും യുദ്ധത്തിന്റെയും ഫാസിസത്തിന്റെയും അഭയാർത്ഥിത്വത്തിന്റെയും അരികുവൽക്കരിക്കപ്പെട്ട ജീവിതങ്ങളുടെയും സമരങ്ങളുടെയുമെല്ലാം എഴുത്തുകൾ ക്യാമറയിലൂടെ നടത്തിയ നിരവധി ലോകചലച്ചിത്രങ്ങളിൽ നിന്ന് ശ്രദ്ധാപൂർവം തിരഞ്ഞെടുത്ത സിനിമകളെപ്പറ്റിയാണ് ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നതെന്ന്, പ്രശസ്ത സിനിമാ സംവിധായകനും തിരക്കഥാകൃത്തുമായ ഡോ. ബിജു തന്റെ അവതാരികയിൽ കുറിക്കുന്നു.

കേവലം ഒരു വിനോദോപാധി എന്നതിനപ്പുറം, സിനിമയെ ഒരു ചെറുത്തുനിൽപ്പായും രാഷ്ട്രീയമായും സാംസ്കാരികമായും മുന്നോട്ടു വെക്കുന്ന ചില കാഴ്ചകളുണ്ട്. നമ്മെ ചിന്തിപ്പിക്കുന്ന, ചോദ്യം ചെയ്യാൻ പഠിപ്പിക്കുന്ന, നമ്മുടെ ആസ്വാദനത്തെ മറ്റൊരു തലത്തിലേക്ക് നയിക്കുന്ന സിനിമകൾ. അത്തരം സിനിമകളെ, 'ഭൂപടത്തിൽ നിന്നിറങ്ങിയോടുന്ന ജീവിതങ്ങൾ' എന്ന ആമുഖ ക്യാപ്ഷനിലൂടെ തന്നെയാണ് ഗണേശൻ നമുക്കു മുന്നിലെത്തിക്കുന്നതെന്നും ഡോ. ബിജു അഭിപ്രായപ്പെടുന്നു.

പൗരത്വം പ്രമേയമാക്കി പ്രസിദ്ധ കൊറിയൻ ചലച്ചിത്രകാരൻ കിം കി ഡുക്ക് സംവിധാനം ചെയ്ത 'ദി നെറ്റ്' (2016), ഭരണകൂടവും മാവോയിസ്റ്റുകളും തമ്മിലുള്ള യുദ്ധത്തിൽ ജീവിതം നഷ്ടമാവുന്ന കൊളംബിയൻ ജനതയുടെ അതിജീവനം പ്രമേയമാക്കി കാർലോസ് സെസാർ ആർബലേസ് സംവിധാനം ചെയ്ത 'കളേഴ്സ് ഓഫ് ദി മൗണ്ടൻസ്' (2010), സ്വീഡനിലെ ന്യൂനപക്ഷ വംശമായ സാമീ ജനതയുടെ സ്വത്വ പ്രതിസന്ധി പ്രമേയമാക്കി അമാൻഡ കെർണൽ സംവിധാനം ചെയ്ത 'സാമി ബ്ലഡ്' (2016), സിസ്റ്റത്തിന്റെ ചിലന്തിവലയിൽ കുടുങ്ങിപ്പോയവരെപ്പറ്റി സംസാരിക്കുന്ന കെൻ ലോച്ചിന്റെ ബ്രിട്ടീഷ് ചലച്ചിത്രം 'ഐ, ഡാനിയൽ ബ്ലേക്ക്' (2016), ഹിരോകാസു കൊറീദയുടെ ജാപ്പനീസ് ചലച്ചിത്രം 'ഷോപ്പ്ലിഫ്റ്റേഴ്സ്' (2018), പലസ്തീൻ ചലച്ചിത്രകാരൻ ഏലിയാ സുലൈമാന്റെ 'ഇറ്റ് മസ്റ്റ് ബി ഹെവൻ' (2019), ഇറാനിയൻ സംവിധായകൻ മോഹ്സൻ മക്മൽബഫിന്റെ 'സലാം സിനിമ' (1995), സ്വീഡിഷ് സംവിധായകൻ ഇംഗ്മാർ ബെർഗ്മാന്റെ 'ദ സെവൻത് സീൽ' (1957) തുടങ്ങിയ ലോകോത്തര സിനിമകളും അവയുടെ രാഷ്ട്രീയ-സാമൂഹിക പരിസരങ്ങളും ഈ പുസ്തകം ചർച്ച ചെയ്യുന്നു.

ലോകസിനിമയിലെ അവിസ്മരണീയ മുഹൂർത്തങ്ങളും മുന്നേറ്റങ്ങളും അടയാളപ്പെടുത്തി കടന്നുപോകുന്ന ഈ പുസ്തകത്തിൽ മലയാളത്തിലെ ഏതാനും ചലച്ചിത്രകാരന്മാരും ചില സിനിമകളും മിന്നിമറയുന്നുണ്ട്. അതോടൊപ്പം, ആധുനിക സാങ്കേതികവിദ്യയും ഡിജിറ്റൽ ജനാധിപത്യവും സിനിമയിലുണ്ടാക്കുന്ന മാറ്റങ്ങളും ഇതിൽ പ്രതിപാദ്യ വിഷയമാകുന്നു.

പ്രമുഖ ഡോക്യുമെന്ററി സംവിധായകനായ പ്രൊഫ. എം. എ. റഹ്മാൻ, ചലച്ചിത്ര നിരൂപകനായ പ്രൊഫ. സി. എസ്. വെങ്കിടേശ്വരൻ എന്നിവരുടെ കുറിപ്പുകളും പുസ്തകത്തിൽ അടങ്ങിയിരിക്കുന്നു. പി. കെ. ഗണേശന്റെ മൂന്നാമത്തെ കൃതിയാണിത്. കോഴിക്കോട് സിൽവർ സ്ക്രീൻ ഫിലിം സൊസൈറ്റി പുറത്തിറക്കിയ, സിനിമാ പഠനമായ 'റെറ്റിന ഒപ്പിയ ഫ്രെയിം' ആണ് ആദ്യ പുസ്തകം. സ്പെൽ ബുക്സ് പ്രസിദ്ധീകരിച്ച 'നിലവിളിക്കുന്ന ഭൂപടം' എന്ന സാംസ്കാരിക പഠനമാണ് രണ്ടാമത്തെ പുസ്തകം. 'ക്യാമറ പേനയായ കാലം' പ്രസിദ്ധീകരിക്കുന്നതും സ്പെൽ ബുക്സ് ആണ്.

ഓൺലൈൻ വായനയ്ക്ക്:



"ഓരോ നോട്ടത്തിന്റെയും അറ്റത്തായ്
ഒരു തുടക്കത്തിന്റെ ചിത്രം കാണാം.
കടലാസിലെ അക്ഷരങ്ങൾപ്പോലെ
അവയിൽ മഷി രേഖകൾ കാണാം.

ആദ്യത്തെയും അവസാനത്തെയും
വരികളിൽ സാമ്യത തോന്നാം.
പിന്നെയും മറന്നുതുടങ്ങുന്ന
തൂവൽസ്പർശത്തിന്റെ ചൂടറിയാം.

പോകാൻ തുനിഞ്ഞ മഴയിൽ
മയിൽപ്പീലിത്തുണ്ടുകൾ കാണാം.
ജീവിതമോഹങ്ങളിൽ
കാഴ്ചകൾ നിരവധി കാണാം.

തുടക്കമിതാണ്
കാഴ്ച്ചയുടെ അനന്തമായ
സാധ്യതകൾ ജന്മം കൊള്ളുന്ന
ഒരു അപൂർവ്വ സമയചക്രം."

തുടക്കം- നിഥിൻകുമാർ ജെ




നിഥിൻകുമാർ ജെയുടെ 'ഒറ്റ'എന്ന കവിതാ സമാഹാരത്തിലെ 'തുടക്കം' എന്ന കവിതയിൽ ഓരോ നോട്ടത്തിന്റെയും അറ്റത്തായി ഒരു തുടക്കത്തിന്റെ ചിത്രം കാണാമെന്ന് മലയാളത്തിന്റെ പ്രിയ കവി ആലങ്കോട് ലീലാകൃഷ്ണൻ. കടലാസിലെ അക്ഷരങ്ങൾ പോലെ അവയിൽ മഷി രേഖകൾ ഏറ്റവും നവീന കാലത്തിന്റെ ചില ഉൽക്കണ്ഠകളെയും സംത്രാസങ്ങളെയും വിഹ്വലതകളെയും ഒപ്പം ചില ആഹ്ലാദങ്ങളെയും പങ്കുവയ്ക്കുവെന്നും ആലങ്കോട് പറയുന്നു.



"ഇന്നലത്തെ കവിതകൊണ്ട് ഇന്നത്തെ സമൂഹം തൃപ്തിപ്പെടുകയില്ലയെന്ന് നിഥിൻകുമാറിനറിയാം. അതുകൊണ്ട് കവിതകളിലെ വാക്കുകളുടെ സംയോജനത്തെയും കല്പനകളെയും സങ്കൽപ്പത്തെയും നിഥിൻ മാറ്റുന്നു." 'ഒറ്റ'യുടെ സമഗ്ര വായനയെ കുറിച്ചുള്ള ലീലാകൃഷ്ണന്റെ വാക്കുകളും ഇപ്രകാരംതന്നെ.

'ഒരു തുണ്ട് ഭൂമി', 'വെളിച്ചമില്ലാത്ത നാളുകൾ', 'പൂക്കാലം', 'ഹൃദയം', 'നഷ്ടങ്ങളുടെ ഉത്തരം', 'ആദിതാളം', 'കേൾക്കാത്ത ശബ്ദം', 'ജാലകം കണ്ടത്', 'കണ്ടെത്തൽ' തുടങ്ങി, ഏറ്റവും നവീനമായ ഭാഷയിൽ എഴുതപ്പെട്ടിരിക്കുന്ന ഈ സമാഹാരത്തിലെ ഒട്ടെല്ലാ കവിതകളും പുതിയ അനുഭവങ്ങൾ തരുന്നുണ്ടെന്നും ഈ കവിതകൾ തീർച്ചയായും ഇതപര്യന്തമുള്ള കാവ്യസംസ്കൃതിയുടെ അനുഭവങ്ങളെയും അനുഭൂതികളെയും വികാരങ്ങളെയും സംവഹിക്കുന്നുണ്ടെന്നും 'ഒറ്റ'യെ അപഗ്രഥിച്ചുകൊണ്ട്, ആലങ്കോട് കുറിച്ചിരിക്കുന്നു.



'ഒറ്റ'യിലെ 'ഹൃദയം' എന്ന കവിത, മഞ്ഞു പൊതിഞ്ഞ; മഴനനഞ്ഞ ഒരു മഷിപ്പാത്രത്തിന്റെ അനുഭൂതിയാണ് ഉളവാക്കുന്നതെന്ന്, മലയാളത്തിന്റെ മറ്റൊരു പ്രിയ കവിയും പ്രശസ്ത മലയാള ചലച്ചിത്ര ഗാനരചയിതാവുമായ വയലാർ ശരത് ചന്ദ്ര വർമ്മ അഭിപ്രായപ്പെടുന്നു. പലർക്കും, ഒറ്റപ്പെടലിന്റെ ബാക്കി പത്രങ്ങളിൽ മിച്ചമാവുക ആശങ്കയും അകൽച്ചയും നിറഞ്ഞ രാപ്പകലുകളുടെ കണക്കാകും. മഴയും മഞ്ഞും വിരുന്നുകാരായി എത്താത്ത ഏകാന്തതയുടെ മുറിയിലേയ്ക്കാണ് വായനക്കാരെ നിഥിൻ കൂട്ടികൊണ്ടുപോകുന്നതെന്ന് ശരത് ചന്ദ്ര വർമ്മ പറയുന്നു.

കൊല്ലം ചവറ സ്വദേശിയായ നിഥിൻകുമാർ, കഥ, കവിത, നോവൽ, ചിത്രകഥ എന്നീ മേഖലകളിൽ സജീവമാണ്. നിഴൽ സാഹിത്യവേദിയുടെ ഭാഗമായി നിരവധി കഥാ- കവിതാ സമാഹാരങ്ങൾ എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുള്ള അദ്ദേഹം, 'മൗനം പറഞ്ഞതും ഞാൻ കുറിച്ചതും', 'ആകാശത്തിനു താഴെ ചുവന്ന നനവുള്ള മണ്ണ്' എന്നീ കൃതികളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ബുക്ക് നെറ്റ് പബ്ലിഷിംഗ് ആണ് ഒറ്റയുടെ പ്രസാധകർ. നാല്പത്തിനാലു കവിതകൾ അടങ്ങിയ സമാഹാരമാണ് ഒറ്റ. ചെറിയ കവിതകളിൽ വലിയ ജീവിതങ്ങളാണ് ഈ നാല്പത്തിനാലു കവിതകളിലൂടെയും നിഥിൻ ഒരുക്കിയിരിക്കുന്നത്. ഒരു പുസ്തകത്തിന്റെ മൂല്യം അതിലെ പേജുകളുടെയോ വിഭവങ്ങളുടെയോ എണ്ണത്തിലല്ല, വായനക്കാരന്റെ മനസ്സിൽ അവശേഷിപ്പിക്കുന്ന ചിന്തകളിലാണ് എങ്കിൽ, ആ അർഥത്തിൽ, ജീവിതത്തിന്റെ ആഴമുള്ള അനേകം അനുഭവങ്ങളെ കോർത്തിണക്കുന്ന കവിതാസമാഹാരമാണ് ഇത്.

അലീഷ അഷ്‌റഫ് പുസ്തകവിചാരം



# ഒറ്റയുടെ ഓരങ്ങൾ




ഇതിലെ ഓരോ കവിതയും ഓരോ ജീവിതാനുഭവത്തിന്റെയും ചുരുക്കെഴുത്താണ്. പ്രണയം, വിരഹം, ഒറ്റപ്പെടൽ, ഏകാന്തത, അതിജീവനം, കുടുംബബന്ധങ്ങൾ, വെറുപ്പ്, പക, സ്വപ്നങ്ങൾ തുടങ്ങി മനുഷ്യജീവിതത്തിലെ അനേകം വികാരങ്ങൾ അലങ്കാരങ്ങളുടെ അധിക ഭാരമില്ലാതെ കവി ഇതിലെ കവിതകളിലൂടെ അവതരിപ്പിക്കപ്പെടുന്നു. വായിച്ചുകഴിഞ്ഞാൽ മറന്നുപോകുന്ന വരികളല്ല അവ മറിച്ച്, ജീവിതത്തിലെ ചില നിമിഷങ്ങളെ വീണ്ടും ഓർമ്മിപ്പിക്കുന്ന അനുഭവങ്ങളായി അവ മാറുന്നു. ജീവിതത്തെക്കുറിച്ച് ആഴത്തിൽ ചിന്തിക്കാൻ അവ നമ്മെ പ്രേരിപ്പിക്കുന്നു.

> "വീണ്ടുമൊരു നോവിന്റെ പൂക്കാലം
> തളിർത്തും വിടർന്നും പടർന്നുമൊരു
> പ്രണയത്തിന്റെ ഉമിനീർ
> കലർന്ന മധുരകാലം."

'പൂക്കാലം' എന്ന കവിതയിൽ ഇന്നിന്റെ പ്രണയനോവിനെ അത്രയും ലളിതമായ വാക്കുകകളാൽ അതേ ആർദ്രതയോടെ വരച്ചിടുന്നു. "ഒരു പ്രണയം വിടർന്നതൊരു|| നോക്കു കാണുംമുമ്പ്|| പൊഴിഞ്ഞു പോകുന്നതറിഞ്ഞിട്ടുണ്ടോ?" എന്ന് അവസാനത്തിൽ കവി ചോദിക്കുമ്പോൾ, ഒരിക്കലെങ്കിലും പ്രണയനോവറിഞ്ഞവർ ആ നോവിലേക്ക് ഒരു നിമിഷം തിരിഞ്ഞു നോക്കുന്നു; വർത്തമാന പ്രണയിതാക്കൾ ആഴമുള്ള ചിന്തകളെ തേടുന്നു.

അതുപോലെ, 'ഒരു തുണ്ട് ഭൂമി', 'വെളിച്ചമില്ലാത്ത നാളുകൾ' എന്നീ കവിതകളിൽ കവി, ഒരു തുണ്ട് ഭൂമിയിലെ 'ഓലപ്പുര'യുടെ ഇനിയും പറയാൻ ബാക്കിയാകുന്ന അനവധി കഥകളെവിട്ട്, മഴത്തണൽ വീശാത്ത വരണ്ട ഭൂമിയുടെ ദീനതയെയും മരിച്ച പകലുകളുടെയും കാവൽനിന്ന രാത്രികളുടെയും ആധിയുടെ കനലുകളെയും കോറിയിടുന്നു.

വാക്കുകളുടെ അധികാരമല്ല, വികാരങ്ങളുടെ സത്യസന്ധതയാണ് ഈ കവിതകളുടെ ശക്തി. മനുഷ്യന്റെ മനസ്സിൽ നിശ്ശബ്ദമായി സംഭവിക്കുന്ന മാറ്റങ്ങളെയും തകർച്ചകളെയും പ്രതീക്ഷകളെയും രേഖപ്പെടുത്താൻ കവി ശ്രമിക്കുന്നു. അതുകൊണ്ടുതന്നെ ഈ പുസ്തകം ഒരു കവിതാസമാഹാരം മാത്രമല്ല, മനുഷ്യജീവിതത്തിന്റെ മാനസിക ഭൂപടം കൂടിയായി മാറുന്നു.

ചുരുക്കത്തിൽ, 'ഒറ്റ' എന്ന ഈ കവിതാ സമാഹാരത്തെ ഒറ്റ വാചകത്തിൽ ഇങ്ങനെ നിർവചിക്കാം:

'ഏകാന്തതക്ക് ഒരു ഭാഷയുണ്ടെങ്കിൽ അതാണ് ഒറ്റ.'

ഓൺലൈൻ വായനയ്ക്ക്:

പ്രവാസി ഓണമനസ്സ് | വൈശാഖ് തൃപ്രയാർ



# വേറിട്ടൊരോണം

പൂവിളികളും പുലികളിയുമായി വീണ്ടും ഒരു ഓണക്കാലം കൂടി വന്നെത്തിയിരിക്കുന്നു. നാട്ടിൽ ഓണത്തിന്റെ തിരക്കും ആഘോഷങ്ങളും തകൃതിയായി നടക്കുമ്പോൾ, ആ ആഘോഷത്തിന്റെ ആരവങ്ങൾ ഗൾഫ് നാടുകളിലിരുന്നും പ്രവാസികളുടെ കാതുകളിലെത്തുന്നുണ്ട്. നാട്ടിലേക്ക് വിളിക്കുമ്പോൾ കേൾക്കുന്ന ഓണവിശേഷങ്ങളും, സോഷ്യൽ മീഡിയയിലൂടെ കാണുന്ന പൂക്കളങ്ങളും ഓണക്കോടികളും ഓണസദ്യയുടെ ചിത്രങ്ങളുമെല്ലാം പ്രവാസിയുടെ മനസ്സിനെ വർഷങ്ങൾക്കപ്പുറത്തേക്ക്, തന്റെ ബാല്യകാല ഓർമ്മകളിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു.

നാട്ടിലെ അന്നത്തെ ഓണം ഇന്നത്തേതിൽ നിന്ന് ഒരുപാട് വ്യത്യസ്തമായിരുന്നു. ഓണം വരുന്നതിന് ദിവസങ്ങൾക്കുമുമ്പേ തന്നെ ആഘോഷങ്ങളുടെ ഒരുക്കങ്ങൾ തുടങ്ങും. പിള്ളേർ കൂട്ടം ചേർന്ന് പൂക്കൾ തേടിയിറങ്ങുന്നതും വീട്ടുമുറ്റത്ത് പൂക്കളം ഒരുക്കാൻ മത്സരിക്കുന്നതും ഓണക്കളികൾക്കായി തയ്യാറെടുക്കുന്നതുമെല്ലാം ഇന്നും മനസ്സിൽ മായാതെ നിൽക്കുന്ന ഓർമ്മകളാണ്. ഏതൊരു കാര്യവും ഗംഭീരമാക്കാൻ കുട്ടികളും മുതിർന്നവരും ഒരുപോലെ ആവേശത്തോടെ പങ്കെടുത്തിരുന്ന കാലം.

ഓണം അടുത്തെത്തുമ്പോഴേക്കും ഓണക്കളികളുടെ ആവേശവും നാടാകെ നിറയും. കളികളിൽ പങ്കെടുക്കാനും വിജയിക്കാനുമുള്ള വാശിയും ആവേശവും വേറിട്ടൊരു അനുഭവമായിരുന്നു. ഓണക്കാലത്ത് പുതിയ ഓണക്കോടിയണിഞ്ഞ് അമ്പലത്തിൽ പോയി വരുമ്പോഴുണ്ടായിരുന്ന ആ പ്രൗഢിയും സന്തോഷവും ഇന്നും ഓർമ്മകളിൽ തെളിഞ്ഞുനിൽക്കുന്നു.

അതിനു ശേഷം കാത്തിരിക്കുമായിരുന്നത് അമ്മയുടെ കൈപ്പുണ്യത്തിൽ ഒരുങ്ങുന്ന ഓണസദ്യയായിരുന്നു. വാഴയിലയിൽ നിരന്നിരുന്ന കറികളും പായസവും, എല്ലാവരും ഒരുമിച്ചിരുന്ന് കഴിക്കുന്ന ആ സദ്യയും മനസ്സിനെയും വയറിനെയും ഒരുപോലെ നിറച്ചിരുന്നു.

സദ്യ കഴിഞ്ഞാൽ പിന്നെ അടുത്ത യാത്ര അമ്മാവന്റെ വീട്ടിലേക്കായിരുന്നു. അവിടെയും കാത്തിരുന്നത് ഒരുപാട് കൂട്ടുകാരായിരുന്നു. ആ പത്ത് ദിവസത്തെ ഓണാവധിക്കാലം അവർക്കൊപ്പം കളിച്ചും ചിരിച്ചും ആഘോഷിച്ചും കടന്നുപോകും. അവധി അവസാനിച്ച് വീട്ടിലേക്ക് മടങ്ങുമ്പോൾ മനസ്സിൽ വല്ലാത്തൊരു വിഷമമായിരുന്നു. പ്രിയപ്പെട്ട കൂട്ടുകാരെ പിരിയുന്നതിന്റെ സങ്കടം ഉള്ളിലൊതുക്കി, ചിലപ്പോൾ അൽപ്പം വിതുമ്പിയായിരുന്നു ആ മടക്കയാത്ര.

അതൊരു സുവർണ ബാല്യകാലമായിരുന്നു. ഇന്നത്തെ തലമുറയ്ക്ക് പലപ്പോ ഴും നഷ്ടപ്പെട്ടുപോകുന്ന ഒരു കാലഘട്ടം. പക്ഷേ ഇന്ന്...

പ്രവാസിക്ക് ഓണം പലപ്പോഴും വീഡിയോ കോളിലൂടെയാണ് എത്തുന്നത്. ഓണത്തിന്റെ വരവറിയുന്ന ദിവസങ്ങളിൽ തുടങ്ങി തിരുവോണദിനം വരെ നാട്ടിലെ ഓരോ വിശേഷങ്ങളും മൊബൈൽ സ്ക്രീനിലൂടെ കാണുമ്പോൾ, ഒരേസമയം സന്തോഷവും സങ്കടവും മനസ്സിൽ നിറയും. പ്രിയപ്പെട്ടവർ ആഘോഷിക്കുന്നത് കാണുമ്പോൾ സന്തോഷമുണ്ടാകും. എന്നാൽ ആ ആഘോഷത്തിന്റെ ഭാഗമാകാൻ കഴിയാത്തതിന്റെ വേദനയും അതിനൊപ്പം ഉണ്ടാകും.

നാടും വീടും പ്രിയപ്പെട്ടവരും മുന്നിലുണ്ടെങ്കിലും തൊട്ടുണർത്താൻ കഴിയാ ത്ത അവസ്ഥ ചിരിച്ച മുഖത്തോടെ ആ വേദന മറച്ചുവെക്കുകയാണ് പല പ്രവാസികളും.



ലേഖകൻ വൈശാഖ് തൃപ്രയാർ ഖത്തറിലെ സുഹൃത്തുക്കളായ അൻസാർ, ബിനു വേലായുധൻ, ഷുക്കൂർ, ഷംഷാദ് എന്നിവർക്കൊപ്പം ഓണസദ്യ കഴിക്കുന്നു.

പക്ഷേ... ഇവിടെയും കാലം മാറി. ജോലിത്തിരക്ക്, ക്ഷീണം, അവധിയുടെ കുറവ്, ജീവിതച്ചെലവുകൾ. ഇതെല്ലാം പ്രവാസിയുടെ ആഘോഷങ്ങളെയും മാറ്റിമറിച്ചു. ഇന്ന് പലർക്കും റൂമുകളിൽ സദ്യ ഒരുക്കാൻ സമയമില്ല. റെസ്റ്റോറന്റുകളിൽ ഒരുക്കുന്ന ഓണസദ്യ ബുക്ക് ചെയ്യുകയോ, കഴിയാത്തവർ ബിരിയാണി വാങ്ങി പേരിനെങ്കിലും ഓണം ആഘോഷിക്കുകയോ ചെയ്യുന്നു.

എങ്കിലും, ഇപ്പോഴും പ്രവാസലോകത്ത് ഓണത്തിന്റെ പെരുമ നിലനിർത്തുന്നത് മലയാളി സംഘടനകളുടെ നേതൃത്വത്തിൽ നടക്കുന്ന ഓണാഘോഷങ്ങളാണ്. പൂക്കളവും ഓണക്കളികളും കലാപരിപാടികളും സദ്യയും ഒക്കെയായി അവർ പ്രവാസികൾക്ക് ഒരു ദിവസത്തേക്കെങ്കിലും നാടിന്റെ ഓർമ്മകൾ സമ്മാനിക്കുന്നു.

നാട്ടിലുള്ളവർക്കൊപ്പം ഓണം ആഘോഷിക്കണമെന്ന ആഗ്രഹം ഓരോ പ്രവാസിയുടെ മനസ്സിലുമുണ്ട്. പക്ഷേ നാട്ടിലേക്കുള്ള വിമാന ടിക്കറ്റ് നിരക്ക് കേൾക്കുമ്പോൾ പല സ്വപ്നങ്ങളും അവിടെത്തന്നെ അവസാനിക്കും. 'ഇത്തവണ പോകാൻ കഴിയില്ല... അടുത്ത അവധിക്ക് പോകാം' എന്ന് മനസ്സിനെ പറഞ്ഞ് ആശ്വസിപ്പിക്കും.

പിന്നെ പതിവുപോലെ ഒരു വീഡിയോ കോൾ. മൊബൈൽ സ്ക്രീനിന്റെ മറുവശത്ത് ഓണക്കോടിയണിഞ്ഞ മക്കൾ. വീട്ടുമുറ്റത്ത് പൂക്കളം. സദ്യയുടെ ഒരുക്കങ്ങൾ. അച്ഛനും അമ്മയും. ഭാര്യ, സഹോദരങ്ങൾ, ബന്ധുക്കൾ.

എല്ലാം കാണാം. ഒന്നും തൊടാൻ കഴിയില്ല. അതുതന്നെയാണ് പ്രവാസിയുടെ ഓണത്തിന്റെ ഏറ്റവും വലിയ വേദന. എങ്കിലും ഓരോ പ്രവാസിയും ഒരു പ്രതീക്ഷ മനസ്സിൽ സൂക്ഷിക്കുന്നുണ്ട്. അടുത്ത അവധിക്ക് നാട്ടിലെത്തണം. മുറ്റത്ത് മക്കളോടൊപ്പം ചേർന്ന് ഒരു വലിയ പൂക്കളം ഒരുക്കണം. ഓണക്കോടിയണിഞ്ഞ് കൂട്ടുകാർക്കൊപ്പം ഓണാഘോഷങ്ങളിൽ പങ്കെടുക്കണം. അച്ഛനും അമ്മയ്ക്കും ഭാര്യയ്ക്കും മക്കൾക്കും സഹോദരൾക്കും ഒരുമിച്ചിരുന്ന് ഓണസദ്യ കഴിക്കണം. സദ്യ കഴിഞ്ഞ് എല്ലാവരും ചേർന്ന് ഓണക്കളികളിൽ പങ്കെടുക്കണം.

എത്ര വേദനയുണ്ടായാലും, കുടുംബത്തിന്റെ മുന്നോട്ടുള്ള ജീവിതത്തിനും മക്കളുടെ ഭാവിക്കും വേണ്ടിയാണ് താൻ ഇവിടെ തുടരുന്നതെന്ന ചിന്തയാണ് വീണ്ടും വീണ്ടും ഓരോ പ്രവാസിയെയും പിടിച്ചുനിർത്തുന്നത്.

നാട്ടിലുള്ളവർ ഓണക്കോടിയെടുക്കാനും ഓണം ആഘോഷിക്കാനുമായി പണം അയയ്ക്കുമ്പോൾ, വീട്ടുകാരുടെ മുഖത്ത് വിരിയുന്ന സന്തോഷമാണ് പല പ്രവാസികൾക്കും സ്വന്തം ഓണസന്തോഷം. അതിനപ്പുറം വലിയ ആഗ്രഹങ്ങളൊന്നും അവർക്കുണ്ടാകണമെന്നില്ല.

ആ നിമിഷം... ഒരു പ്രവാസി മലയാളിയെ സംബന്ധിച്ച് അതിനേക്കാൾ വലിയൊരു സന്തോഷം മറ്റൊന്നുമുണ്ടാകില്ല. കാരണം പ്രവാസിക്ക് ഓണം ഒരു ആഘോഷം മാത്രമല്ല; അതൊരു തിരിച്ചുവരവിന്റെ സ്വപ്നം കൂടിയാണ്.

ഓണം വരുമ്പോൾ നാട്ടിലെ വീട്ടുമുറ്റത്ത് പൂക്കളമാണ് വിരിയുന്നത്; പ്രവാസിയുടെ മനസ്സിൽ വിരിയുന്നത് ഓർമ്മകളും. അവന് നാട്ടിലെ മുറ്റമില്ലായിരിക്കാം. പക്ഷേ ആ മുറ്റത്തിന്റെ ഓർമ്മയുണ്ട്. അവന് കുടുംബം അടുത്തില്ലായിരിക്കാം; പക്ഷേ അവരുടെ സ്നേഹം അകലെയല്ല. അവന് ഓണം ആഘോഷിക്കാൻ കഴിഞ്ഞില്ലായിരിക്കാം; പക്ഷേ മറ്റുള്ളവരുടെ ഓണം മനോഹരമാക്കാൻ അവന് സാധിക്കുന്നുണ്ട്.

പൂക്കളമോ ഓണസദ്യയോ ഓണക്കോടിയോ മാത്രമല്ല ഓണം; ഒരാൾ മറ്റൊരാളെ ഓർക്കുന്നതാണ് ഓണം! അകലെയുള്ളവരെ ഹൃദയത്തോട് ചേർത്തു നിർത്തുന്നതാണ് ഓണം അതുകൊണ്ടുതന്നെ, പ്രവാസിയുടെ ഓണം എന്നും വേറിട്ടതാണ്..!

ഓൺലൈൻ വായനയ്ക്ക്:

# ഓണമോർമ്മയിൽ ഒരു അച്ഛനോർമ്മ

അന്ന്... അച്ഛൻ വിടപറഞ്ഞുപോയ ദിവസം. എന്നത്തേയുംപോലെ ഒരു സാധാരണ ദിവസമായിരുന്നില്ല അത്. പ്രകൃതിയിലും വൃക്ഷലതാദികളിലും പക്ഷിമൃഗാദികളിലും എന്തോ ഒരു പന്തികേടുണ്ടെന്ന തോന്നൽ ഉണർന്നപ്പോൾ മുതൽ മനസ്സിൽ ശക്തമായിരുന്നു.

തോരാമഴയിലെ ആ പുലർക്കാലം എന്നെ തൊട്ടുണർത്തിയത് ചേർത്തടച്ച വാതിലുകളിലും ജനാലകളിലും കാറ്റുവന്ന് അതിശക്തമായി തട്ടിവിളിച്ചുകൊണ്ടായിരുന്നു. കാലവർഷം കനത്തതിന്റെ ആഘാതമായിരിക്കാം അതെല്ലാം എന്ന ചിന്ത മാത്രമാണ് ആ നേരത്ത് ഉള്ളിലുണർന്നത്.

പക്ഷേ, ആർത്തലച്ചു പെയ്യുന്ന മഴയുടെ ശബ്ദത്തിൽ തറവാട്ടുവീട്ടിലെ ഉമ്മറത്തുനിന്നും കേൾക്കാറുള്ള അച്ഛന്റെ പഴഞ്ചൻ തയ്യൽ മെഷീനിന്റെ കടകട ശബ്ദവും ചാരുകസേരയുടെ ഞെരുക്കവും ഇടതടവില്ലാതെ വരുന്ന അച്ഛന്റെ ചുമയും കലർന്നിരിക്കുന്നതുപോലെ തോന്നിത്തുടങ്ങിയ നിമിഷം മുതൽ മനസ്സിൽ ആപത്ശങ്ക നിറയാൻ തുടങ്ങി.

അകലങ്ങളിൽനിന്ന്, 'അഭീ...' എന്ന അച്ഛന്റെ നീട്ടിവിളി കാതിൽ വന്നലയ്ക്കുന്നതുപോലെ..

ആ കിടപ്പിൽ അനങ്ങാനാകാതെ കുറച്ചുനേരംകൂടി കിടന്നു. തലേന്നാൾ നെടുമ്പാളിൽ പോയിരുന്നതാണ്. അന്നേരം, തീരെ അവശനായി തോന്നിയിരുന്നെങ്കിലും അച്ഛൻ കിടപ്പിലായിരുന്നില്ല. രണ്ടു തവണ അറ്റാക്ക് വന്നതിന്റെയും ഷുഗറിന്റെ രൂക്ഷമായ ആക്രമണത്തിന്റെയും പതിവു ലക്ഷണങ്ങൾക്കപ്പുറം മറ്റൊന്നും തോന്നിയില്ല.

തയ്യൽ മെഷീനുമൊത്ത് രാപ്പകലില്ലാതെ അധ്വാനിച്ച് രണ്ടു പെൺകുട്ടികളെ വളർത്തി മാന്യമായി വിവാഹം കഴിപ്പിച്ച അച്ഛൻ. ആരെയും ബുദ്ധിമുട്ടിക്കാതെ ജീവിക്കാനുള്ള അത്യാവശ്യ സൗകര്യങ്ങളെല്ലാം സ്വരൂപിച്ച്, അമ്മയ്ക്കൊപ്പം ശാന്തമായൊരു ജീവിതസായാഹ്നം കഴിച്ചുകൂട്ടിവരികയായിരുന്നു.

മടങ്ങിപ്പോരുമ്പോൾ മക്കൾക്ക് ഓണക്കോടി വാങ്ങാനുള്ള പൈസ നിറഞ്ഞ ചിരിയോടെ എന്റെ കയ്യിൽ ഏൽപ്പിച്ചിരുന്നു.

വീടിന്റെ പുറകുവശത്തെ പാടത്ത് ഉദയസൂര്യൻ എത്തേണ്ട സമയം അതിക്രമിച്ചെന്നറിഞ്ഞിട്ടും എണീക്കാൻ തോന്നിയില്ല. പടിഞ്ഞാറുവശത്തെ വാഴത്തോപ്പിൽ ഒരു ആളനക്കം കേൾക്കുന്നതുപോലെ....

അച്ഛൻ മൂർക്കനാട് വന്നുനിൽക്കാറുള്ള ദിവസങ്ങളിൽ, കാറ്റും മഴയുമുള്ള രാത്രികൾക്കുശേഷമുള്ള പുലർക്കാലങ്ങളിൽ കുലച്ചുനിന്നിരുന്ന വാഴകൾ ഒടിഞ്ഞുവീണിട്ടുണ്ടോ എന്ന് അതിരാവിലെ ചെന്നുനോക്കുന്ന പതിവുണ്ടായിരുന്നു അച്ഛന്.

ആ ഓർമ്മ കടന്നുവന്നതോടെ, കിണറ്റിൻപടിയിലെ കപ്പി കരയുന്നതും തൊട്ടിയിലെ വെള്ളത്തിൽ കാൽ കഴുകുന്നതും അടുക്കളപ്പുറത്തെ ചായ്പ്പിൽ അന്തിയുറങ്ങാറുള്ള നായയുടെ തണുത്തുവിറങ്ങലിച്ച ഓരിയിടലും കേട്ടു. പതിയെ പിന്നാമ്പുറത്തുനിന്ന് പതിഞ്ഞ കാലൊച്ച ഉമ്മറപ്പടിയിലെത്തുന്നതും കേട്ടു. അതോടൊപ്പം വലിയൊരു ഇടിമുഴക്കമുണ്ടായി!

ആ സമയം നിറമില്ലാത്ത... മണമില്ലാത്ത... നിശ്ശബ്ദമായ ഒരു ശ്വാസോച്ഛ്വാസം എന്നെ വലയം ചെയ്യുന്നതും ഉള്ളിലേക്കത് തുളച്ചുകയറുന്നതും, കത്രികത്തഴമ്പുകൾ പതിഞ്ഞുകിടക്കുന്ന ഒരു കരലാളനം എന്നെ തൊട്ടുഴിഞ്ഞുപോകുന്നതും, തിമിരം പടർന്നതുപോലെ അടഞ്ഞുകിടക്കുന്ന മനക്കണ്ണിൽ തെളിയാൻ തുടങ്ങി.

വീടാകെ മൂടിക്കെട്ടിനിന്നിരുന്ന പുലർകാലത്തെ നേർത്ത വെളിച്ചത്തിൽ, അടുക്കളപ്പുറത്തിരുന്ന ഒരു ചില്ലുഗ്ലാസ് താഴെ വീണു പൊട്ടിച്ചിതറിയതിന്റെ ശബ്ദം നൂറായിരം ചീളുകളായി വീടിനെ ഉണർത്തുന്നതായും, അവ എനിക്കുമേൽ ആർത്തലയ്ക്കാൻ കാത്തുനിൽക്കുന്നതായും മനസ്സ് മന്ത്രിച്ചു.

സുഭാഷേട്ടന്റെ ഫോണിലേക്ക് അമ്മയുടെ വിളിയെത്തിയതും ആ സമയത്തായിരുന്നു. അതോടെ ഉള്ളിൽ പെയ്തുകൊണ്ടിരുന്ന ആപത്ശങ്ക പൂർവാധികം ശക്തമായി. നെടുമ്പാളിലെ മേൽക്കൂരയ്ക്കു മുകളിൽ അനാഥത്വത്തിന്റെ പെരുമഴ പെയ്തു തുടങ്ങിയത് ആ നിമിഷം മുതൽ എന്റെ പ്രജ്ഞയിൽ വന്നുനിറഞ്ഞു.




തയ്യൽ മെഷീനുമൊത്ത് രാപ്പകലില്ലാതെ അധ്വാനിച്ച് രണ്ടു പെൺകുട്ടികളെ വളർത്തി മാന്യമായി വിവാഹം കഴിപ്പിച്ച അച്ഛൻ. ആരെയും ബുദ്ധിമുട്ടിക്കാതെ ജീവിക്കാനുള്ള അത്യാവശ്യ സൗകര്യങ്ങളെല്ലാം സ്വരൂപിച്ച്, അമ്മയ്ക്കൊപ്പം ശാന്തമായൊരു ജീവിതസായാഹ്നം കഴിച്ചുകൂട്ടിവരികയായിരുന്നു.

അഭിതാ സുഭാഷ്






# അച്ഛൻ വിടപറഞ്ഞു പോയ ദിവസം

ഓൺലൈൻ വായനയ്ക്ക്:

ലേഖനം സതീഷ് കളത്തിൽ





# മൃഗം - മനുഷ്യൻ - മെയ്യെഴുത്ത്: തൃശ്ശൂർ പുലിക്കളിയുടെ

# ചരിത്രപരിണാമം




ചരിത്രത്തിൽ അടയാളപ്പെട്ടു കിടക്കുന്ന ഏതൊരു കലാരൂപവും പെട്ടെന്നുണ്ടാകുന്ന ഒന്നല്ല; അത് വിവിധ സംസ്കാരങ്ങളുടെയും ചരിത്രസന്ധികളുടെയും സ്വാഭാവികമായ കൈമാറ്റമാണ്. തൃശ്ശൂരിലെ സ്വരാജ് റൗണ്ടിൽ ഇന്ന് നാം കാണുന്ന പുലിക്കളി എന്ന ആയോധന മഹാമഹത്തിനു പിന്നിലും നിരവധി ചരിത്ര-സാംസ്കാരിക കഥകൾ ഉറങ്ങിക്കിടപ്പുണ്ട്.

കേരളത്തിന്റെ തനത് ഉത്സവങ്ങളിൽ ഏറ്റവും ജനകീയവും വിപുലവുമായ ഓണത്തിന്റെ പത്തുനാൾ നീണ്ടുനിൽക്കുന്ന ആഘോഷങ്ങളുടെ സമാപനമായി നാലാം ഓണ നാളിൽ തൃശ്ശൂർ സ്വരാജ് റൗണ്ടിൽ അരങ്ങേറുന്ന കടുവക്കളി അഥവാ പുലിക്കളി, നാടോടി-ആയോധനകലകളുടെ ഒരു സമ്മിശ്രദൃശ്യവിസ്മയ വിരുന്നാണ്.

തൃശ്ശൂരിനു പുറമെ പാലക്കാട്, കൊല്ലം, തിരുവനന്തപുരം, കാസർകോട് തുടങ്ങിയ ജില്ലകളിലെ വിവിധ പ്രദേശങ്ങളിലും പുലിക്കളി അരങ്ങേറുന്നുണ്ട്. എങ്കിലും തൃശ്ശൂരിലെ പുലിക്കളിയാണ് കേരളത്തിലെ ഈ കലാരൂപത്തിന്റെ ഏറ്റവും പഴക്കമേറിയതും വികസിച്ചതുമായ രൂപമായി കണക്കാക്കപ്പെടുന്നത്.

ഒരു സംസ്ഥാന ആഘോഷത്തിനപ്പുറം, 'കേരളത്തിന്റെ ദേശീയോത്സവം' എന്ന പരിവേഷത്തിലേക്ക് ഓണത്തെ എത്തിക്കുന്നതിൽ ഈ നാടോടി നൃത്ത-വാദ്യ കലാരൂപത്തിനും തനതായ സ്ഥാനമുണ്ട്. അതിപുരാതനക്കാലത്ത് രൂപംകൊണ്ടതെന്നു കരുതപ്പെടുന്ന പുലിക്കളിയുടെ നരവംശശാസ്ത്രപരമായ പശ്ചാത്തലവും ചരിത്ര-സാംസ്കാരിക വികാസപരിണാമങ്ങളും നൂറ്റാണ്ടുകളോളം ആഴത്തിൽ വേരൂന്നിക്കിടക്കുന്ന ഒന്നാണ്.

ആദിമ മനുഷ്യൻ പ്രകൃതിയെയും വന്യജീവികളെയും ഭയപ്പാടോടെയും ആദരവോടെയും വീക്ഷിച്ചിരുന്ന കാലത്ത്, വന്യമൃഗങ്ങളുടെ ശൗര്യവും കരുത്തും തങ്ങളിലേക്ക് ആവാഹിച്ചെടുക്കാനും അവയെ കീഴ്പ്പെടുത്താനുമായി മൃഗങ്ങളോട് ഒരു മാനസിക താദാത്മ്യപ്പെടൽ അവലംബിച്ചിരുന്നു. വസ്ത്രങ്ങൾക്കും ആഭരണങ്ങൾക്കും മുൻപേ, പ്രകൃതിദത്തമായ വിവിധ രൂപകങ്ങൾക്ക് പുറമെ, മൃഗരൂപങ്ങൾ ശരീരത്തിൽ വരച്ചു ചേർത്തോ, അവ കൃത്രിമമായി ഉണ്ടാക്കി ധരിച്ചോ, അവയുടെ തോലും തലയും മറ്റും അണിഞ്ഞോ ജീവിച്ചിരുന്ന രീതി പ്രാചീന ഗോത്രസമൂഹങ്ങളുടെ സ്വഭാവങ്ങളിൽ നിലനിന്നിരുന്നതായി കാണാം.

ഇതിന്റെയൊരു സാമ്യത പുലിക്കളിയിലും കാണാവുന്നതാണ്. നരവംശശാസ്ത്രപരമായി പറയുകയാണെങ്കിൽ, കാടിന്റെ (പ്രകൃതിയുടെ) വന്യതയെ സ്വന്തം ശരീരത്തിലേക്ക് വരച്ചുചേർത്തുകൊണ്ട് നടത്തുന്ന ആദ്യകാല വേട്ടയാടൽ ശീലത്തിന്റെയും, മെയ്യെഴുത്തിലൂടെ തങ്ങളുടെ ഗോത്ര അടയാളങ്ങളും പ്രകൃതിബന്ധവും പ്രകടിപ്പിച്ചിരുന്ന രീതിയുടെയും സാംസ്കാരിക തുടർച്ചയായി വന്നതാകണം പുലിക്കളി എന്ന ഈ പ്രാചീന കലാരൂപം.

വനഭൂമികൾ കൃഷിഭൂമികളായും ഗ്രാമങ്ങളായും നഗരങ്ങളായും മാറിയപ്പോഴും ആദിമ വേട്ടയാടൽ സംസ്കാരത്തിന്റെ സ്മരണകൾ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള കലാരൂപങ്ങളിലും അവശേഷിച്ചു. പുലിക്കളിപോലെയുള്ള കലകളിൽ കാണപ്പെടുന്ന, വേട്ടക്കാരനും ഇരയും തമ്മിലുള്ള സംഘർഷങ്ങളിലും താളവാദ്യങ്ങളിലും ചുവടുവെപ്പുകളിലും ആദിമകാല വേട്ടയാടൽ സംസ്കാരത്തിന്റെ ബഹിർസ്ഫുരണങ്ങൾ കാണാം.

## പുലിവേഷക്കളിയിലെ സംഘകാല സ്വാധീനം:

കായികക്ഷമതയും ആയോധനമുറകളും താളബോധവും ഒത്തുചേരുന്ന അപൂർവ്വം നാടോടിക്കലകളിൽ ഒന്നായ പുലിക്കളിയ്ക്ക് എഴുതപ്പെട്ട ഒരു പ്രാഥമിക ചരിത്രത്തിന്റെ അഭാവമുണ്ടെങ്കിലും, പ്രാചീന മൃഗവേഷ നൃത്തരൂപങ്ങൾക്ക് സംഘകാലത്തെ കുറിഞ്ചി, വെട്ചി, കരന്തൈ തിണകളിലെ ചില അനുഷ്ഠാനങ്ങളോട് അഭേദ്യമായ സാമ്യമുള്ളതായി കാണാം.

ഇളങ്കോവടികളുടെ ചിലപ്പതികാരത്തിലെ മധുരൈക്കാണ്ഡത്തിലെ 12-ാം ഭാഗമായ 'വേട്ടുവവരി' എന്ന കാവ്യഭാഗത്ത് വേട്ടക്കാർ തങ്ങളുടെ കുലദൈവമായ കൊറ്റവൈ(കാളി) യെ പ്രസാദിപ്പിക്കാനായി നടത്തുന്ന നൃത്തങ്ങളെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്.

ഇതിലെ 20 മുതൽ 35 വരെയുള്ള വരികൾ, ശാലോനി എന്ന വേടപ്പെണ്ണിനെ കൊറ്റവൈയെപ്പോലെ ഒരുക്കി, മാനിന്റെ പുറത്ത് ഇരുത്തുന്നതിന്റെ വർണ്ണനയാണ്. "ഇട്ടു തലൈയെണ്ണും എയിനരല്ലതു" എന്നു പറഞ്ഞു തുടങ്ങുന്ന ഈ ഭാഗത്ത്, തലയെണ്ണി തലകൊയ്യുന്ന വില്ലാളികളുള്ള കുടിയിലെ കന്യകയുടെ ചുരുളൻ മുടിയെ വെള്ളപ്പാമ്പിന്റെ കുട്ടിയെ ചരടാക്കി കെട്ടിവെച്ച്, കാവൽ മരങ്ങൾ നിറഞ്ഞ വേലിക്കെട്ടിനുള്ളിൽ കടന്നുകയറിയ ആനയുടെ വളഞ്ഞു വെളുത്ത കൊമ്പ് പിഴുതെടുത്ത്, ഉദിച്ചുയരുന്ന അർദ്ധചന്ദ്രനെപ്പോലെ അവളുടെ നെറ്റിയിൽ ചാർത്തുന്നതും, ശൗര്യമുള്ള പുലിയുടെ വായ് പിളർന്നെടുത്ത വെളുത്ത പല്ലുകൾ കോർത്ത താലിമാല അവളുടെ കഴുത്തിൽ അണിയിക്കുന്നതും, വരകളും പുള്ളികളും നിറഞ്ഞ വലിയ പുലിത്തോൽ അരയിൽ ഉടുപ്പായി ധരിപ്പിക്കുന്നതുമെല്ലാം വിവരിക്കുന്നുണ്ട്. പ്രാചീന മൃഗവേഷ ആചാരങ്ങളുടെ വ്യക്തമായ സൂചനകളാണ് ഈ വരികളിലുള്ളത്.

ഇതുപോലെ മൃഗങ്ങളെ, പ്രത്യേകിച്ച് പുലിവേഷത്തെ ആധാരമാക്കി രചിക്കപ്പെട്ട നിരവധി വരികൾ ഇതിൽ കാണാം. വരയൻ/പുള്ളിപ്പുലിയുടെ തോൽ ധരിച്ചും പുലിപ്പല്ലിന്റെ മാലയണിഞ്ഞും മാനിന്റെയോ മറ്റോ കൊമ്പുകൾ കയ്യിലേന്തി താളം കൊട്ടി, മൃഗങ്ങളുടെ ഭാവങ്ങളും ചലനങ്ങളും അനുകരിച്ച് വേടന്മാർ നൃത്തം ചെയ്യുന്ന വിവരണങ്ങൾ ഇതിന് തെളിവാണ്.

'മറവർ', 'എയ്നർ' തുടങ്ങിയ വേടവിഭാഗക്കാരുടെ പോരാട്ടവീര്യത്തെയും വേട്ടയാടൽ ആചാരങ്ങളെയും കുറിച്ച് ഇതിൽ പ്രതിപാദിക്കുന്നുണ്ട്. നായാട്ടിനോ യുദ്ധത്തിനോ തയ്യാറെടുക്കുമ്പോൾ 'തുടി' എന്ന പ്രാചീന വാദ്യത്തിൽ ശബ്ദമുണ്ടാക്കി മൃഗങ്ങളുടെയും പോരാളികളുടെയും വീരഭാവങ്ങൾ പ്രകടിപ്പിക്കുന്ന നൃത്ത-വാദ്യ അനുഷ്ഠാനകലാരൂപം സംഘകാലത്തു നിലനിന്നിരുന്നു എന്ന വ്യക്തമായ സൂചന പുറനാനൂറിലെ 'തുടിനിലൈ'യിലും കാണാം. മൃഗത്തോൽ വലിച്ചുകെട്ടിയുണ്ടാക്കുന്ന 'തുടി' (തണ്ണുമൈ) എന്ന പ്രാചീന വാദ്യോപകരണം കൊട്ടുന്ന ആളെ 'ഇഴിചിനൻ' എന്നാണ് വിളിച്ചിരുന്നത്. തമിഴ്നാട്ടിൽ ഇന്നും 'പുലിയാട്ടം' എന്ന പേരിൽ നിലനിൽക്കുന്ന നാടോടികലയും ഈ സാംസ്കാരിക പാരമ്പര്യത്തിന്റെ തുടർച്ചയാണ്.

അതേസമയം, സംഘകാലപാരമ്പര്യത്തിൽ നിന്നാണ് ഇന്നുകാണുന്ന പുലിക്കളി നേരിട്ട് രൂപംകൊണ്ടതെന്ന നിഗമനത്തിലേക്ക് എത്തിച്ചേരാനുള്ള തെളിവുകൾ അപര്യാപ്തമാണ്. തൃശ്ശൂരിലെ/ കേരളത്തിലെ പുലിക്കളിപോലെയുള്ള മൃഗവേഷ കായികസംസ്കാരം തനതു വാദ്യങ്ങളോടെ തമിഴ്നാടിനു പുറമെ, അക്കാലത്തെ ഒട്ടുമിക്ക ദക്ഷിണേന്ത്യൻ പ്രദേശങ്ങളിലും നിലനിന്നിരുന്നു എന്നത് നരവംശശാസ്ത്രപരമായ ഒരു വസ്തുതയാണ്.

## ഇന്ത്യൻ ആഘോഷങ്ങളിലെ പുലിവേഷ പ്രകടനങ്ങളും ചരിത്ര വസ്തുതകളും:

കേരളത്തിനു പുറമെ മഹാരാഷ്ട്ര, കർണ്ണാടക, ആന്ധ്രാപ്രദേശ്, തെലങ്കാന, മധ്യപ്രദേശ്, ഒഡീഷ, പശ്ചിമ ബംഗാൾ, തമിഴ്നാട്, ഗോവ തുടങ്ങിയ സംസ്ഥാനങ്ങളിലും ത്രിപുര, അസം ഉൾപ്പെടെയുള്ള വടക്കുകിഴക്കൻ ഇന്ത്യയിലെ ചില ഗോത്രമേഖലകളിലും നടന്നുവരുന്ന വിവിധ ആഘോഷങ്ങളിൽ പുലിവേഷധാരികളുടെ പ്രകടനങ്ങൾ കാണാം. ഇതിൽ ഭൂരിഭാഗവും നൂറ്റാണ്ടുകളായി തുടർന്നുപോരുന്ന നാടോടി പാരമ്പര്യങ്ങളാണ്.

ഒഡീഷയിലെ ഗഞ്ചാംബെർഹാംപൂർ പ്രദേശത്ത് ചൈത്രമാസത്തിൽ നടക്കുന്ന 'മാ ബുധി ഠാകുറാണി' യാത്രയോടനുബന്ധിച്ച് 'ബാഗ നാച്ച്' എന്ന പേരിൽ ഈ പുലിവേഷ നൃത്തം അവതരിപ്പിക്കപ്പെടുന്നു; പശ്ചിമ ബംഗാളിലും ഈ പേരിൽ തനത് പുലിവേഷങ്ങളുണ്ട്. ആന്ധ്രാപ്രദേശിൽ 'പുലി വേഷ' എന്നും തെലങ്കാനയിൽ 'പേട പുലി' (Peda Puli) എന്നും ഇതറിയപ്പെടുന്നു. തമിഴ്നാട്ടിലെ 'പുലിയാട്ടം' സ്വാമി അയ്യപ്പന്റെ നാടോടി സങ്കൽപ്പങ്ങളുമായും മഴയ്ക്കും കാർഷിക അഭിവൃദ്ധിക്കുമുള്ള ഗ്രാമീണ ചടങ്ങുകളുമായും ബന്ധപ്പെട്ടുകിടക്കുന്നു. മഹാരാഷ്ട്ര, കർണ്ണാടക, ഗോവ തുടങ്ങിയ ഇടങ്ങളിൽ പ്രധാനമായും മുഹറം, ദസറ, നവരാത്രി ആഘോഷങ്ങളോടനുബന്ധിച്ചാണ് ഇവ അരങ്ങേറുന്നത്. മംഗലാപുരം-ഉഡുപ്പി തുളുനാട് മേഖലയിൽ 'പിലി വേഷ'/ ഹുലിവേഷ എന്ന പേരിൽ ദുർഗ്ഗാദേവിയുടെ വാഹനമായ കടുവയെ പ്രീതിപ്പെടുത്താനുള്ള വഴിപാടായി ഇത് നടക്കുന്നു.

ഇത്തരം ആഘോഷങ്ങളിൽ പുലിവേഷ പ്രകടനങ്ങൾ ഉത്ഭവിച്ചത് എന്ന് മുതലാണെന്നതിന് കൃത്യമായ ചരിത്രരേഖകൾ ലഭ്യമല്ലെങ്കിലും, ഇന്ത്യയിലെ പുലിവേഷ ചരിത്രത്തെയും പാരമ്പര്യങ്ങളെയും അടുത്തറിയാൻ ഏറ്റവും ശക്തമായ ചരിത്രപ്രാധാന്യമുള്ള പ്രദേശങ്ങൾ കർണ്ണാടകയും മഹാരാഷ്ട്രയുമാണ്. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാന പാദത്തിനും പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യത്തിനുമിടയിലാണ് ദക്ഷിണേന്ത്യയിൽ ഈ പ്രവണത സജീവമായതെന്ന നിഗമനത്തിലേക്ക് ചില ലിഖിത-ദൃശ്യാടയാളങ്ങൾ വിരൽചൂണ്ടുന്നു. ഇറാഖിലെ കർബലയിൽ നടന്ന, പ്രവാചകൻ മുഹമ്മദ് നബിയുടെ പൗത്രനായ ഇമാം ഹുസൈന്റെയും അനുചരന്മാരുടെയും രക്തസാക്ഷിത്വത്തെ അനുസ്മരിക്കുന്ന മുഹറം ആശൂറ ദിനത്തിൽ നടത്തപ്പെടുന്ന തബൂത്ത്/ താസിയ ഘോഷയാത്രകളിലും ആലം (പഞ്ചാ) പ്രകടനങ്ങളിലുമാണ് ഇത് കൂടുതലായും അടയാളപ്പെട്ടുകാണുന്നത്.

എന്നാൽ, പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യകാലഘട്ടങ്ങളിലാണ് ഇത്തരം പുലിവേഷപ്രകടനങ്ങൾ ഈ ആഘോഷങ്ങളിലേക്ക് കടന്നുവന്നത് എന്നു കരുതുന്നു. 1666ൽ, ഹൈദരാബാദിലെ ഗോൽക്കൊണ്ടയിൽ നടന്ന ഒരു മുഹറം ആഘോഷം നേരിട്ട് കണ്ടതായി രേഖപ്പെടുത്തിയ ഫ്രഞ്ച് യാത്രികനായ ജീൻ ഡി തെവെനോട്ട് ഈ ആഘോഷത്തിൽ പുലിവേഷ പ്രകടനങ്ങൾ ഉള്ളതായി പറയുന്നില്ല. വിവിധ വേഷങ്ങളിലുള്ള സംഘങ്ങൾക്കു പുറമെ, നഗ്നവാ



കൊളംബിയ യൂണിവേഴ്സിറ്റി ആർക്കൈവ് താസിയ പെയ്ന്റിങ്



എമൈൽ ബയാർഡിന്റെ എൻഗ്രേവിങ് ചിത്രം

ളുകൾ മുകളിലേക്ക് പിടിച്ച് വട്ടത്തിൽ നൃത്തം ചെയ്യുകയും വാളുകൾ തമ്മിൽ കൂട്ടിയിടിപ്പിക്കുകയും "ഹുസൈൻ" എന്ന് വിളിച്ചുപറയുകയും ചെയ്യുന്നവരെ കുറിച്ച് വിവരിക്കുന്ന അദ്ദേഹം, ഗോൽക്കൊണ്ടയിലെ മുഹറം ആഘോഷം പേർഷ്യയിലേതിനേക്കാൾ പ്രകടനപരവും ജനകീയവുമാണെന്ന് അഭിപ്രായപ്പെടുന്നു. അതുപോലെ, കൊളംബിയ യൂണിവേഴ്സിറ്റി ആർക്കൈവ്സിലെ 1790 - 1800 കാലഘട്ടത്തിലുള്ളതെന്നു കരുതപ്പെടുന്ന ഒരു ഉത്തരേന്ത്യൻ താസിയ നിർമാർജ്ജന ചിത്രത്തിൽ ആളുകൾ അർദ്ധനഗ്നരായി വാദ്യമേളങ്ങളോടെ നൃത്തം ചെയ്യുന്നത് കാണാമെങ്കിലും, പശ്ചിമ ബംഗാളിലെ മുർഷിദാബാദ് ശൈലിയിലുള്ള ഈ ചിത്രത്തിൽ, കളിക്കാരുടെ ദേഹത്ത് പുലിവേഷമോ മെയ്യെഴുത്തോ പ്രത്യക്ഷപ്പെടുന്നില്ല.

അതേസമയം 1832ൽ, ഹൈദരാബാദിലെ പണ്ഡിതനായ ജാഫർ ഷെരീഫ് എഴുതി, ജി.എ. ഹെർക്ലോട്ട്സ് ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയ 'Qanoon-e-Islam' (Customs of the Moosulmans of India - 1832) എന്ന ഗ്രന്ഥത്തിൽ മുഹറത്തിലെ പുലിവേഷത്തെക്കുറിച്ചുള്ള സൂചനകളുണ്ട്. മുഹറം ആഘോഷങ്ങളുടെ ഭാഗമായി കൃത്രിമ കടുവയുടെ (ബാഘ്) തല ഉൾപ്പെടെയുള്ള വേഷം ധരിക്കുന്നവരെയും, ശരീരം കടുവയെപ്പോലെ ചായം പൂശുന്നവരെയുംകുറിച്ച് ഇതിൽ സൂചിപ്പിക്കുന്നു. അരയിൽ ചങ്ങലയോ കയറോ കെട്ടി, മുളകൊണ്ടുണ്ടാക്കിയ നീണ്ട വാലുകൾ പിടിപ്പിച്ച്, യഥാർത്ഥ കടുവകളുടെ ചലനങ്ങളെ അനുകരിച്ച് ചാടുന്ന വേഷക്കാരെക്കുറിച്ച് അദ്ദേഹം വിവരിക്കുന്നു.

1858–ലെ 'Bombay Times and Journal of Commerce' രേഖകളെ ഉദ്ധരിച്ചുള്ള അടുത്ത കാലത്തു നടന്ന ഒരു പഠനം വ്യക്തമാക്കുന്നത്, ബോംബെയിലെ മുഹറം ഘോഷയാത്രകളിൽ ശരീരത്തിൽ പുലിയെപ്പോലെ പെയിന്റ് ചെയ്ത്, മുളകൊണ്ടുള്ള നീണ്ട വാലുകൾ പിടിപ്പിച്ച് മൈം പോരാട്ടങ്ങൾ (Mime Battles) നടത്തുന്ന രീതി സാർവത്രികമായിരുന്നു എന്നാണ്.

ഫ്രഞ്ച് സഞ്ചാരിയായ ലൂയി റൂസലെ 1876–ൽ പ്രസിദ്ധീകരിച്ച 'L'Inde des Princes' എന്ന ഗ്രന്ഥത്തിൽ, ബോംബെയിൽ നടന്ന ഒരു തബൂത്ത് നിർമാർജ്ജനം ചിത്രീകരിക്കുന്ന എമൈൽ ബയാർഡിന്റെ എൻഗ്രേവിങ് ചിത്രത്തിൽ, വാദ്യമേളങ്ങൾക്കൊപ്പം ദേഹത്ത് കടുവ വരകൾ വരച്ച് ചുവടുവെക്കുന്ന വേഷക്കാരെയും താളവാദ്യക്കാരെയും കാണാം. 1876 സെപ്റ്റംബർ 30–ലെ 'The Illustrated London News' വാരികയിൽ അച്ചടിച്ചുവന്ന മറ്റൊരു ചിത്രത്തിലും, കൊളോണിയൽ കാലത്തെ കടുവക്കളി കാണാം. അതുപോലെ, ബ്രിട്ടീഷുകാരോ സൈനിക വേഷം ധരിച്ചവരോ ഇത്തരം കടുവക്കളികളിൽ പങ്കെടുത്തിരുന്നെന്ന് 'A Human Tiger: A Black-and-Yellow Devotee' എന്ന ചിത്രം പറയുന്നു. ചിത്രത്തിൽ, കൈകളും കാലുകളും മണ്ണിലൂന്നി, 'നാലുകാലിൽ ഇരിക്കുന്ന' രീതിൽ മുട്ടുകുത്തി ഇരിക്കുന്ന കടുവ വേഷധാരിയെ ഒരു ബ്രിട്ടീഷുകാരൻ/വേഷധാരി മുട്ടുകുത്തിനിന്ന് തോക്കിൽ നിന്നും നിറയൊഴിക്കുന്നതും കടുവ വേഷധാരിയുടെ പിന്നിൽ ഘടിപ്പിച്ച കൃത്രിമ വാൽ വീഴാതിരിക്കാൻ മറ്റൊരു ഗ്രാമീണൻ താങ്ങിപ്പിടിച്ചു നിൽക്കുന്നതും ഒരല്പം ദൂരെ നിന്ന് മറ്റു മൂന്നുപേർ വാദ്യോപകരണങ്ങൾ മുഴക്കുന്നതും കാണാം. അതോടൊപ്പം, ഉയരമുള്ള പറമ്പിന്റെ മുകളിൽ നിന്നും ആ കാഴ്ച കാണാൻ നിൽക്കുന്ന ഏതാനും ആളുകളെയും ഈ അപൂർവ്വ ചിത്രം കാട്ടിത്തരുന്നു.

ബ്രിട്ടീഷ് ഉദ്യോഗസ്ഥനായ ആർ.വി. റസൽ തന്റെ 'The Tribes and Castes of the Central Provinces of India' (1916) എന്ന ഗ്രന്ഥത്തിൽ, കർണ്ണാടകയിലെയും സെൻട്രൽ പ്രൊവിൻസിലെയും മുഹറം ആഘോഷങ്ങളിൽ പ്രതിഫലത്തിനായി പുരുഷന്മാരും ആൺകുട്ടികളും പുലിവേഷമിട്ട് ചുറ്റിനടന്നിരുന്നതായി പറയുന്നു. ഇതിന്റെ ഒന്നാം വാല്യത്തിൽ, 'Representing a tiger at the Muharram festival' എന്ന അടിക്കുറിപ്പോടെ ഒരു ചിത്രവും ചേർത്തിട്ടുണ്ട്. ഈ ചിത്രത്തിൽ, പുലിവേഷധാരിയെ ഇരുവശങ്ങളിലും ചങ്ങലയിൽ ബന്ധിപ്പിച്ച് ഇരുഭാഗത്തും നില്കുന്ന ആളുകൾ പിടിച്ചിരിക്കുന്നതും മുഖംമൂടിയണിഞ്ഞ പുലിവേഷധാരി നൽക്കാലിയെപോലെ നിൽക്കുന്നതും കുട്ടികളും പുരുഷന്മാരുമായ ഗ്രാമവാസികൾ അതു കണ്ടു നിൽക്കുന്നതും കാണാം. ഈ ചിത്രത്തിൽ, പുലിക്ക് വാലും കാണാം. കളിക്കൊപ്പം ഡ്രംസുകളും കുഴൽവാദ്യവും മുഴക്കുന്ന വാദ്യക്കാരും അകമ്പടിയായി ചിത്രത്തിലുണ്ട്.



റെപ്രസെന്റിങ് എ ടൈഗർ അറ്റ് ദ മുഹറം ഫെസ്റ്റിവൽ

എന്നാൽ, ഇറാഖിലെയോ മധ്യപൂർവേഷ്യയിലെയോ താസിയ നാടകങ്ങളിലോ മുഹറം ആഘോഷങ്ങളിലോ ഇത്തരം മെയ്യെഴുത്ത് തുള്ളലുകൾ ഉണ്ടായിരുന്നില്ലെന്നു നിരീക്ഷിക്കുന്ന റസ്സൽ, കർബലയിൽ ഇമാം ഹുസൈന്റെ ഭൗതിക ശരീരത്തിന് കാവൽ നിന്നിരുന്നതെന്നു പറയപ്പെടുന്ന 'സിംഹത്തിന്റെ' സ്മരണയുമായി ഇതിന് ആഴത്തിലുള്ള ബന്ധമുണ്ടെന്നും സൂചിപ്പിക്കുന്നു. ഈ 'സിംഹസങ്കൽപ്പ' ഐതിഹ്യം ദക്ഷിണേന്ത്യൻ-ഡെക്കാൻ മേഖലകളിലേക്ക് കടന്നുവന്നപ്പോൾ, തദ്ദേശീയ സംസ്കാരത്തിൽ സിംഹവും പുലിയും പരസ്പരമാറ്റം ചെയ്യപ്പെട്ടതാകാമെന്നും റസൽ നിരീക്ഷിക്കുന്നുണ്ട്.

ഇസ്ലാമിക പാരമ്പര്യത്തിൽ, പ്രവാചകൻ മുഹമ്മദ് നബിയുടെ പിതൃസഹോദര പുത്രനും മകൾ ഫാത്തിമയുടെ ഭർത്താവും കർബലയിൽ രക്തസാക്ഷിത്വം വരിച്ച ഇമാം ഹുസൈന്റെ പിതാവുമായ, 'അസദുല്ലാഹ്' (ദൈവത്തിന്റെ സിംഹം) എന്ന വിശേഷണത്തിൽ അറിയപ്പെടുന്ന ഹസ്രത്ത് അലിയുമായി ബന്ധപ്പെട്ടും ദക്ഷിണേഷ്യയിലെ ചില മുസ്ലിം സമൂഹങ്ങളിലും സിലോൺ (ശ്രീലങ്ക) മുസ്ലിമുകൾക്കുള്ളിലും പുലിവേഷം ധരിച്ചുള്ള പ്രകടനങ്ങൾ ഉണ്ടായിരുന്നതായി രേഖകൾ സൂചിപ്പിക്കുന്നു. താസിയ നാടകങ്ങളിൽ പ്രത്യക്ഷമാകുന്ന 'കർബലയിലെ സിംഹം' എന്ന പ്രതീകാത്മകതയിലെ 'സിംഹം' പുലിയായി മാറിപ്പോയതാകാമെന്ന റസലിന്റെ നിരീക്ഷണം കണക്കിലെടുത്താൽ, ഹസ്രത്ത് അലിയുമായി ബന്ധപ്പെട്ടാണ് താസിയ നാടകങ്ങളിലെ 'കർബലയിലെ സിംഹം' എന്ന പ്രതീകാത്മകത കിടക്കുന്നതെന്ന അനുമാനത്തിലേക്ക് എത്താവുന്നതാണ്. മുഹറംആശൂറാ ആചരണങ്ങളിൽ ഉൾപ്പെട്ടിരുന്ന ഈ മൃഗവേഷ കായിക വിനോദം 'അലി പുലിയാട്ടം' എന്ന പേരിലാണ് നടത്തിയിരുന്നത്. എന്നാൽ, സിലോൺ പുലിവേഷ പ്രകടനങ്ങൾക്ക് അധികക്കാലം പഴക്കമുള്ളതായി കാണുന്നില്ല. പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തോടെ തമിഴ്നാട്, കേരളം എന്നിവിടങ്ങളിൽ നിന്നും സിലോണിൽ കുടിയേറിയവരാണ് ഇത് അവിടെ പ്രചരിപ്പിച്ചതെന്നാണ് അനുമാനിക്കപ്പെടുന്നത്.

1890 സെപ്തംബർ 4നു പുറത്തിറങ്ങിയ, സിലോണിലെ 'ദി സിലോൺ ഒബ്സെർവെർ' ഇംഗ്ലീഷ് ദിനപത്രത്തെ ഉദ്ധരിച്ചുകൊണ്ട്, ഓക്സ്ഫോർഡ് ബ്രസെനോസ് കോളേജിലെ ഷമര വെട്ടിമുനി തയ്യാറാക്കിയ, 'The 1915 Anti-Moor Pogrom and Ethno-Religious Violence in Ceylon, 1853 - 1915' എന്ന ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി തീസിസിസിൽ സിലോൺ പുലിക്കളിയെകുറിച്ചുള്ള വിവരങ്ങളുണ്ട്.

മുഹറംആശൂറാ കാലത്ത് ഇമാം ഹുസൈന്റെ സ്മരണയ്ക്കായി പത്ത് ദിവസം വീടുകളിൽ 'ഹുസൈൻ മൗലിദ്' പാരായണം ചെയ്തിരുന്നതായും അതിനോടനുബന്ധിച്ച് ഒരാൾ ശരീരമാകെ മഞ്ഞ വരകൾ വരച്ച്, നീണ്ട വാൽ ഘടിപ്പിച്ച് പുലിയുടെ രൂപത്തിൽ ഒരുങ്ങുകയും, വീടുതോറും നൃത്തം ചെയ്ത് "അലി പുലി ജൗസൻ ജലിമാൻ" എന്ന് വിളിച്ചുപറയുകയും ചെയ്തിരുന്നുവെന്നും പാരിതോഷികങ്ങൾ കൈപ്പറ്റിയിരുന്നെന്നും ചില പ്രാദേശിക ഓൺലൈൻ റിപ്പോർട്ടുകൾ പറയുന്നു.

ഇപ്രകാരം ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ, പതിനെട്ട്, പത്തൊൻപത് നൂറ്റാണ്ടുകളോടെ ദക്ഷിണേന്ത്യയിൽ വേരൂന്നിയ പുലിവേഷക്കളി ഇരുപതാം നൂറ്റാണ്ടോടെ വ്യാപകമായതായും ബ്രിട്ടീഷ് കൊളോണിയൽ ഇന്ത്യയിൽ, മുഹറം ഘോഷയാത്രയോടനുബന്ധിച്ച് 'കടുവ വേഷ' പ്രകടനങ്ങൾ നടന്നു വന്നിരുന്നതായും വ്യക്തമാകുന്നു.

ദേഹത്ത് കറുപ്പും മഞ്ഞയും നിറങ്ങൾ വരച്ചു ചേർത്ത്, കടുവയുടെ കാതുകളും മുഖസാദൃശ്യവുമുള്ള തൊപ്പികളും ഇക്കാലത്ത് ഉപയോഗത്തിൽ ഉണ്ടായിരുന്നതായും ചിത്രങ്ങളിൽ കാണാം. ശരീരത്തിൽ കെട്ടിയ കയറിൽ(ചങ്ങല)ലോ കടുവ വേഷക്കാരന്റെ വാലിലോ പിടിച്ചുകൊണ്ട്, കടുവ വേഷക്കാരനെ ചാട്ടവാറുകൊണ്ട് നിയന്ത്രിക്കുന്ന വേട്ടക്കാരന്റെയും ഇരയുടെയും പ്രതീകങ്ങളായാണ് അക്കാലത്തെ ഇത്തരം പ്രകടനങ്ങൾ കൂടുതലും നടത്തപ്പെട്ടത്.

ബ്രിട്ടീഷ് ഭരണകൂടത്തിനെ ഇരയെ(പുലിയെ) വെടിവെച്ചിടുന്ന വേട്ടക്കാരനായും കടുവ വേഷക്കാരനെ പ്രാദേശിക- ഇന്ത്യൻ ഭരണകൂടത്തിന്റെ പ്രതിനിധിയായും ചിത്രീകരിച്ചുകൊണ്ട്, കൊളോണിയൽ പട്ടാള ക്യാമ്പുകളിൽ രൂപംകൊണ്ട  കാണ്ട ഒരു ആക്ഷേപഹാസ്യ കലാരൂപമായും ഇതിനെ കാണാനുള്ള ഒരു സാ ധ്യതയും 'A Human Tiger: A Black-and-Yellow Devotee' പോലെയുള്ള കൊളോണിയൽ കമ്പനി ചിത്രങ്ങൾ ഇതോടൊപ്പം തുറന്നിടുന്നുണ്ട്.




'തോക്കേന്തിയ വേട്ടക്കാരനും പുലിയും':
കൊളോണിയൻ കാലത്തെ ഒരു പുലിക്കളികാഴ്ച



1872ൽ 'The Graphic' പ്രസിദ്ധീകരിച്ച ഒരു എൻഗ്രേവിങ് പെയ്ന്റിംഗ്

### ഡെക്കാൻ വഴി സ്വരാജ് റൗണ്ടിലെത്തിയ പുലിക്കെട്ടുക്കളി; ഒരു ചരിത്രാനുമാനം:

നിലവിൽ ലഭ്യമായ തെളിവുകളുടെയും അവയുടെ താരതമ്യവിശകലനത്തിന്റെയും അടിസ്ഥാനത്തിൽ, ദക്ഷിണേഷ്യയിലെ ഷിആ-പേർഷ്യൻ മുഹറം-ആശൂറാ ആചാരപരിസരങ്ങളിൽ വളർന്നുവന്ന ചില പുലിവേഷ/മൃഗവേഷ പ്രകടനങ്ങൾ, ഡെക്കാൻ വഴിയുള്ള സാംസ്കാരിക-സൈനിക സമ്പർക്കങ്ങളിലൂടെ തൃശൂരിലേക്ക് എത്തിയിരിക്കാമെന്ന് അനുമാനിക്കാവുന്നതാണ്. ഇത്, നിലവിലെ ഐതിഹ്യവുമായി പൊരുത്തപ്പെട്ടു കിടക്കുന്നു.

തൃശൂരിലെ നിലവിലെ പുലിക്കളി ഐതിഹ്യവുമായി ബന്ധപ്പെട്ട് രൂപപ്പെട്ട പ്രധാന കഥ മൈസൂർ ഭരണാധികാരികളായ ഹൈദർ അലിയുടെയും ടിപ്പു സുൽത്താന്റെയും സൈനിക സാന്നിധ്യവുമായി ബന്ധപ്പെടുന്നതാണ്. 1776 ഓഗസ്റ്റിൽ ഹൈദർ അലിയുടെ സൈന്യാധിപൻ സർദാർ ഖാൻ സൈന്യവുമായി വടക്കൻ കൊച്ചിയിലേക്കു വന്ന്, തൃശൂർ കോട്ട പിടിച്ചെടുക്കുകയും തൃശൂർ മൈസൂർ സൈന്യത്തിന്റെ നേരിട്ടുള്ള ഭാഗമാകുകയും ചെയ്തിരുന്നു. 1789- 92 കാലത്തെ ടിപ്പു സുൽത്താന്റെ കൊച്ചി- തിരുവിതാംകൂർ സൈനിക നീക്കങ്ങളുടെ പശ്ചാത്തലത്തിൽ തൃശൂർ വീണ്ടും പ്രധാന സൈനിക മേഖലയായി.

ഈ സാഹചര്യത്തിൽ, മൈസൂർ സൈന്യത്തോടൊപ്പം ഡെക്കാൻ സംസ്കാരത്തിൽ നിലനിന്നിരുന്ന മുഹറം ആചാരങ്ങളും അതോടൊപ്പമുള്ള പുലിവേഷ കലാപ്രകടനങ്ങളും തൃശൂരിലെത്തിയിരിക്കാമെന്ന സാധ്യത തള്ളിക്കളയാനാവില്ല. പിൽക്കാലത്തെ വാമൊഴി ചരിത്രങ്ങളിൽ, തൃശൂർ ചെട്ടിയങ്ങാടിയിലെ പോസ്റ്റ് ഓഫീസ് റോഡിലുള്ള ഹനഫി സുന്നത്ത് ജുമാ മസ്ജിദിന്റെ പറമ്പിലാണ് കേരളത്തിലെ ആദ്യകാല പുലിക്കളി അരങ്ങേറിയതെന്നും, ആ ഭാഗം 'ഷേർഖാന' അഥവാ 'കടുവകളുടെ പറമ്പ്' എന്നറിയപ്പെട്ടിരുന്നുവെന്നും പറയപ്പെടുന്നു. മുഹറം ആഘോഷങ്ങളോടനുബന്ധിച്ചുള്ള ഈ പ്രകടനങ്ങൾ പോസ്റ്റ് ഓഫീസ് റോഡിൽനിന്ന് കൊക്കാല വരെ ഘോഷയാത്രായായി നടത്തിയിരുന്നെന്നും പറയപ്പെടുന്നു.

പൂത്തോൾ സ്വദേശിയും കൈയ്യാങ്കളി അഭ്യാസിയുമായിരുന്ന വെളുത്തേടൻ ശങ്കരൻ പഠാണി സൈനികരോടൊപ്പം ചേർന്ന് ഈ പ്രകടനത്തിൽ പങ്കെടുത്തുവെന്നും, അതിനെ തൃശൂരിലെ ജനകീയ ആഘോഷമാക്കി മാറ്റുന്നതിൽ പങ്കുവഹിച്ചുവെന്നും ഒരു കഥയുണ്ട്. അതേസമയം, ശങ്കരനല്ല, പൂത്തോളിലെ വേലായുധനാണ് പുലിക്കളിയെ ജനകീയമാക്കാൻ മുൻകൈ എടുത്തതെന്ന മറ്റൊരു വാദവും നിലനിൽക്കുന്നു. ഒരുപക്ഷേ, പേരുകളെക്കുറിച്ചുള്ള പിൽക്കാല ഓർമ്മപ്പിഴവോ, ശങ്കരനും വേലായുധനും ഉൾപ്പെടെയുള്ള തദ്ദേശീയരുടെ ഒരു സംഘത്തിന്റെ കൂട്ടായ ഇടപെടലോ ആയിരിക്കാം ആധുനികക്കാലത്തെ തൃശൂർ പുലിക്കളിയുടെ ജനകീയവൽക്കരണത്തിന് പിന്നിൽ.

പുലിക്കളിയുടെ ഭാഗമായി ഇന്നു നടത്തിവരുന്ന 'പുലിമേളം' എഴുപത് വർഷം മുമ്പ് തൃശ്ശൂർകാരനായ തോട്ടുങ്കൽ രാമൻകുട്ടി ആശാനാണ് ചിട്ടപ്പെടുത്തിയതെന്ന് ഒരു വായ്മൊഴിയുണ്ട്. ചെണ്ട, തകിൽ (വീക്ക), ഇലത്താളം എന്നിവയാണ് പുലിമേളത്തിന്റെ പ്രധാന വാദ്യോപകരണങ്ങൾ. ആദ്യകാലത്ത് ഉടുക്കും ഉപയോഗിച്ചിരുന്നതായി പറയപ്പെടുന്നു. മേളത്തിനൊപ്പം വേഷക്കാരും സഹായികളും 'പുലികൊട്ടും പനംതേങ്ങേം...' എന്ന വായ്ത്താരിയും മുഴക്കാറുണ്ട്. അക്കാലത്ത് ഈ പ്രകടനം 'പുലിക്കെട്ടിക്കളി' എന്ന പേരിലായിരുന്നു അറിയപ്പെട്ടിരുന്നതെന്നും പറയപ്പെടുന്നു.

അതേസമയം, വെളുത്തേടൻ ശങ്കരൻ മുതൽ തോട്ടുങ്കൽ രാമൻകുട്ടി ആശാൻ വരെയുള്ള പേരുകൾക്കും അതിനോടൊന്നിച്ചുള്ള കഥകൾക്കും അധികക്കാലത്തെ പഴക്കമില്ലെന്നും അവ സോഷ്യൽ മീഡിയയോടെ കടന്നുവരവോടെ ആവിർഭവിച്ചതാണെന്നും ഉള്ള വാദങ്ങളും നിലനിൽക്കുന്നു.

ആദ്യക്കാല ഐതിഹ്യം അനുസരിച്ച്, തൃശ്ശൂരിൽ നിന്നുമുള്ള ടിപ്പുവിന്റെ പിന്മാറ്റത്തിനു ശേഷവും തൃശ്ശൂരിൽതന്നെ ജീവിതം തുടർന്നു വന്ന മൈസൂർ സൈന്യത്തിലെ പഠാണി/പട്ടാണി വിഭാഗക്കാരിലെ ഏതാനും പട്ടാളക്കാരും തദ്ദേശീയരും തൃശൂരിന്റെ തെരുവുകളിൽ അവതരിപ്പിച്ചിരുന്ന ഈ ആയോധന-മെയ്യഭ്യാസ പ്രകടനത്തെ കൊച്ചി മഹാരാജാവായ ശക്തൻ തമ്പുരാൻ ഓണാഘോഷങ്ങളുമായി സമന്വയിപ്പിച്ചു. 1886-ഓടെയാണ് ഇത് ഇന്നത്തെ പുലിക്കളിയുടെ രൂപത്തിലേക്ക് പരിണമിച്ചതെന്നും നാലോണത്തിന് വടക്കുംനാഥ ക്ഷേത്രത്തെ ചുറ്റിയുള്ള സ്വരാജ് റൗണ്ടിലേക്ക് മാറ്റിയതെന്നും പറയപ്പെടുന്നു.

സ്വാതന്ത്ര്യാനന്തരം, പുലിക്കളി ഏതാനും കാലം മുടങ്ങുകയും, പിന്നീട് ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തോടെ തദ്ദേശീയരും പഴയ പഠാണി സൈനികരുടെ പിന്മുറക്കാരും ചേർന്ന് ഇത് പുനരാരംഭിക്കുകയും ചെയ്തതായുള്ള പ്രാദേശിക ഓർമ്മകളും നിലനിൽക്കുന്നു. ഓണത്തിന്റെ ഭാഗമായി പുലിക്കളി നടത്തിത്തുടങ്ങിയ ആദ്യകാലത്ത്, തിരുവോണം നാളിലായിരുന്നുവെന്നു ഇതു നടത്തപ്പെട്ടിരുന്നതെന്നും പിന്നീട് തൃശൂരിലെ ഓണാഘോഷങ്ങളുടെ സമാപനമായ നാലോണം നാളിലേക്ക് മാറ്റിയതാണെന്നും പറയപ്പെടുന്നു.

മുഹറം കാലവും ഓണക്കാലവും പലപ്പോഴും അടുത്തടുത്തായി വന്നിരുന്നതും, തൃശൂരിലെ ഭൂരിപക്ഷ ജനസമൂഹം ഹിന്ദുക്കളായിരുന്നതും പരിഗണിക്കുമ്പോൾ, മുഹറം ആചാരത്തിൽ നിലനിന്നിരുന്ന ഈ മെയ്യഭ്യാസ- മൃഗവേഷ പ്രകടനം പിന്നീട് നഗരത്തിലെ പൊതുസാംസ്കാരിക ആഘോഷമായ ഓണത്തിലേക്ക് ഉൾക്കൊള്ളപ്പെട്ടിരിക്കാമെന്ന സാധ്യതയാണുള്ളത്.

### കോളോണിയൽ രേഖകളിലെ നിശബ്ദത:

പത്തൊൻപതാം നൂറ്റാണ്ടിലെയും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലെയും പ്രമുഖ ബ്രിട്ടീഷ്- നാട്ടുരാജ്യ ഭരണരേഖകളിലോ, കേരളത്തിലെ നാടോടി-ആയോധനകലകളെക്കുറിച്ച് പഠിച്ച ചരിത്രഗ്രന്ഥങ്ങളിലോ തൃശ്ശൂരിലെ പുലിക്കളിയെക്കുറിച്ച് പരാമർശമില്ല എന്നത് ശ്രദ്ധേയമായ ഒരു ചരിത്ര വസ്തുതയാണ്.

തൃശ്ശൂർ നഗരത്തിന്റെ ശില്പിയും ഐതിഹ്യപ്രകാരം പുലിക്കളിയെ ഓണവുമായി ബന്ധിപ്പിച്ച ഭരണാധികാരിയുമായിരുന്ന ശക്തൻ തമ്പുരാനെക്കുറിച്ചുള്ള കൊളോണിയൽ രേഖകളിൽ പോലും ഇത്തരം ഒരു പരാമർശം കണ്ടെത്തിയിട്ടില്ല. ഇതിൽ നിന്നും, കേരളത്തിന്റെ സംസ്കാരം, ആഘോഷങ്ങൾ, കലകൾ എന്നിവയെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്ന അക്കാലത്തെ പ്രമുഖ ചരിത്ര രേഖകളിലെല്ലാം ഈ കലാരൂപം നിശബ്ദമാക്കപ്പെടുകയോ പ്രാധാന്യമില്ലാതെ മാറ്റിനിർത്തപ്പെടുകയോ ചെയ്തു എന്ന് വേണം അനുമാനിക്കാൻ.

ചരിത്രരേഖകളിലെ ഈ മൗനത്തിൽ ഏറ്റവും സവിശേഷമായ ശ്രദ്ധ അർഹിക്കുന്നത്, 1911-ൽ പുറത്തിറങ്ങിയ സി. അച്യുതമേനോന്റെ 'കൊച്ചി സ്റ്റേറ്റ് മാനുവൽ' ആണ്. 1862-ൽ ഗുരുവായൂരിലെ ചങ്ങരംപൊന്നത്ത് നായർ തറവാട്ടിൽ ജനിച്ച അച്യുതമേനോൻ കേവലം ഒരു സർക്കാർ ഉദ്യോഗസ്ഥൻ മാത്രമായിരുന്നില്ല; അക്കാലത്തെ പ്രമുഖ ചരിത്രകാരനും സാഹിത്യനിരൂപകനും 'വിദ്യാവിനോദിനി' സാഹിത്യ മാസികയുടെ പത്രാധിപരും കൊച്ചി ഭാഷാ പോഷിണി സഭയുടെ സജീവ പ്രവർത്തകനുമായിരുന്നു.

തൃശ്ശൂരിലെ ഹൈദർ അലി-ടിപ്പു പടയോട്ടങ്ങളെയും ശക്തൻ തമ്പുരാന്റെ ഭരണപരിഷ്കാരങ്ങളെയും തൃശ്ശൂർ നഗര വികസനത്തെയും സവിസ്തരം പ്രതിപാദിക്കുകയും, കൊച്ചി നാട്ടുരാജ്യത്തിലെ തൃശ്ശൂർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ ക്ഷേത്രോത്സവങ്ങൾ, തിരുവാതിര, ഓണം, പൂരങ്ങൾ, നാടൻ കായിക വിനോദങ്ങൾ എന്നിവയെല്ലാം രേഖപ്പെടുത്തുകയും ചെയ്ത അദ്ദേഹം, സ്വരാജ് റൗണ്ടിലെ പുലിക്കളിയെക്കുറിച്ചോ മൈസൂർ പട നടത്തിയെന്നു പറയപ്പെടുന്ന മുഹറം അഭ്യാസങ്ങളെക്കുറിച്ചോ പൂർണ്ണമായും മൗനം പാലിച്ചു.

തൃശ്ശൂരിലെ പുലിക്കളിക്കുള്ളത്, ശക്തൻ തമ്പുരാന്റെ കാലത്തെ 200 വർഷത്തെ പഴക്കമോ, അല്ലെങ്കിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെയോ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ ഉത്ഭവിച്ചതോ ആധുനികവൽക്കരിക്കപ്പെട്ടതോ ആയ ഐതിഹ്യമോ നിഗമനങ്ങളോ ആണെങ്കിൽ പോലും, അക്കാലത്തെ തൃശ്ശൂരുകാരനായ ഒരു ചരിത്രകാരന് അത് അറിയാതിരിക്കാൻ വഴിയില്ല എന്നതൊരു പ്രധാന വസ്തുതയായി മുന്നിൽ നിൽക്കുന്നു.

കൊച്ചി സ്റ്റേറ്റ് മാനുവലിൽ മാത്രമല്ല, തൃശൂർ- കൊച്ചി പ്രദേശത്തിന്റെ ചരിത്രം, ജനജീവിതം, മതാചാരങ്ങൾ, ജാതി- സമുദായ ഘടന എന്നിവ രേഖപ്പെടുത്തിയിരിക്കുന്ന മറ്റു പ്രമുഖ കൊളോണിയൽകാല ഗ്രന്ഥങ്ങളിലും ഈ നിശ്ശബ്ദത ശ്രദ്ധേയമാണ്. ഫ്രാ പൗലീനോ ദ സാൻ ബാർത്തലോമിയോ തന്റെ 1776- 89 കാലത്തെ നേരിട്ടുള്ള നിരീക്ഷണങ്ങളെ ആധാരമാക്കി രചിച്ച 'A Voyage to the East Indies' എന്ന ഇറ്റാലിയൻ കൃതി, ഫ്രാൻസിസ് ബുക്കാനന്റെ 'A Journey from Madras through the Countries of Mysore', 'Canara and Malabar (1807)', കേണൽ മാർക്ക് വിൽക്സിന്റെ 'Historical Sketches of the South of India (1810)', ഡോ. ക്ലോഡിയസ് ബുക്കാനന്റെ തൃശ്ശൂർ സന്ദർശനം ഉൾപ്പെടുന്ന 'Christian Researches in Asia (1811)' യാത്രാവിവരണം, ഫ്രാൻസിസ് ഡേയുടെ 'The Land of the Permauls or Cochin', 'Its Past and Its Present (1863)', വില്യം ലോഗന്റെ 'Malabar Manual (1887)', എഡ്ഗാർ തെർസ്റ്റന്റെ 'Castes and Tribes of Southern India (1909)', ഇംപീരിയൽ ഗസറ്റിയർ ഓഫ് ഇന്ത്യ, കൂടാതെ കൊച്ചി സർക്കാരിന്റെ എത്നോഗ്രാഫിക് സർവ്വേയുടെ ഭാഗമായി എൽ. കെ. അനന്തകൃഷ്ണ അയ്യർ തയ്യാറാക്കിയ 'The Cochin Tribes and Castes (1909, 1912)' എന്നിവ പരിശോധിക്കുമ്പോൾ, തൃശൂർ നഗരത്തിലെ മുഹറം- പുലിവേഷ പ്രകടനമോ പിന്നീട് പുലിക്കളിയായി പരിണമിച്ചുവെന്ന് പറയപ്പെടുന്നതിന്റെ പ്രാദേശിക പാരമ്പര്യമോ സംബന്ധിച്ച ഒരു സൂചനയും ലഭ്യമാകുന്നില്ല.

ഇവയിൽ, സി. അച്യുതമേനോന്റെ കൊച്ചി സ്റ്റേറ്റ് മാനുവൽപോലെത്തന്നെ, അനന്തകൃഷ്ണ അയ്യരുടെ The Cochin Tribes and Castes, ഫ്രാൻസിസ് ഡേയുടെ കൊച്ചി ചരിത്രം എന്നിവയുടെ നിശ്ശബ്ദത കൂടുതൽ ശ്രദ്ധേയമാണ്; കാരണം ഇവ തിരുകൊച്ചി- തൃശൂർ പ്രദേശത്തെ ജനജീവിതവും ആചാരങ്ങളും സമുദായങ്ങളും വിശദമായി രേഖപ്പെടുത്താൻ ഉദ്ദേശിച്ച കൃതികളാണ്.

ദക്ഷിണേന്ത്യയിലെ സമുദായങ്ങളെക്കുറിച്ചുള്ള അനന്തകൃഷ്ണ അയ്യരുടെയും എഡ്ഗാർ തെർസ്റ്റന്റെയും കൃതികളിൽ വടക്കുംനാഥ ക്ഷേത്രം, സ്മാർത്തവിചാരം, തെയ്യം, വേലൻ തുള്ളൽ, കാടർ- പുലയർ ആചാരങ്ങൾ, ഓണം, വിഷു എന്നിവയെല്ലാം വിശദീകരിക്കുന്നുമുണ്ട്. ഓണാഘോഷത്തിന്റെ ഭാഗമായുള്ള ഓണത്തല്ല്, തിരുവാതിരക്കളി, കോൽക്കളി, പന്തുകളി തുടങ്ങിയവ വിസ്തരിക്കുന്ന ഇവർ പുലിക്കളിയെക്കുറിച്ച് മിണ്ടുന്നില്ല. പ്രധാനമായും ജാതി- ഗോത്ര സമുദായ പഠനങ്ങൾ (Ethnographic Surveys) നടത്തിയിരുന്ന ഇവർ, ഒരു പ്രത്യേക സമുദായത്തിന്റെ വ്രതാനുഷ്ഠാനമോ കുലത്തൊഴിലോ അല്ലാത്ത, സാധാരണക്കാർ തെരുവിൽ നടത്തിയിരുന്ന ഒരു പ്രാദേശിക വിനോദത്തെ പഠനപരിധിയിൽ ഉൾപ്പെടുത്താതിരുന്നതാകാം ഇതിനു കാരണം.

എന്നാൽ, ഒന്നര പതിറ്റാണ്ടിനുമേൽ നീണ്ടുനിന്ന തൃശ്ശൂരിലെ മൈസൂർ പടയുടെ സാന്നിദ്ധ്യവും കൊച്ചി രാജ്യത്തിന്റെ പൊതുവായ രാഷ്ട്രീയ- സാമൂഹിക ജീവിതക്രമങ്ങളും ഉത്സവങ്ങളും രേഖപ്പെട്ടു കിടക്കുന്ന അച്യുതമേനോന്റെ കൊച്ചി സ്റ്റേറ്റ് മാനുവലിൽ ഇത് അടയാളപ്പെടാതെപോയതിന്റെ കാരണം വ്യക്തമല്ല. അക്കാലത്ത് പുലിക്കളിയെയൊരു അനൗദ്യോഗിക നാടോടി വിനോദം അഥവാ, ഒരു തെരുവുകലമാത്രമായി കണ്ടിരുന്നതിനാലാകാം അച്യുതമേനോൻ ഉൾപ്പെടെയുള്ള അന്നത്തെ ഭരണകൂട ചരിത്രകാരന്മാർ ഇതിനെ അടയാളപ്പെടുത്താതെ പോയത്.

ഒരുപക്ഷെ, ഒരു പണമിടയെങ്കിലും അന്നേ അടയാളപ്പെട്ടിരുന്നെങ്കിൽ, പുലിവേഷക്കളി അഥവാ പുലിക്കെട്ടുക്കളിയെന്ന ഈ കലാരൂപത്തിന്റെ തൃശ്ശൂരിലെ ഉദയത്തിനു സ്വന്തമായൊരു ചരിത്രമെങ്കിലും ലഭിക്കുമായിരുന്നു എന്നൊരു ചരിത്രസത്യം ഇന്ന് അവശേഷിക്കുന്നു.




സി. അച്യുതമേനോൻ | എൽ. കെ. അനന്തകൃഷ്ണ അയ്യർ

## ആധുനികക്കാല അടയാളപ്പെടുത്തലുകൾ:

കൊളോണിയൽ കാലഘട്ടത്തിനുശേഷം, ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തോടെയാണ് ആധുനിക ചരിത്രപണ്ഡിതന്മാരുടെയും ഫോക്‌ലോർ ഗവേഷകരുടെയും ശ്രദ്ധയിലേക്ക് തൃശ്ശൂരിലെ പുലിക്കളി എത്തിത്തുടങ്ങുന്നത്. ഇതിൽ ഓണാഘോഷത്തിന്റെ ഭാഗമായി 'പുലിക്കളി'യെ രേഖപ്പെടുത്തിയ ആദ്യകാല ഭരണകൂട- ഔദ്യോഗിക ചരിത്രരേഖ എ. ശ്രീധരമേനോൻ എഡിറ്റ് ചെയ്ത് 1962-ൽ പുറത്തിറക്കിയ 'കേരള ഡിസ്ട്രിക്റ്റ് ഗസറ്റിയർ: തൃശ്ശൂർ' ആണെന്ന് കരുതപ്പെടുന്നു. പുലിക്കളിയുടെ പഠാൻ/പട്ടാള പശ്ചാത്തലത്തെക്കുറിച്ചുള്ള വാമൊഴി ചരിത്രങ്ങളുടെയും ഐതീഹ്യങ്ങളുടെയും ആദ്യത്തെ ലിഖിതരൂപം, 1974-ൽ പുത്തേഴത്ത് രാമമേനോൻ പുറത്തിറക്കിയ 'തൃശൂർ ട്രിച്ചൂർ' എന്ന ചരിത്ര ഗ്രന്ഥത്തിലൂടെയാണ് വെളിച്ചത്തുവരുന്നത്.

ശ്രീധരമേനോന്റെയും പുത്തേഴത്തിന്റെയും പഠനങ്ങൾക്കു ശേഷം, കേരളത്തിലെ ഫോക്‌ലോർ ഗവേഷണ ശാഖയിൽ പ്രമുഖരായിരുന്ന വി.ആർ. പരമേശ്വരൻ പിള്ള, ഡോ. എം.വി. വിഷ്ണു നമ്പൂതിരി, ഡോ. എസ്.കെ. വസന്തൻ, ഡോ. ശരൺ എസ്, എം.ജി. ശശിഭൂഷൺ, മുരളി മട്ടാഞ്ചേരി തുടങ്ങിയവരുടെ പഠനങ്ങളിലും പുലിക്കളി രേഖപ്പെടുത്തപ്പെട്ടു. ഈ നിരീക്ഷണങ്ങളിലൂടെയാണ്, പിൽക്കാലത്ത് തൃശ്ശൂരിലെ പുലിക്കളി അതിലെ ദേശപങ്കാളിത്തവും നഗരത്തിലെ സംഘാടക സമിതികളുടെയും ക്ലബ്ബുകളുടെയും സ്വാധീനവും മൂലം ഇന്നത്തെ കൂറ്റൻ 'നഗര മാമാങ്കമായി' പരിണമിച്ച ചരിത്രം വ്യക്തമാകുന്നത്.

# അനുബന്ധം

## പുലിമടകളിലെ പുലിയൊരുക്കങ്ങൾ:

തൃശ്ശൂരിലെ പുലിക്കളി ഇന്നുകാണുന്ന ജനകീയ കലാരൂപത്തിലേക്ക് വഴിമാറിയത് ദശാബ്ദങ്ങൾ നീണ്ട പരിണാമങ്ങളിലൂടെയാണ്. മെയ്യെഴുത്ത്, വേഷവിധാനങ്ങൾ, വാദ്യമേളങ്ങൾ, നിശ്ചലദൃശ്യങ്ങൾ, തദ്ദേശീയമായ ദേശ സംഘങ്ങളുടെ പങ്കാളിത്തം എന്നിവയിലെല്ലാം ഈ മാറ്റങ്ങൾ വ്യക്തമായി കാണാം.

പുലിവേഷ വരകൾക്ക് ആദ്യകാലങ്ങളിൽ പ്ലാവ്, മാവ് തുടങ്ങിയ മരങ്ങളുടെ കറയും ചെമ്മണ്ണും ചോക്കും കരിയും മഞ്ഞളും ചേർത്തുള്ള പ്രകൃതിദത്ത ചായങ്ങളെയായിരുന്നു ആശ്രയിച്ചിരുന്നത്. പിന്നീട്, എനാമൽ/ അക്രിലിക് പെയിന്റുകളുടെ വർണ്ണപ്രപഞ്ചത്തിലേക്കും അത് വഴിമാറി. ഓരോ കലാകാരന്റെയും ശാരീരികപ്രകൃതിക്ക് ഇണങ്ങും വിധം നിറങ്ങൾ ഇടകലർത്തിയ നീളൻ വരകൾകൊണ്ടും പുള്ളികൾകൊണ്ടും അവരെ 'കാട്ടുപുലി'കളുടെ ശൗര്യത്തോടെ ഒരുക്കിയെടുക്കുന്നു. പുള്ളിപ്പുലികളെ വരയ്ക്കുമ്പോൾ പിൻഭാഗത്ത് വലിയ പുള്ളിയിൽ തുടങ്ങി വയറിലെത്തുമ്പോൾ ചെറുതാകുന്നതാണ് പരമ്പരാഗത ശൈലി. അതുപോലെ, വരയൻ പുലിക്ക് സീബ്ര ലൈനുകളായി ആറു തരത്തിലുള്ള വരകൾ വരയ്ക്കുന്നു.

കുടവയറുള്ള പുലിവേഷക്കാർക്ക് എപ്പോഴും പ്രത്യേക പ്രാധാന്യമുണ്ട്. വയറുകളിൽ പുലിയുടെ/കടുവയുടെ വന്യമുഖങ്ങൾ വരച്ചു ചേർക്കുകയും, ചെണ്ടമേളത്തിന്റെ താളത്തിനൊത്ത് വയർ കുലുക്കിയുള്ള ചുവടുവെപ്പുകളും വയറിലെ പുലിവായുടെ ഗാംഭീര്യവും കാണികളെ ആവേശത്തിന്റെ കൊടുമുടിയിലെത്തിക്കുന്നു.

വരകൾക്കൊപ്പം തിളങ്ങുന്ന വേഷവിധാനങ്ങളും പുലിക്കളിയുടെ ആകർഷണമാണ്. ഗിൽറ്റുകൾ ചേർത്ത് തയ്പ്പിക്കുന്ന വസ്ത്രങ്ങളും, കിലുക്കുമണികൾ കോർത്ത ഭാരമേറിയ അരപ്പട്ടകളും, കാൽച്ചിലങ്കകളും, പുലിമുഖങ്ങളും (മാസ്ക്) അണിഞ്ഞാണ് പുലികൾ തെരുവിലിറങ്ങുന്നത്. ആദ്യകാലങ്ങളിൽ പുരുഷന്മാരും കുട്ടികളും മാത്രം കെട്ടിയാടിയിരുന്ന ഈ ആയോധന അനുഷ്ഠാന കലയിലേക്ക് അടുത്തകാലത്തായി സ്ത്രീകളും ട്രാൻസ്ജെൻഡേഴ്സും കടന്നുവന്നിട്ടുണ്ട്.

പുലിക്കളിയുടെ പ്രാണവായു അതിന്റെ സവിശേഷമായ വാദ്യമേളമാണ്. സാധാരണ മേളങ്ങളിൽ നിന്നും വിഭിന്നമായി തൃശ്ശൂരിലെ പുലിക്കളിക്കു വേണ്ടിമാത്രം ചിട്ടപ്പെടുത്തിയതാണ് ഇന്നു കേൾക്കുന്ന പുലിമേളം. ചെണ്ട, തകിൽ (വീക്ക), ഇലത്താളം എന്നിവയാണ് പ്രധാന വാദ്യോപകരണങ്ങൾ. ആദ്യകാലത്ത് ഉടുക്കും ഉപയോഗിച്ചിരുന്നതായി പറയപ്പെടുന്നു. മേളത്തിനൊപ്പം വേഷക്കാരും സഹായികളും 'പുലിക്കൊട്ടും പനംതേങ്ങേം...' എന്ന വായ്ത്താരിയും മുഴക്കാറുണ്ട്.

നാലാം ഓണ നാളിൽ ഉച്ചതിരിയുന്നതോടെ അതത് ദേശങ്ങളിലെ പുലിമടകളിൽ നിന്നും പുറപ്പെടുന്ന സംഘങ്ങൾ വൈകുന്നേരത്തോടെ സ്വരാജ് റൗണ്ടിലേക്ക് പ്രവേശിക്കുന്നു. തൃശ്ശൂർ വടക്കുംനാഥൻ ക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയിലുള്ള നടുവിലാൽ ഗണപതിയ്ക്കു മുന്നിൽ പുലികൾ തേങ്ങ ഉടയ്ക്കുന്ന അനുഷ്ഠാനവുമുണ്ട്.

ആദ്യകാലങ്ങളിൽ നാലോണപുലിക്കളിയ്ക്കു മുന്നോടിയായി, രണ്ടോ മൂന്നോ പുലികളുമായി ദേശക്കാർ തിരുവോണം മുതൽ 'പുലിവാൽ എഴുന്നള്ളിപ്പ്' എന്ന വിളംബര യാത്ര നടത്തുമായിരുന്നു.

## പുലിക്കളി സംഘങ്ങളും സർക്കാർ ധനസഹായങ്ങളും:

പ്രാദേശിക കൂട്ടായ്മകളുടെ പിൻബലത്തിൽ പുലികളും വാദ്യക്കാരുമായി ലളിതമായി നടന്നിരുന്ന പുലിക്കളി, ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തോടെയാണ് ഇന്നു കാണുന്ന വാഹനാധിഷ്ഠിത തെരുവുഘോഷയാത്രയുടെ രൂപത്തിലേക്ക് വളർന്നത്. ആദ്യകാലങ്ങളിൽ കുറഞ്ഞ ചെലവിൽ നടന്നിരുന്ന പുലിക്കളിക്ക്, ഇന്ന് 15 ലക്ഷം മുതൽ 25 ലക്ഷം രൂപ വരെയാണ് ഓരോ ദേശത്തിനും ശരാശരി ചെലവ് വരുന്നത്.

1962-ൽ സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക ഓണാഘോഷം ആരംഭിച്ചതോടെയാണ് നിശ്ചലദൃശ്യങ്ങൾ പുലിക്കളിയിൽ അവിഭാജ്യഘടകമായത്. റിവേഴ്സ് മൂവ്മെന്റിൽ സാവധാനത്തിൽ നീങ്ങുന്ന വലിയ ലോറികളിൽ ഇതിഹാസ കഥകൾ, പുരാണ സംഭവങ്ങൾ, വന്യജീവി സംരക്ഷണം തുടങ്ങിയ സാമൂഹിക വിഷയങ്ങൾ ഫ്ലോട്ടുകളായി അണിനിരത്തപ്പെടുന്നു. ലോറികളിൽ ഘടിപ്പിച്ച ആധുനിക ലൈറ്റിംഗും ശബ്ദസംവിധാനങ്ങളും ഇതിന് മാറ്റുകൂട്ടുന്നു. ഓരോ വർഷവും ശരാശരി ഒൻപതോ പത്തോ സംഘങ്ങൾ പങ്കെടുക്കുന്ന ഈ ആഘോഷത്തിൽ അഞ്ഞൂറിലധികം വേഷക്കാരും നിരവധി സംഘാടകരും പങ്കാളികളാകുന്നു.

സർക്കാർ ഇന്ന് പുലിക്കളിക്ക് ഗ്രാന്റുകൾ നൽകുണ്ട്. ഇതിനായി ഓണത്തിന് ഏതാനും മാസങ്ങൾ മുൻപുതന്നെ തൃശ്ശൂർ കോർപ്പറേഷനിൽ സംഘങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. തൃശ്ശൂർ കോർപ്പറേഷനും സംസ്ഥാന ടൂറിസം വകുപ്പും കേന്ദ്ര ടൂറിസം മന്ത്രാലയവും ധനസഹായങ്ങൾ നൽകുന്നു. അതിനു പുറമെ, ഓരോ സംഘങ്ങളും ജനകീയ ഫണ്ട് ശേഖരണവും നടത്തുന്നു.

കഴിഞ്ഞ കുറച്ചു വർഷങ്ങളായി കോർപ്പറേഷൻ തലത്തിൽ പുലിക്കളി മത്സരവും ഏർപ്പെടുത്തിയിട്ടുണ്ട്. മികച്ച പുലിസംഘങ്ങൾ, മികച്ച നിശ്ചലദൃശ്യം, മികച്ച വാദ്യമേളം തുടങ്ങിയ വിഭാഗങ്ങളിൽ പ്രൈസ് മണിയും എവർറോളിംഗ് ട്രോഫിയും നൽകിപ്പോരുന്നു. പ്രകടനത്തിനു ശേഷം ശരീരത്തിലെ പെയിന്റ് കഴുകിക്കളയാൻ ആവശ്യമായ മണ്ണെണ്ണയും മറ്റു സൗകര്യങ്ങളും കോർപ്പറേഷൻ നൽകുന്നു.

പൂത്തോൾ, നായ്ക്കനാൽ, പാട്ടുരായ്ക്കൽ, കുട്ടൻകുളങ്ങര, പൂങ്കുന്നം, ചക്കാമുക്ക്, സീതാറാം മിൽ, ശങ്കരംകുളങ്ങര, കാനാട്ടുകര, പടിഞ്ഞാറേക്കോട്ട, കോട്ടപ്പുറം, അയ്യന്തോൾ, വെളിയന്നൂർ, ചെമ്പുക്കാവ്, വിയ്യൂർ, വടൂക്കര, ഒളരി, കിഴക്കുംപാട്ടുകര, തൃക്കുമാരകുടം, കൊക്കാല, പെരിങ്ങാവ്, മൈലിപ്പാടം, ശക്തൻ പുലിക്കളി സംഘം, ശങ്കരയ്യ റോഡ് തുടങ്ങിയവയാണ് തൃശ്ശൂരിലെ പ്രധാന പുലിക്കളി 'ദേശങ്ങൾ'. സാമ്പത്തിക പ്രതിസന്ധികൾ കാരണം ഇതിൽ ചില ദേശങ്ങൾ പിൽക്കാലത്ത് പിൻവാങ്ങുകയുണ്ടായി. എങ്കിലും സജീവമായ പുലിക്കളിദേശങ്ങൾ മാസങ്ങൾ നീണ്ട തയ്യാറെടുപ്പുകളോടെയാണ് തങ്ങളുടെ പുലികളെ സ്വരാജ് റൗണ്ടിലേക്ക് ഇറക്കുന്നത്.

ഓൺലൈൻ വായനയ്ക്ക്:

മിനികഥ നസീറ അബ്ദുൽ മജീദ്

ബാലസാഹിത്യം





ഓൺലൈൻ വായനയ്ക്ക്:

# ഒരു ഹാജർ മറിമായം

ദിയയും ജിനുവും മാരിയും സഹലയും ക്ലാസിലെ പിൻബെഞ്ചിലെ സ്ഥിരം കൂട്ടുകാരായിരുന്നു. അന്ന് കാലത്ത് സ്കൂളിൽ അസംബ്ലിക്കുള്ള ബെല്ല് മുഴങ്ങി: 'ടിങ്.. ടിങ്.. ടിങ്..'

അസംബ്ലി നിരയിൽ സഹലയില്ല. അസംബ്ലി പിരിഞ്ഞതും കുട്ടികളെല്ലാം ക്ലാസുകളിലേക്ക് ഓടിക്കയറി. ദിയയും ജിനുവും മാരിയും പക്ഷേ, പതുക്കെ നടന്നാണ് ക്ലാസിലെത്തിയത്. അവർ ബെഞ്ചിൽ ഇരുന്നതും ക്ലാസ് ടീച്ചർ എത്തി.

ടീച്ചർ ഹാജർ വിളിക്കാൻ തുടങ്ങി. മുഖമുയർത്തി നോക്കാതെ ഹാജർ വിളിച്ചുകൊണ്ടിരിക്കുന്ന ശീലമാണ് ടീച്ചർക്ക്. പേര് വിളിച്ചയുടനെ 'ഹാജർ ടീച്ചർ' കേട്ടില്ലെങ്കിൽ മുഖമുയർത്തി, കണ്ണട ഇടതുകൈകൊണ്ട് ചെറുതായി ഉയർത്തിത്താഴ്ത്തി ഒരുവട്ടം കൂടി വിളിക്കും.

മൂന്നുപേരുടെയും ഹാജർവിളി കഴി ഞ്ഞ്, സഹലയുടെ ഊഴം അടുത്തെത്താറായി. സഹലയെ കാണുന്നില്ല. മൂവരും പരസ്പരം നോക്കാൻ തുടങ്ങി. അപ്പോഴേക്കും, പ്രതീക്ഷിച്ചിരുന്ന ആ 'വിളി'യെത്തി:

"സഹല.."

"ഹാജർ ടീച്ചർ..."

ദിയയും മാരിയും തങ്ങളുടെ നടുവിലിരിക്കുന്ന ജിനുവിനെ നോക്കി. ജിനു അവരെ നോക്കി കണ്ണിറുക്കി ചിരിച്ചു. അങ്ങേവശത്തെ പിൻബെഞ്ചിലെ കുട്ടികൾ അർത്ഥഗർഭമായി മൂവരെയും നോക്കി തമാശയോടെ ഗോഷ്ഠികൾ കാണിച്ചു. ഈ സമയം ടീച്ചറുടെ ഹാജറെടുപ്പ് തീരാറായിരുന്നു. അപ്പോഴാണ് വാതിൽക്കൽ നിന്ന് ആ ശബ്ദം കേട്ടത്:

'ടീച്ചർ...'

'യേസ്..' എന്നും പറഞ്ഞ്, ടീച്ചർ വാതിൽക്കലിലേക്ക് നോക്കി. കുട്ടികളുടെ നോട്ടവും അങ്ങോട്ടായി. ചില കുട്ടികൾ പൊട്ടിച്ചിരിച്ചു. സഹല അവിടെ നിൽക്കുന്നു...!

ക്ലാസ് തുടങ്ങി കുറച്ചുനേരം കഴിഞ്ഞപ്പോൾ, പ്രധാനാധ്യാപകന്റെ ചൂരലും വീശിയുള്ള പതിവു നടത്തത്തിന്റെ നിഴൽവെട്ടം വരാന്തയുടെ അങ്ങേ അറ്റത്തു കണ്ടതും ദിയയും ജിനുവും മാരിയും ഒരേസമയം ആത്മഗതം ചെയ്തു: 'പെട്ടു...'

ഈ സമയം ക്ലാസിനുള്ളിൽ, ടീച്ചർ പഠിപ്പിച്ചുകൊണ്ടിരുന്നത് എഴുതിയെടുത്തുകൊണ്ടിരിക്കുകയായിരുന്നു സഹല..!



ആതിര

കഥയുടെ ശബ്ദാഖ്യാനം:

ഓൺലൈൻ വായനയ്ക്ക്:

## കുഞ്ഞമ്മാവൻ | എഐ കാർട്ടൂൺ



### മാവേലിക്ക് സ്നേഹപൂർവ്വം കാറ്ററിംഗ് തിരുവോണസദ്യ




ഓൺലൈൻ
വായനയ്ക്ക്:

Kriz digital.

WE BUILD
YOUR ONLINE
IDENTITY

PROFESSIONAL

# WEBSITES FOR YOUR BUSINESS

Get a modern, fast and mobile-friendly website that helps you grow.




GET YOUR WEBSITE →

+91 8921885849

Responsive Design | SEO Ready | Secure Hosting | Easy Management

KRIZ DIGITAL — digital.krizind.com



Onam edition- 2026, a non- paid circulation of Prathibhavam online periodical edited by Sathish Kalathil for Kriz solutions, Thrissur, Kerala, India- 680 011